
2022 OCTOBER
VOL 21
ISSUE 10
PAGE 48
PRICE ₹50

# കെയ്റോസ്




JESUS YOUTH
A MISSIONARY MOVEMENT AT THE SERVICE OF THE CHURCH

www.jykairosmedia.org




'Father Damien' The bronze statue in front of the Hawai State Capitol by artist Marisol Escobar (1930-2016)

**ഫാദർ ഡാമിയൻ**
**(St. Damien of Molokai)**
**തിരുനാൾ: മേയ് 10**

'കോൺഗ്രിഗേഷൻ ഓഫ് ദ സേക്രഡ് ഹാർട്ട് ഓഫ് ജീസസ് ആൻഡ് മേരി' എന്ന സന്യാസ സഭയിൽ അംഗമായിരുന്ന ഫാദർ ഡാമിയൻ ഹവായിയിലെ മൊളോകായ് ദ്വീപിലെ കുഷ്ഠരോഗികളുടെ ആശ്വാസമായിരുന്നു. കേവലമൊരു വൈദികൻ മാത്രമായിരുന്നില്ല, അദ്ദേഹമവരുടെ വൃണങ്ങൾ കഴുകി കെട്ടുകയും, വീടു നിർമിച്ചുകൊടുക്കുകയും, കിടക്കയൊരുക്കികൊടുക്കുകയും ചെയ്തിരുന്നു. മരിച്ചവരെ സംസ്കരിക്കുന്നതിനു വേണ്ടി ശവപ്പെട്ടികൾ ഉണ്ടാക്കുന്നതും, കുഴി വെട്ടുന്നതുപോലും ഫാദർ ഡാമിയനായിരുന്നു. 2009 ഒക്ടോബർ 11ന് ബെനഡിക്ട് പതിനാറാമൻ പാപ്പ വിശുദ്ധയായി പ്രഖ്യാപിച്ചു.





# എഡിറ്റേഴ്സ് റൂം

അഡ്വ. കെ.ജെ. ജോൺസൺ

## "Are you in the presence of God?"

മദർ തെരേസയോടൊപ്പം പ്രഭാതഭക്ഷണം കഴിക്കാനുള്ള സിസ്റ്റർ മേരി ജോസഫിന്റെ ഊഴം അന്നായിരുന്നു. പ്രാതലിനു മുമ്പായുള്ള ഒരുക്കത്തിനിടയിൽ കൈ തെറ്റി പാത്രങ്ങൾ താഴെ വീണു. മദർ തെരേസ ഒന്നും പറഞ്ഞില്ലെങ്കിലും കൂടെയുണ്ടായിരുന്ന സിസ്റ്റേഴ്സ് ഈർഷ്യയോടെ സി. മേരി ജോസഫിനെ നോക്കി. പ്രതലം തൂത്തുവാരിയ ശേഷം ഭക്ഷണത്തിനിരുന്നപ്പോൾ, ജൂനിയർ സിസ്റ്ററായിരുന്ന മേരി ജോസഫിനോടു മദർ തെരേസ ചോദിച്ചു: “Sister, are you in the presence of God.” ശാന്തതയോടെയുള്ള ഈ ചോദ്യം സി. മേരി ജോസഫിനെ ചിന്തിപ്പിച്ചു. ചെറിയ കാര്യങ്ങളിൽ പോലും ദൈവ ത്തിന്റെ സാന്നിധ്യമുണ്ടെന്ന അവബോധത്തിൽ ജീവിച്ച സി. മേരി ജോസഫ് വർഷങ്ങൾക്കു ശേഷം മദർ തെരേസയുടെ പിൻഗാമിയായി തിരഞ്ഞെടുക്കപ്പെട്ടു.




എനിക്കു കാണപ്പെടാത്ത എന്നാൽ, എന്റെ എല്ലാ കാര്യങ്ങളും കാണുന്ന, എന്റെ നന്മക്കു വേണ്ടി നിലകൊള്ളുന്ന, എന്റെ ജീവിതത്തിൽ നിരന്തരം ഇടപെടുന്ന ഏക ദൈവത്തിൽ ആശ്രയിക്കാനും വിശ്വസിക്കാനുമുള്ള കരുത്താണ് ആത്മീയത എന്നു പറയാം.

‘Presence’ എന്ന പദത്തിനു പകരം ഉപയോഗിക്കുന്ന ഹീബ്രു പദമാണ് Panim. മുഖമെന്നാണർഥം. ദൈവത്തിന്റെ മുഖം ദർശിക്കുക എന്നാണ് വിവക്ഷ. ഏതൊരു പ്രവൃത്തികളിലും ദൈവത്തിന്റെ മുഖം ദർശിക്കുകയാണ് ക്രൈസ്തവന്റെ കർത്തവ്യം. മരണാസന്നരായ രോഗികളെ പരിചരിക്കുമ്പോൾ ദർശിക്കുന്ന ക്രിസ്തുവിന്റെ മുഖത്തെപ്പറ്റി മദർ തെരേസ പലവട്ടം സൂചിപ്പിട്ടുണ്ട്.

കടൽത്തീരത്ത് കളിക്കുന്ന കുഞ്ഞുങ്ങളെ നിരീക്ഷിച്ചാൽ മനസ്സിലാകും ദൈവത്തിന്റെ സാന്നിധ്യ അവബോധത്തെക്കുറിച്ച്. മാതാപിതാക്കളുടെ ചുറ്റുവട്ടത്തിലാണ് അവർ കളിക്കുക. കടലിൽ ഇറങ്ങാൻ നേരം പിതാവിന്റെ കൈ പിടിച്ചുവലിച്ച് അവർ പോകും. അപകടം പതിയിരിക്കുന്ന ഇടങ്ങളിൽ അവർക്കു സംരക്ഷണം മാതാപിതാക്കൾ നൽകുമെന്നാണ് അവർ കരുതുന്നത്. ജീവിക്കുന്ന ഇടങ്ങളിൽ ദൈവത്തിന്റെ ഇടപെടൽ തിരിച്ചറിയാൻ ശ്രമിക്കുക. ചെയ്യുന്ന ഓരോ പ്രവൃത്തികളിലും ദൈവിക സാന്നിധ്യം കണ്ടെത്തുകയെന്നത് നമ്മുടെ ജീവിതത്തെ ലളിതവും സുന്ദരവുമാക്കും.

മനുഷ്യന്റെ അന്തരംഗം തിന്മയിലേക്കു ചാഞ്ഞിരിക്കുന്നു. എന്നാൽ, ദൈവത്തിന്റെ സാന്നിധ്യം അവയെ പ്രകാശപൂരിതമാക്കുന്നു. ഒരു സുഹൃത്ത് പറഞ്ഞ കാര്യം ഓർക്കുന്നു. ശരിയല്ലാത്ത ഒരു കാര്യം ചെയ്യുവാൻ ചിന്തിച്ച സമയം പെട്ടെന്ന് ദൈവം ഇതെല്ലാം കാണുന്നുണ്ടെന്ന ചിന്ത അവന്റെ മനസ്സിനെ മഥിച്ചു. തെറ്റിൽ നിന്നും ഒഴിഞ്ഞു മാറാൻ അതവനെ സഹായിച്ചു. ചില സമയങ്ങളിൽ പുറകിൽ നിന്ന് ഒരു സ്വരം നമുക്കു കേൾക്കാം. ഇതാണ് വഴി, ഇതിലെ പോകുക.

പ്രാർഥനാവേളകളിലും വചനം വായിക്കുമ്പോഴും പാട്ടുകേൾക്കുമ്പോഴും മാത്രമല്ല, തിരക്കേറിയ ജീവിതത്തിനിടയിൽ ശാന്തമായി ഇരിക്കുമ്പോഴുമൊക്കെ ദൈവസാന്നിധ്യം നമുക്കനുഭവവേദ്യമാകും. ദൈവത്തിന്റെ മുഖം ദർശിക്കുവാൻ ശ്രമിക്കുമ്പോൾ തിന്മയിൽ നിന്നുള്ള രക്ഷ മാത്രമല്ല നന്മയെ വഹിക്കാനുള്ള കരുത്തുകൂടി സംജാതമാകുന്നു.



എഡിറ്റർ-ഇൻ-ചീഫ്
jjadvocatesjy@gmail.com

ഉള്ളടക്കം





**06**
**സ്ത്രൈണ നിശ്ശബ്ദതയിലെ വാചാലതകൾ**
മാർട്ടിൻ എൻ. ആന്റണി

**10**
**സന്തോഷ നിറവിൽ ഒന്നിച്ചൊരു യാത്ര**
ഡോ. എഡ്‌വേർഡ് എടേഴത്ത്

**13**
**സത്യത്തിൽ നിങ്ങൾ സ്നേഹത്തിലാണോ ?**
ബാബു ജോൺ

**18**
**വിശേഷാൽ വഹിക്കേണ്ടുന്ന വിളിയിലെ പൊരുൾ തേടുമ്പോൾ**
എൽസീന ജോസഫ്

**22**
**കലയുടെ പറുദീസ**
മെറിൻ ജോസഫൈൻ എ

**26**
**എന്റെ ആദ്യ വിമാനയാത്ര**
ഡോ. ജോ ജോസഫ്

**30**
**പുതുജീവിതത്തിലേക്ക്**
ടോണി ചിറ്റടിയിൽ

**32**
**അവൾ പറയാൻ ബാക്കി വച്ചത്**
സുജമോൾ ജോസ്

**34**
**ന്യൂസ് ഹൈലൈറ്റ്സ്**
സണ്ണി കോക്കാപ്പിള്ളിൽ

**36**
**ജീസസ് യൂത്ത് പ്രതിമാസ വിചിന്തനം**

**38**
**സിനി ടോക്സ് - ആൽഫ**
സാജൻ സി.എ.

**40**
**ടീൻസ്പിരിറ്റ്/ചർച്ച് & സയൻസ്**
ജൂഹി എൽസ് ജി. & സിന്റോ വി. വർഗീസ്

**42**
**വാർത്താവിചാരം**
സണ്ണി കോക്കാപ്പിള്ളിൽ

**44**
**സ്മാർട്ട് കിഡ്സ്**
വെങ്കി & ജോസഫ് കരമനശ്ശേരി

**46**
**ചിരിയും ചിന്തയും**
ജോയ്സ് കെ. ജോസ്



**കെയ്റോസ്** KAIROS • 2022 OCTOBER • VOL 21 • ISSUE 10 • PAGE 48

Bp. Mar Raphael Thattil
*(Ecclesiastical Advisor, Jesus Youth International)*

**Patrons**
His Beatitude Baselios Cardinal Cleemis
*(Patron, Jesus Youth International)*
His Grace Archbishop Christopher Charles Prowse
*(Patron, Jesus Youth International)*

**Spiritual Director**
Rev. Fr. Shoji Vechoorkarottu *(KJYC Animator)*

**Printer and Publisher**
Reji J. Karot 9447394142

**Executive Director**
John Sunny 9400686781 *(KJYC Coordinator)*

**Editor-in-Chief**
Adv. K.J. Johnson 9447245745

**Executive Editor**
Sajan C.A 9895711718 (kairosmag@jykairosmedia.org)

**Associate Editor**
Sunny Kokkappillil 9446890744

**Editorial Board**
Dr. Chackochan Njavallil 9447572513
Arun Antony 9447378547
Shaji Joseph 9895405631
Dr. Nycil Rajesh 9446123934
Joby Thomas 9995213936
Dr. Vineetha Joby 9447499439
Elseena Joseph 9497379891
Jinto John 9495630089
Alfred Wilson 8590834155
Ann Sebastian 7907203851
Chippy Theres Baby 9605895079

**Circulation Co-ordinator**
Anto L Puthur, Cochin, India +91 9605511644

**Associate Circulation Co-ordinators**
***Australia*** Mintu Vijoy, Melbourne +61 452 538 785
***Bahrain*** Neenu Maria Jibin +973 337 15472
***Bangladesh*** Tias Victor Palma +880 1717-152023
***Combodia*** Sophearong Ravy, Phnom Penh +855 96 426 5472
***Canada*** Joby Joseph Ontario +1 2899 686 074
***East Timor*** Sr. Julie Antony +670 77827618 +91 97447 32431
***Germany*** Anna Paul, Berlin +49 176 83495451
***India*** Austin Michael, Mangalore +91 8277405251
***Ireland*** Suresh V Joy +353 87 963 0904
***Israel*** Jaison K Thattil, Tel Aviv +972 55 9974339
***Italy*** Anoop P Varghese +39 3884256258
***Kuwait*** Rajeev J Chacko, Ahmadi +965 66388310
***Malaysia*** Sweety Kamala Prasad +60 162568139
***Netherlands*** Jojo Varghese, Utrecht +31 684974552
***New Zealand*** Derick Daniel, Auckland +642 9127 0650
***Oman*** Jino Joy Ghala +968 953 84654
***Pakistan*** Asif Emmanuel +92 3022534254
***Papua New Guniea*** Abin Michael +675 7479 4368
***Qatar*** Jijomon T C, Doha +974 3045 2347
***Singapore*** Savio Francies +65 9021 9798
***Srilanka*** Sonal Fernando +94 77 3818399
***Switzerland*** Anu Jose +41 799177100
***Thailand*** Vineeth Andrew +66 86 372 6601
***UAE*** Seejo, Dubai +971 502782383
***Uganda*** Mboowa Ronald +256 706844152
***UK*** Mathachen Maduckakuzhy +44 7969 365686
***USA*** Denny Joseph +1 (832) 640-3106

**Finance Manager**
Rani George +91 9446563335 finance@jykairosmedia.org

**Office** Smitha Jose: smitha.jose@jykairosmedia.org

**Mailing Address**
*INDIA:* 8/174, Navodaya Studio Complex, Thengode P.O, Kochi 682030, Kerala, India.
infoin@jykairosmedia.org +91 484 2984327

*USA:* Kairos International Inc., 3010 Mason Grove Ln, Pearland, TX 77584 USA
info@jykairosmedia.org +1 832 592 3675

www.jykairosmedia.org Facebook.com/Readkairos Twitter.com/kairosmalayalam

**Design:** Shaji Joseph Arakkal +91 98954 05631 arakkalshaji@gmail.com


കെയ്റോസ് മലയാളം / കെയ്റോസ് ഗ്ലോബൽ ലഭിക്കാൻ

Online (Malayalam) | Online (English) | Print (Malayalam, English, Buds)




കേരള സഭാനവീകരണത്തെ കുറിച്ചുള്ള ഫാ. ജോഷി, ജോബി ബേബി, അഭിലാഷ് എന്നിവരുടെ ആശയങ്ങൾ വളരെ സ്വീ കാര്യവും നല്ലതുമാണ്. സഭാ നവീകരണ പദ്ധതികൾ ആദ്യമായിട്ടല്ല ഇതിനുമുമ്പും നടത്തിയിട്ടുണ്ട്. അവയുടെയൊക്കെ ഔട്ട്പുട്ട് എന്തായിരുന്നുവെന്ന് ഇതുവ രെയും അറിഞ്ഞിട്ടില്ല. സഭാനവീകരണം മൂന്നുവർഷത്തെ പദ്ധതിയാണ്.

മയ്യാറ്റിലച്ചൻ എഴുതിയതും പറഞ്ഞതും ശരി തന്നെ. എന്നാൽ, പരിശുദ്ധാത്മാവിന്റെ പ്രവർത്തനം സഭാ നേതൃത്വത്തിലേക്ക് മാത്രമോ എന്ന തോന്നൽ ലേഖനത്തിലുണ്ട്. ഓരോ കുഞ്ഞു വിശ്വാസിയിലും പരിശു ദ്ധാത്മാവ് പ്രവർത്തിക്കുന്നുണ്ട്. അറിയുന്നി ല്ലെന്ന് മാത്രമേയുള്ളൂ മെത്രാന്മാരുടെ സർക്കുലറിൽ പ്രാർഥന, ജപമാല, ആരാധന, വിമല ഹൃദയ പ്രതിഷ്ഠയൊക്കെയാണ് പറഞ്ഞിരിക്കുന്നത്. എന്നാൽ, വിശ്വാസികൾ നിലവിൽ ഇതു ചെയ്തുകൊണ്ടിരിക്കുന്ന താണ്. ആവശ്യം വേണ്ടത് ഘടനാപരമായ തിന്മകൾ ഒഴിവാക്കുകയെന്നതാണ്. സഭാ സംവിധാനങ്ങളോട് ചേർന്നുനിൽക്കുന്ന അനാചാരങ്ങളും കീഴ്വഴക്കങ്ങളും നിയമ ങ്ങളും മൂലമുള്ള മാലിന്യങ്ങൾ ഒഴിവാക്കി യാലേ സഭയുടെ അടിസ്ഥാന കുറവുകളെ പരിഹരിക്കാനാവൂ. നവീകരിക്കപ്പെടേക്ക ണ്ടവർ വിശ്വാസികൾ മാത്രമല്ല, വൈദികരും മെത്രാന്മാരും സമർപ്പിതരും കൂടിയാണ്.

കേരള സഭാ നവീകരണം അടിത്തട്ടിൽ നിന്നല്ല മുകൾത്തട്ടിൽ നിന്ന് തുടങ്ങേണ്ടി യിരിക്കുന്നു.

*ഫാ. ലൂക്ക് പുതൃക്കയിൽ*

**കെയ്റോസിന് ബാങ്കുവഴി പണമടയ്ക്കുവാൻ:**

KAIROSE TRUST, A/c No. 14690200009621
IFSC- FDRL0001469 / FEDERAL BANK,
KAKKANAD, SEAPORT - AIRPORT ROAD

**ഓഫീസ് വിലാസം:**

കെയ്റോസ് മീഡിയ, 8/174, നവോദയ സ്റ്റുഡിയോ കോംപ്ലക്സ്, തെങ്ങോട് പി.ഒ. കാക്കനാട്, കൊച്ചി 682030
0484 2984327 94465 63335
kairosmag@jykairosmedia.org







മാർട്ടിൻ എൻ. ആന്റണി

# സ്ത്രൈണ നിശ്ശബ്ദതയിലെ വാചാലതകൾ

*ആ ഭാര്യക്ക് പിന്നീട് നിരീശ്വരവാദിയായ ഒരു ഭർത്താവിനെ കിട്ടി. അവൾ അയാളെ ഒരു ദൈവവിശ്വാസിയാക്കി. നോക്കുക, സ്ത്രീകൾ വിചാരിച്ചാൽ എന്തും സാധ്യമാണ്.*

നമ്മുടെയിടയിൽ അടിച്ചമർത്തലിന്റെ വേരുകൾ ആഴമായി ചൂഴ്ന്നിറങ്ങുന്നുണ്ടോയെന്ന് ആദ്യം തിരിച്ചറിയുന്നതും പ്രഖ്യാപിക്കുന്നതും സ്ത്രീകളായിരിക്കും എന്നു പറഞ്ഞത് How to Lose a Country എന്ന കൃതി എഴുതിയ ഏസെ തെമെൽകൂറാൻ (Ece Temelkuran) എന്ന തുർക്കി എഴുത്തുകാരിയാണ്. അതിനു സ്ത്രീകൾക്ക് കൊടുക്കേണ്ടി വരുന്ന വില സമൂഹത്തിൽ ഭ്രാന്തിയായി ചിത്രീകരിക്കപ്പെടുക എന്നതാണ്. നമ്മെ ഭരിക്കുന്നയാൾ ശക്തനായ മനുഷ്യനാണെന്ന മിഥ്യാധാരണ ഇതിനകം തന്നെ മതിയായ നാശനഷ്ടങ്ങൾ വരുത്തിക്കഴിയുമ്പോൾ അടുക്കളയിൽ നിന്നുകൊണ്ടു സ്ത്രീകൾ ചില തീരുമാനങ്ങൾ എടുക്കും. അത് ചരിത്രത്തിന്റെ വിളനിലങ്ങളിൽ വിപ്ലവത്തിന്റെ വിത്തുകൾ വിതയ്ക്കും. അങ്ങനെയാണ് ലേവി ഗോത്രത്തിൽപ്പെട്ട പേരില്ലാത്ത ഒരമ്മ കോമളനായ ഒരു പുത്രനെ പ്രസവിച്ച് മൂന്നുമാസത്തോളം രഹസ്യമായി വളർത്തിയത്. 'ഹെബ്രായർക്കു ജനിക്കുന്ന ആൺകുട്ടികളെയെല്ലാം നൈൽ നദിയിൽ എറിഞ്ഞു കളയുവിൻ' (പുറ 1, 22) എന്ന ഫറവോയുടെ കൽപനയ്ക്കു വിരുദ്ധമായ ഒരു പ്രവൃത്തി.

മരണ സംസ്കാരത്തിനെതിരെ ചരിത്രം രേഖപ്പെടുത്തിയ ആദ്യ പ്രതിഷേധമാണിത്. നൊമ്പരങ്ങളെ അടക്കിപ്പിടിച്ചു സ്നേഹത്തിന്റെ അടിത്തറയിൽ നിന്നുകൊണ്ടുള്ള നിശ്ശബ്ദമായ ഒരു പ്രതിഷേധം. സ്ത്രീസഹജമായ വിശ്വാസത്തിന്റെ തന്മയീഭാവമാണിത്. നദിയിലേക്ക് എറിഞ്ഞു കളയേണ്ട ജീവനെ രക്ഷിക്കാൻ ശ്രമിച്ചതിനുശേഷം നിവൃത്തിയില്ലാതെവരുന്ന ഒരു ഘട്ടത്തിൽ ഞാങ്ങണ കൊണ്ടുണ്ടാക്കിയ ഒരു പേടകത്തിൽ ഒഴുക്കിവിടുന്ന അമ്മ, തോറ്റു പോകുന്ന ഒരു സ്ത്രീ കഥാപാത്രമല്ല, തനിക്ക് അസാധ്യമായത് എല്ലാം കാണുന്നവന് സാധിക്കുമെന്ന പ്രത്യാശയുടെ പ്രതിബിംബമാണ്.






പുറപ്പാട് പുസ്തകം രണ്ടാം അധ്യായത്തിൽ കാഴ്ച ഒരു വിഷയം തന്നെയാണ്. നൈൽ നദിയിലൂടെ ഒഴുകി പോകുന്ന ആ കുഞ്ഞിന് എന്തു സംഭവിക്കുമെന്നറിയാൻ നോക്കി നിൽക്കുന്ന ഒരു പെൺകുട്ടിയുടെ ചിത്രം അവിടെയുണ്ട്. ആ കുഞ്ഞിന്റെ സഹോദരി യാണവൾ. അവളുടെ നോട്ടം മുഴുവനും ആ പേടകത്തിലാണ്. നോഹയുടെ പെട്ടകത്തെ ദൈവം നിരീക്ഷിച്ചതുപോലെ, അവൾ തന്റെ സഹോദരന്റെ പേടകത്തെ ഉറ്റുനോക്കുകയാണ്. ഒരേ പദമാണ് പേടക ത്തിനും പെട്ടകത്തിനും വിശുദ്ധഗ്രന്ഥം ഉപ യോഗിച്ചിരിക്കുന്നത്; 'തേവ' എന്ന ഹീബ്രു പദം. അപ്പോൾ അതൊരു യാദൃച്ഛികതയല്ല. തിന്മയുടെ കുത്തൊഴുക്കുകളിൽ ആടിയുല യുന്ന മനുഷ്യജീവനുകൾ ആർദ്രനേത്രങ്ങ ളാൽ സൂക്ഷ്മമായി നിരീക്ഷിക്കപ്പെടുന്നുണ്ട് എന്നതും ഒരു ആശ്വാസമാണ്.

പുതുജന്മങ്ങൾ ഇനി ഉണ്ടാകാതിരിക്കാൻ വേണ്ടി ഫറവോ കണ്ടെത്തിയ ഒരു ഉപാധി യാണ് പുരുഷന്മാരെ കൊണ്ട് അധികജോലി ചെയ്യിപ്പിക്കുകയും ആൺകുട്ടികളെ പ്രസവ സമയത്ത് തന്നെ വധിക്കുകയെന്നതും. തൊഴിലിനെയും പ്രസവത്തെയും അയാൾ അങ്ങനെ മരണത്തിന്റെ സംഖ്യകക്ഷിക ളാക്കി. ജീവന്റെ പര്യായമാണ് തൊഴിലും പ്രസവവും. അവയെ മരണത്തിന്റെ വാതി ലാക്കി മാറ്റുന്ന ഫറവോമാർ ചരിത്രത്തിൽ എപ്പോഴും ഉണ്ടായിട്ടുണ്ട്. ഹിറ്റ്ലറുടെ കോൺസെൻട്രേഷൻ ക്യാമ്പും സ്റ്റാലിന്റെ സൈബീരിയൻ തടവറയും ചില ഉദാഹരണ ങ്ങൾ മാത്രമാണ്. നിർബന്ധിത തൊഴിലിൽ നിന്നും രക്ഷപ്പെടുകയെന്നത് ബുദ്ധിമുട്ടുള്ള കാര്യമാണ്, എങ്കിൽത്തന്നെ അവിടെയും ജീവന്റെ നിലപാട് എടുക്കാൻ നമുക്ക് സാധിക്കുമെന്നതിന്റെ തെളിവാണ് പുറപ്പാട് പുസ്തകത്തിലെ ആദ്യത്തെ താളുകളിലെ സ്ത്രീ കഥാപാത്രങ്ങൾ.

മരണസംസ്കാരം ഭർത്താക്കന്മാരെയും പിതാക്കന്മാരെയും കാർന്നെടുക്കുമ്പോൾ, അവർ നിസ്സഹായരായ കാഴ്ചക്കാരായി മാറുമ്പോൾ, ജീവൻ സംരക്ഷിക്കുന്ന കാര്യ ത്തിൽ സ്ത്രീകളുടെയിടയിൽ അതിശയകര മായ ഒരു സഖ്യം രൂപപ്പെടും എന്നതിന്റെ നേർക്കാഴ്ചയാണ് ഈ സ്ത്രീകഥാപാത്ര ങ്ങൾ. ആദ്യം സൂതികർമിണികൾ ജീവൻ നിലനിറുത്താൻ മനഃസാക്ഷിയുടെ സ്വരം ശ്രവിക്കുന്നു, ലേവി ഗോത്രത്തിലെ പേരി ല്ലാത്ത അമ്മ തന്റെ കുഞ്ഞിനെ സംരക്ഷി ക്കാൻ എല്ലാ ശ്രമവും നടത്തുന്നു, ഒരു പെൺകുട്ടി പേടകത്തിൽ ഒഴുകുന്ന കുഞ്ഞിനെ ഉറ്റുനോക്കുന്നു, ഫറവോയുടെ മകൾക്ക് ആ കുഞ്ഞിനോട് അനുകമ്പ തോന്നുന്നു, എന്നിട്ട് ആ കുഞ്ഞിനെ വളർത്താൻ വേതനം നൽകുന്നു. കുഞ്ഞു ങ്ങളെ കൊല്ലാൻ വേതനം നൽകിയ ഫറവോയ്ക്ക് വിപരീതമായി അയാളുടെ മകൾ ഒരു കുഞ്ഞിനെ വളർത്താൻ വേതനം നൽകുന്നു. ഇങ്ങനെയാണ് ദൈവം ചരിത്ര ത്തിൽ ഇടപെടുക; ശുദ്ധമായ മനഃസാക്ഷി യുള്ളവരുടെ കരങ്ങളിലൂടെയും കണ്ണുകളി ലൂടെയും.

സ്ത്രീപക്ഷ ദൈവശാസ്ത്രജ്ഞയായ ഓഡ ഷ്നെയ്ഡർ (Oda Schneider) The Power of Woman എന്ന തന്റെ കൃതിയിൽ ഒരു കഥ പറയുന്നുണ്ട്. ഒരിടത്ത് ദൈവഭക്തിയുള്ള ഒരു ഭാര്യയും ഭർത്താവും ഉണ്ടായിരുന്നു. പക്ഷേ, അവർക്ക് മക്കളില്ലായിരുന്നു. ഒരിക്കൽ അവർ പറഞ്ഞു: 'ദൈവത്തിന്റെ മുമ്പിൽ ഉപയോഗശൂന്യരാണ് നമ്മൾ, അതു കൊണ്ട് നമുക്ക് വേർപിരിയാം'. അങ്ങനെ അവർ വേർപിരിഞ്ഞു. ആ ഭർത്താവിന് പിന്നീട് ദൈവഭക്തി ഒട്ടുമില്ലാത്ത ഒരു ഭാര്യയെ കിട്ടി. അവൾ അയാളെ ഒരു നിരീശ്വരവാദിയാക്കി. ആ ഭാര്യക്ക് പിന്നീട് നിരീശ്വരവാദിയായ ഒരു ഭർത്താവിനെ കിട്ടി. അവൾ അയാളെ ഒരു ദൈവവിശ്വാ സിയാക്കി. നോക്കുക, സ്ത്രീകൾ വിചാരിച്ചാൽ എന്തും സാധ്യമാണ്.

ജൈവിക ഊർജമാണ് സ്ത്രീകളുടെ തനിമ. അതുതന്നെയാണ് അവരുടെ ശക്തിയും. പുറപ്പാട് പുസ്തകത്തിന്റെ ആദ്യതാളുകൾ ഈ ജൈവിക ഊർജത്തിന്റെ പ്രഘോഷണ മാണ്. അവരുടെ നിലപാടുകളിലൂടെയും തീരുമാനങ്ങളിലൂടെയുമാണ് ദൈവം പുതിയൊരു ചരിത്രത്തിന് തറക്കല്ലിടുന്നത്. അവഗണിക്കപ്പെടേണ്ട സ്വരങ്ങളല്ല സ്ത്രൈ ണസ്വരങ്ങളെന്ന സന്ദേശം വരികൾ പകർന്നു നൽകുന്നുണ്ട്. അതുപോലെതന്നെ, സ്ത്രീകളുടെ നിശ്ശബ്ദതയിൽ പ്രവൃത്തിക ളുടെ വാചാലതയുണ്ട്. ആ വാചാലതയിൽ ജീവന്റെ തന്മാത്രകൾ ധാരാളം അടങ്ങിയി ട്ടുമുണ്ട്. ആ തന്മാത്രകളാണ് പിന്നീട് ജീവകോശമായി രക്ഷയുടെ സാന്നിധ്യമായി മണ്ണിൽ അവതരിക്കുന്നത് II




Subscribe!
to the best Catholic magazine for children!

To purchase
scan QR code or visit:
www.jykairosmedia.org/
kairosbuds

എഡ്യുസ്പീക്കിങ്



ഡോ. എഡ്വേർഡ് എടേഴത്ത്

# സന്തോഷ നിറവിൽ ഒന്നിച്ചൊരു യാത്ര

## അതാണ് ജെ.വൈ. സ്പിരിറ്റ്



## ജീസസ് യൂത്തും സിനഡൽ പാതയും


ഏറെ വർഷങ്ങൾക്ക് മുമ്പു നടന്ന ഒരു ജെ-വൈ ടീൻസ് നേതൃ പരിശീലനം ഓർക്കുന്നു. എനിക്ക് നൽകിയ വിഷയം 'യേശുവിനൊപ്പം ഒരു പുതിയ ജീവിതശൈലി'. "ഗ്രൂപ്പ് ഒന്നിച്ച് നടന്നുവേണം വിഷയം അവതരിപ്പിക്കാൻ" ചാക്കോച്ചൻ നേരത്തേതന്നെ നിർദേശം തന്നു.



"വരണ്ട നദീതടത്തിലൂടെ നടന്ന് നമ്മൾ മല കയറും. നമ്മൾ യാത്ര ചെയ്യുമ്പോൾ സംസാരിക്കണം. ഇടയ്ക്ക് വേണമെങ്കിൽ വഴിയിലെ പാറയിൽ ഇരിക്കാം, ചുറ്റും കൂടി ചർച്ചയുമാകാം" ഏതായാലും ആ ക്ലാസ്സ് ഏറെ രസകരവും അവിസ്മരണീയവുമായി. ഒന്നോർത്താൽ ജീസസ് യൂത്ത് ശൈലി എന്താകണം എന്നതിൻെറ ഒരു ഉപമ പോലെയായി അത്. 'ഒരുമിച്ചുള്ള യാത്ര, പരസ്പര സംഭാഷണം - ദൗത്യ നിർവഹണം.'

### എന്താണ് സിനഡൽ രീതി?

സമീപകാലത്ത്, സഭ ഒരു അസാധാരണ കാൽവയ്പ് നടത്തുകയാണ്, സിനഡാലിറ്റിയെക്കുറിച്ചുള്ള സിനഡ് എന്നപേരിൽ പരസ്പരം കേൾക്കുകയും ചർച്ചയിൽ ഏർപ്പെടുകയും ചെയ്യുന്ന ഒരു ദ്വിവർഷ പ്രക്രിയ ഫ്രാൻസിസ് മാർപാപ്പ പ്രഖ്യാപിച്ചിരിക്കുന്നു. സിനഡുകളെക്കുറിച്ച് നമ്മൾ കേട്ടിട്ടുണ്ട്, എന്നാൽ 'സിനഡാലിറ്റി' അല്ലെങ്കിൽ സിനഡൽ രീതി എന്ന പ്രയോഗം നമുക്ക് വിചിത്രമായി തോന്നാം.



ദൈവജനമെന്ന നിലയിൽ ഒരുമിച്ചുള്ള യാത്രയാണ് സിനഡാലിറ്റി. രണ്ട് ഗ്രീക്ക് പദങ്ങളിൽ നിന്നാണത്, 'സീൻ' ഒരുമിച്ച്, 'ഓദോസ്' വഴി/യാത്ര, അങ്ങനെ, സിനഡ് - ഒരുമിച്ചുള്ള യാത്ര. ദൈവം നമ്മോട് സംസാരിക്കുന്നത് തിരിച്ചറിയാൻ സഭാംഗങ്ങളെ ഓരോരുത്തരെയും ശ്രദ്ധിക്കുകയും അങ്ങനെ പൊതു ദൗത്യത്തിലേയ്ക്ക് മുന്നേറുകയും ചെയ്യുന്ന രീതി. ഓരോ വ്യക്തിയേയും ഉണർത്തുകയും കൂട്ടായ്മയിൽ വളർത്തുകയും ദൈവരാജ്യ പ്രവർത്തനത്തിലേയ്ക്ക് നയിക്കുകയും ചെയ്യുന്ന ദൈവാത്മ പ്രവർത്തനത്തിൻെറ സൂചനമാണ് സിനഡാലിറ്റി.

### അടിസ്ഥാന ജെ.വൈ. ശൈലി

മുന്നേറ്റത്തെ പരിചയപ്പെടുമ്പോൾ ചിലരെങ്കിലും ചോദിക്കുന്ന ഒരു കാര്യമുണ്ട്, "ഗ്രൂപ്പിൽ ഇത്രയധികം പേർ എങ്ങനെ ഏറെ തീക്ഷ്ണമതികളും മിഷണറി ചൈതന്യമുള്ളവരും ആയിത്തീരുന്നു?" മറുപടിയായി ദൈവാത്മ പ്രവർത്തനത്തോടുള്ള തുറവിയോടെ വന്നുചേരുന്ന വലിയ മാറ്റമാണിത് എന്ന് ഞാൻ സൂചിപ്പിക്കാറുണ്ട്. തീർച്ചയായും അതിൻെറ തുടർച്ചയായി നാം ചർച്ച ചെയ്യേണ്ടത് ജീസസ് യൂത്തിലുള്ള സിനഡാത്മക രീതിയെക്കുറിച്ച് കൂടെയാണ്. ഞങ്ങളുടെ സബ് സോണിലെ യൂത്ത് കുടുംബങ്ങൾ ഈയിടെ ഒത്തുകൂടി. ഓരോ കുടുംബവും സ്വയം പരിചയപ്പെടുത്തുകയും മറ്റുള്ളവർ അവരുടെ നല്ല പ്രവർത്തനങ്ങളെപ്പറ്റി കൂട്ടിച്ചേർക്കുകയും ചെയ്തുകൊണ്ടാണ് ഒത്തുചേരൽ ആരംഭിച്ചത്. ആഹ്ലാദകരമായ ആശയവിനിമയത്തിന്റെ ഉജ്ജ്വല സമയമായി അത് മാറി. പിന്നെ ജിബ്സനും ലിന്റനും പാട്ടുകൾ പഠിപ്പിച്ചും സ്തുതികൾ പങ്കുവച്ചും ഞങ്ങളെ പ്രാർഥനയിൽ നയിച്ചു. തുടർന്ന് എല്ലാവരും അവരവരുടെ ജീവിത സാഹചര്യങ്ങളിൽ അവർ ചെയ്യുന്ന ദൗത്യ സംരംഭങ്ങളെക്കുറിച്ച് പങ്കുവച്ചു. അവയെല്ലാം ലളിതമെങ്കിലും ഇടുറ്റ നന്മയുടെയും സ്നേഹ ബന്ധങ്ങളുടെയും ക്രിയാത്മക കാൽവയ്പുകളായിരുന്നു. സഹപ്രവർത്തകർ, അയൽക്കാർ, കുടുംബാംഗങ്ങൾ എന്നിവർക്കെല്ലാം മാർഗനിർദേശവും, സഹായവും, പിന്തുണയും ഒക്കെ നൽകുന്ന വൈവിധ്യമാർന്ന സംരംഭങ്ങൾ. എല്ലാവരും വളരെ ആവേശത്തോടെ സംസാരിച്ചു, എല്ലാവരിൽ നിന്നും ഒരുപാട് പഠിക്കാനുമുണ്ടായിരുന്നു.

**ഈ ചെറിയവരെ ആദരവോടെ ശ്രവിക്കുന്നത് ആത്മാവിന്റെ യഥാർഥ പ്രേരണകൾ കേൾക്കാനും ദൗത്യത്തിലേക്ക് കാര്യക്ഷമമായി നീങ്ങാനുമുള്ള സുനിശ്ചിത പാതയാണ്.**

ഈ ചടുലത മിക്ക ജീസസ് യൂത്ത് കൂട്ടായ്മകളിലും കാണാനായിട്ടുണ്ട്. ഇതിനെയല്ലേ ഫ്രാൻസിസ് മാർപാപ്പ സിനഡൽ ശൈലിയെന്ന് വിശേഷിപ്പിക്കുന്നത്? മൂന്ന് ഘടകങ്ങളാണ് സഭ ഇതുമായി ബന്ധപ്പെട്ട് ഉയർത്തിക്കാട്ടുന്നത് - കൂട്ടായ്മ, പങ്കാളിത്തം, ദൗത്യം, ഇതെല്ലാം സാധ്യമാകുന്നതോ പരിശുദ്ധാത്മാവിന്റെ സജീവ സാന്നിധ്യത്താലും.

കൂട്ടായ്മയും സ്നേഹ നിറവിൻെറ ശൈലിയുമാണ് ഓരോ ജീസസ് യൂത്ത് ഗ്രൂപ്പിന്റെയും സവിശേഷത. ഇത് ആത്മ സാന്നിധ്യത്തിന്റെ ദൃശ്യഫലമാണ്, അങ്ങനെ നാം ത്രിതൈക ജീവിതത്തിൽ പങ്കുചേരുന്നു. ഇതിൻെറ ഫലമോ, ക്രിസ്തുശരീരമാകുന്ന കൂട്ടായ്മയുടെ ഭാഗമാകാനും കർത്താവിനെയും മറ്റെല്ലാവരെയും കേൾക്കാനും നമുക്ക് ഏറെ താത്പര്യമുണ്ടാകുന്നു. ഏവരുടെയും പങ്കാളിത്തം ഉറപ്പാക്കാനുള്ള ഏറ്റവും നല്ല മാർഗവുമാണ് ഈ ശ്രവിക്കൽ. സംവാദത്തിലും ചർച്ചയിലും എല്ലാവരും സജീവമാകുമ്പോൾ ആ ഗ്രൂപ്പ് എല്ലാവർക്കും ആസ്വാദ്യകരമാവുകയും അതിൽ നിന്ന് മിഷണറി സംരംഭങ്ങൾ മുളപൊട്ടുകയും ചെയ്യും. ഇതാണ് ഒരു സമൂഹത്തിലെ സിനഡൽ രീതി.

### സിനഡൽ പാതയിൽ മുന്നേറുന്നത് എങ്ങനെ?

സ്നേഹസമൂഹ രൂപീകരണവും അതിലെ മിഷണറി ഫലദായകത്വവും ദൈവാത്മ പ്രവർത്തനത്തിന്റെ അത്ഭുത ഫലങ്ങളാണ്. ഒരു നല്ല ജീസസ് യൂത്ത് ഗ്രൂപ്പ് ഇത്തരം ദൈവാത്മ പ്രവർത്തനത്തിന്റെ ഉത്തമ അടയാളവുമാണ്. ആ സിനഡൽ പാതയുടെ പടികൾ ഏതെല്ലാമാണ്?

1. **ആത്മാവിൽ ചരിക്കുന്നവർ**: ആത്മാവിന്റെ വഴിയിൽ സജീവമായി മുന്നേറുന്നവരുടെ ഒത്തുവരവാണ് ഒരു നല്ല ജീസസ് യൂത്ത് കൂട്ടായ്മ. കർക്കശ പദ്ധതികളും അജണ്ടകളും നടപ്പിലാക്കുകയല്ല, മറിച്ച് ആത്മീയ സന്തോഷത്താൽ നയിക്കപ്പെട്ട് കർത്താവിന്റെ വഴി പിൻചെല്ലുന്നവരാണവർ. ആത്മാവിൽ നയിക്കപ്പെടുന്നു എന്ന ഈ അവബോധം ഒരു ജെ-വൈ ഗ്രൂപ്പിനെ ഏറെ വ്യത്യസ്തമാക്കുന്നു.

2. **വെല്ലുവിളികളെ അഭിമുഖീകരിക്കാൻ ഒത്തുകൂടുന്നു**: ഓരോ വ്യക്തിയും കൂട്ടായ്മയും 'കാലത്തിന്റെ അടയാളങ്ങൾ വായിക്കുന്നതിൽ ജാഗരൂകരായാൽ ചുറ്റുപാടും ഉയരുന്ന വെല്ലുവിളികളെ കുറിച്ച് ആഴത്തിൽ ബോധമുള്ളവരാകും. ഈ അവബോധവും അവയെ നേരിടാനുള്ള സന്നദ്ധതയും ക്രിസ്തീയ പാതയിൽ ചരിക്കുന്നതിന്റെ സുപ്രധാന അടയാളങ്ങളാണ്.

3. **ഒറ്റയ്ക്കല്ല, ഒരുമിച്ച്**: ഒരുമിച്ചുവരുന്നതിൻെറ ആനന്ദവും സഹോദരങ്ങളുമായി ബന്ധപ്പെടാനുള്ള ആഗ്രഹവും ഒരു സ്നേഹ ശൃംഖല

കെട്ടിപ്പടുക്കുന്നതിനുമുള്ള കർത്താവിന്റെ സുന്ദര പദ്ധതി നിറവേറ്റാൻ എന്നെ സഹായിക്കുന്നു. ഇങ്ങനെ രൂപപ്പെടുന്ന ഒരു ജെ.വൈ. കൂട്ടായ്മ സജീവ ക്രൈസ്തവ ജീവിതത്തിൻെറ തുടർച്ചയും ഒപ്പം മികച്ച ആത്മീയ സംസ്കാരത്തിന്റെ വളർച്ചയും സാധ്യമാകുകയും ചെയ്യുന്നു.

**സഹപ്രവർത്തകർ, അയൽക്കാർ, കുടുംബാംഗങ്ങൾ എന്നിവർക്കെല്ലാം മാർഗനിർദേശവും, സഹായവും, പിന്തുണയുമൊക്കെ നൽകുന്ന വൈവിധ്യമാർന്ന സംരംഭങ്ങൾ. എല്ലാവരും വളരെ ആവേശത്തോടെ സംസാരിച്ചു, എല്ലാവരിൽ നിന്നും ഒരുപാട് പഠിക്കാനുമുണ്ടായിരുന്നു.**

**4. ആരും നിസ്സാരരല്ല:** സമൂഹത്തിലെ എല്ലാവരുടെയും പങ്കാളിത്തം ഉറപ്പാക്കുന്നത് ഏറെ പ്രാധാന്യമുള്ളതാണ്, കാരണം ഓരോരുത്തരും ദൈവത്തിന്റെ വിലയേറിയ മക്കളും സുശക്തമായ ഉപകരണങ്ങളുമാണ്. ഈ ചെറിയവരെ ആദരവോടെ ശ്രവിക്കുന്നത് ആത്മാവിന്റെ യഥാർഥ പ്രേരണകൾ കേൾക്കാനും ദൗത്യത്തിലേക്ക് കാര്യക്ഷമമായി നീങ്ങാനുമുള്ള സുനിശ്ചിത പാതയാണ്.

**5. പോരാടാനും കെട്ടിപ്പടുക്കാനും:** യേശുവിന്റെ ദൗത്യത്തിന്റെ രണ്ട് വശങ്ങൾ ചുറ്റുമുള്ള അഴിമതിക്കെതിരെ പോരാടുകയും ദൈവത്തിന്റെ സ്നേഹരാജ്യം കെട്ടിപ്പടുക്കുകയും ചെയ്യുന്നതാണ്. ജീസസ് യൂത്ത് കൂട്ടായ്മയിലെ ദൈവാത്മ പ്രവർത്തനം അത്തരം ക്രിയാത്മക സംരംഭങ്ങളുടെ ദൃശ്യമായ ഫലങ്ങൾ പുറപ്പെടുവിക്കുന്നു.


നമ്മുടെ ഇടയിൽ ദൈവാത്മാവ് എന്താണ് ചെയ്തുകൊണ്ടിരിക്കുന്നത് എന്ന് കൂടുതൽ വ്യക്തതയോടെ തിരിച്ചറിയാൻ ഫ്രാൻസിസ് മാർപാപ്പയുടെ വാക്കുകൾ നമ്മെ സഹായിക്കും: "കൃത്യമായും മൂന്നാം സഹസ്രാബ്ദത്തിലെ സഭയിൽ നിന്ന് ദൈവം പ്രതീക്ഷിക്കുന്നത് ഈ സിനഡാലിറ്റിയുടെ പാതയാണ്. കർത്താവ് നമ്മോട് ആവശ്യപ്പെടുന്നത് ഒരർഥത്തിൽ 'സിനഡ്' എന്ന വാക്കിൽ തന്നെയുണ്ട്. ഒരുമിച്ചുള്ള യാത്ര എന്നത് വാക്കുകളിൽ അവതരിപ്പിക്കാൻ എളുപ്പമുള്ള ഒരു ആശയമാണ്, എന്നാൽ പ്രായോഗികമാക്കാൻ അത്ര എളുപ്പവുമല്ല (17 ഒക്ടോബർ 2015 ലെ പ്രഭാഷണം).

ദൈവത്തിന് നന്ദി! ജീസസ് യൂത്ത് മുന്നേറ്റത്തിൽ ഈ സിനഡൽ സമീപനം ഏറെ സജീവമാണ്. അതോടൊപ്പം കൂട്ടായ്മ, പങ്കാളിത്തം, ദൗത്യബോധം എന്നീ ഊന്നലുകളും സുവ്യക്തം. ഈ പാതയിലൂടെയാണ് നാം എന്നും സഞ്ചരിച്ചത്, ഈ ദിവസങ്ങളിൽ സഭ ഈ ശൈലിയെ സംബന്ധിച്ച് കൂടുതൽ വ്യക്തത നൽകുകയും അതേ ദിശയിൽ മുന്നോട്ട് പോകാൻ നമ്മെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. നമ്മുടെ ആഗ്രഹവും പ്രാർഥനയും ഇതാകണം: സിനഡൽ ചൈതന്യത്തിൽ കൂടുതൽ തീക്ഷ്ണതയുള്ളവരാകാൻ ദൈവാത്മാവ് നമ്മെ നയിക്കട്ടെ! II


STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT KAIROS

| | | |
|---|---|---|
| Title of Newspaper | : | Kairos |
| Registration No. | : | RNI No. KERMAL/2002/12027 |
| Language | : | Malayalam |
| Periodicity of Publication | : | Monthly |
| Single Subscription | : | Rs 50.00 |
| Printer & Publisher | : | Reji J. Karot |
| Nationality | : | Indian |
| Address | : | Kairos Media, 8/174, Navodaya Studio Complex, Thengode P.O, Kochi 682030 |
| Editor's Name | : | Adv. K.J. Johnson |
| Nationality | : | Indian |
| Address | : | Kairos Media, 8/174, Navodaya Studio Complex, Thengode P.O, Kochi 682030 |
| Owner's Name | : | Kairos Trust, Chevayur P.O, Kozhikode |

I Reji J. Karot here by declare that the particular given above are true to the best of my knowledge and belief






ബാബു ജോൺ

# സത്യത്തിൽ നിങ്ങൾ സ്നേഹത്തിലാണോ?

**രണ്ടുപേർ യഥാർഥത്തിൽ സ്നേഹത്തിലാകുന്നത് എപ്പോഴാണ്? രണ്ടുവ്യക്തികൾക്കിടയിലുള്ള ബന്ധത്തെ വിലയിരുത്തേണ്ടതെങ്ങനെ? ശരീരങ്ങൾ തമ്മിലുള്ളതും വൈകാരികവുമായ ആകർഷണങ്ങളിൽ തുടങ്ങി സ്നേഹത്തിന്റെ പൂർണതയിലേക്ക് എത്തിപ്പെടുന്നത് എങ്ങനെ? വിശുദ്ധ ജോൺ പോൾ രണ്ടാമൻ എഴുതിയ സ്നേഹവും ഉത്തരവാദിത്വവും (Love & Responsibility) എന്ന ഗ്രന്ഥത്തിന്റെ വെളിച്ചത്തിൽ ബാബു ജോൺ വിലയിരുത്തുന്നു.**

ഒരു വ്യക്തി എതിർലിംഗത്തിൽപ്പെട്ടയാളിലേക്ക് സ്വാഭാവികമായി ആകർഷിക്കപ്പെടുന്നത് രണ്ടുതരത്തിലാണ്, ശാരീരികമായും വൈകാരികമായും. ഇതിൽ ആദ്യം സംഭവിക്കുന്നത് ശാരീരികമായ ആകർഷണമാണ്. സ്ത്രീയുടെ ശരീരത്തോട് പുരുഷനും പുരുഷന്റെ ശരീരത്തോട് സ്ത്രീക്കും ആകർഷണം തോന്നുന്നു. ശരീരത്തിലേക്കുള്ള ഈ ആകർഷണത്തെ ജോൺ പോൾ രണ്ടാമൻ മാർപാപ്പ വിളിക്കുന്നത് ഇന്ദ്രിയപരമായ ആകർഷണം (sensuality) എന്നാണ്. രണ്ടാമത്തേത് പുരുഷൻ സ്ത്രീയുടെ സ്ത്രീത്വത്തോടും സ്ത്രീ പുരുഷന്റെ പുരുഷത്വത്തോടും വൈകാരികമായി വലിച്ചടുപ്പിക്കപ്പെടുന്നു. പാപ്പായുടെ കാഴ്ചപ്പാടിൽ ഇതാണു വൈകാരികതലത്തിലുള്ള ആകർഷണം (sentimentality).

## സെൻഷ്വാലിറ്റിയുടെ അപകടങ്ങൾ

ഇന്ദ്രിയപരമായ ആകർഷണം തെറ്റല്ലെന്നു പറയുമ്പോഴുമത് അതിൽത്തന്നെ സ്നേഹമല്ലെന്നു മാത്രമല്ല, പലപ്പോഴും അതിന്റെ വിപരീത രൂപവുമാകാം (108). ഇന്ദ്രിയപരമായ ഇച്ഛകളെ മാത്രം വളർത്തിയെടുത്താൽ മറ്റൊരാളുടെ ശരീരത്തെ നമ്മുടെ ആസ്വാദനത്തിനുള്ള ഒരു വസ്തുവായേ കാണാനാകൂവെന്നതാണ് വലിയൊരപകടം. ആ വ്യക്തിയുടെ ശാരീരിക സവിശേഷതകൾ മാത്രമായിരിക്കും നമ്മുടെ കൺമുന്നിലുള്ളത്. ആ വ്യക്തിയെ നാം കാണുന്നത് അയാളുടെ ശരീരത്തിന് നമ്മെ എത്രമാത്രം ആനന്ദിപ്പിക്കാൻ കഴിയുമെന്നതിന്റെ അടിസ്ഥാനത്തിലായിരിക്കും. എന്നുവച്ചാൽ ആ വ്യക്തിയെ നാം ഒരു ശരീരമായിമാത്രം ചുരുക്കുന്നു.

## വൈകാരികമായ ആകർഷണം

ശരീരത്തിനപ്പുറത്തേക്കു കടക്കുന്ന ആകർഷണത്തെക്കുറിച്ചാണ് പാപ്പാ രണ്ടാമതായി പറയുന്നത്. അതാണ് എതിർലിംഗങ്ങൾ തമ്മിലുള്ള വൈകാരിക ആകർഷണം. യഥാർഥവും നിസ്വാർഥവുമായ സ്നേഹത്തിലേക്കുള്ള ചവിട്ടുപടിയാണ് ഈ വൈകാരികതയും. എന്നാൽ, ഇവിടെയും ശ്രദ്ധിച്ചില്ലെങ്കിൽ നാം വൈകാരികമായ അടിമത്തത്തിലേക്കു വീഴുകയും യഥാർഥമായി ആ വ്യക്തിയെ സ്നേഹിക്കാൻ കഴിയാത്ത അവസ്ഥയിലെത്തുകയും ചെയ്യും.



സ്നേഹം നമ്മുടെ വികാരങ്ങളെ സമഗ്രമാക്കണം. പൂർണതയുള്ള സ്നേഹം തണുത്തതോ യാന്ത്രികമായതോ വികാരരഹിതമോ ആകില്ല. നമ്മുടെ വികാരങ്ങൾ മറ്റൊരു വ്യക്തിയുമായുള്ള ബന്ധത്തെ ഊട്ടി ഉറപ്പിക്കുകയും ആ വ്യക്തിയുമായുള്ള ഒന്നുചേരൽ കൂടുതൽ ആഴത്തിലുള്ളതാക്കുകയും വേണം. വൈകാരികമായ സ്നേഹം രണ്ടു വ്യക്തികളെ തമ്മിൽ പരസ്പരം അടുപ്പിക്കുകയും അകലെയാണെങ്കിൽപ്പോലും ഒരുമയിൽ നിറുത്തുകയും ചെയ്യുന്നുവെന്ന് (110) ജോൺ പോൾ മാർപാപ്പ പറയുന്നു. ഇതിന്റെ ഫലമായി അവർ മനസ്സുകൊണ്ട് എല്ലായ്പ്പോഴും അടുത്തിരിക്കുന്ന അവസ്ഥയുമുണ്ടാകുന്നു (111).

അതേസമയം, ഇന്ന് സ്നേഹത്തെ വെറും അനുഭൂതികളുടെ അടിസ്ഥാനത്തിൽ വ്യഖ്യാനിക്കുന്നതിനെക്കുറിച്ച് പാപ്പാ ആശങ്കപ്പെടുന്നുണ്ട്. യഥാർഥ സ്നേഹമെന്നത് ആത്യന്തികമായി മറ്റൊരു വ്യക്തിയുടെ നന്മ ആഗ്രഹിക്കലും അതിനുവേണ്ടി നിലകൊള്ളലുമാണ്. അതിൽ ആ വ്യക്തിയോടുള്ള പൂർണമായ പ്രതിബദ്ധതയുണ്ട്. അതിൽ ത്യാഗസന്നദ്ധതയും ഉത്തരവാദിത്വബോധവുമുണ്ട്.

## ഈ ചോദ്യങ്ങൾ സ്വയം ചോദിച്ചുനോക്കാം

- എനിക്കും ഈ വ്യക്തിക്കുമിടയിലെ ബന്ധം എത്ര ആഴത്തിലുള്ളതാണ് ?
- ഈ വ്യക്തി ഉത്തരവാദിത്വങ്ങൾ വഹിക്കാൻ എത്രമാത്രം സന്നദ്ധനാകും ?
- ഈ വ്യക്തി എനിക്കുവേണ്ടി ത്യാഗങ്ങൾ ചെയ്യാൻ സന്നദ്ധനാണോ ?
- എന്റെയും കുടുംബത്തിന്റെയും നന്മയായിട്ടുള്ളതിന് അയാൾ മുൻഗണന കൊടുക്കുമോ ?

സ്നേഹത്തെ വികാരങ്ങളുടെ അടിസ്ഥാനത്തിൽ അളക്കുമ്പോഴുണ്ടാകുന്ന ഒരപകടം നമ്മുടെ വൈകാരികമായ തോന്നലുകൾ നമ്മെ തെറ്റിദ്ധരിപ്പിക്കാമെന്നതാണ്. തോന്നലുകൾ അവയിൽത്തന്നെ അന്ധമാണ്. കാരണം അത് ആ വ്യക്തിയെക്കുറിച്ചുള്ള യഥാർഥ അറിവിൽനിന്ന് രൂപപ്പെടുന്നവയല്ല. അതിനാൽ ഒരു വ്യക്തിയെക്കുറിച്ചുള്ള നമ്മുടെ തോന്നലുകളുടെ അടിസ്ഥാനത്തിൽമാത്രം ആ ബന്ധത്തെ മുന്നോട്ടുകൊണ്ടുപോകുന്നതിൽ അർഥമില്ല. ഏതെങ്കിലും വ്യക്തിയോടുള്ള നമ്മുടെ വൈകാരികമായ തോന്നലുകൾക്ക് ആ വ്യക്തിയെക്കുറിച്ചുള്ള യാഥാർഥ്യത്തെ പുറത്തുകൊണ്ടുവരാനാകില്ല എന്നുമാത്രമല്ല, ആ വ്യക്തിയെക്കുറിച്ചു കൂടുതൽ മനസ്സിലാക്കാനുള്ള നമ്മുടെ ശ്രമങ്ങളെ തടസ്സപ്പെടുത്തുകയും ചെയ്യും.

## ഇവിടെയും ചില ചോദ്യങ്ങൾ സ്വയം ചോദിക്കാം

- എന്നെ ആകർഷിക്കുന്ന ഗുണങ്ങൾ യഥാർഥത്തിൽ ഈ വ്യക്തിക്കുണ്ടോ ?
- ഞങ്ങൾ തമ്മിൽ ഞാൻ വിചാരിക്കുന്നപോലുള്ള പൊരുത്തമുണ്ടോ ?
- ഈ വ്യക്തി എന്റെ വിശ്വാസം അർഹിക്കുന്നുണ്ടോ ?
- ഞങ്ങൾ തമ്മിലുള്ള ബന്ധത്തിൽ ഞാൻ കണ്ടില്ലെന്നുനടിക്കുന്നതായ എന്തെങ്കിലും പ്രശ്നങ്ങളുണ്ടോ ?
- വൈകാരികമായി മാത്രം മുന്നോട്ടുപോകുന്നയാൾ മേൽപറഞ്ഞ ചോദ്യങ്ങൾ സ്വയം ചോദിക്കുന്നത് മനഃപൂർവം ഒഴിവാക്കുമെന്നതാണ് സത്യം (78)

## സ്നേഹത്തിന്റെ രണ്ടു വശങ്ങൾ

നാം ഒരാളെ പൂർണതയിൽ സ്നേഹിക്കുകയെന്നാൽ നമ്മുടെതന്നെ നൻമയ്ക്കുമുകളിലായി ആ വ്യക്തിയുടെ പരമമായ നന്മ അന്വേഷിക്കുക എന്നാണ് അർഥം. കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം പഠിപ്പിക്കുന്നത് അങ്ങനെയാണ്. 'മറ്റൊരാളുടെ നന്മ ആഗ്രഹിക്കലാണു സ്നേഹം' (സി.സി.സി. 1766, തോമസ് അക്വിനാസിന്റെ ഉദ്ധരണി, സുമ്മ തിയോളജിക്ക) ജോൺ പോൾ രണ്ടാമൻ മാർപാപ്പ സ്നേഹത്തിന്റെ രണ്ടുവശങ്ങളെ വിശദീകരിക്കുന്നുണ്ട്. വൈയക്തികമെന്നും (subjective) ലക്ഷ്യോന്മുഖമെന്നും (objective).

വൈകാരികവും ഇന്ദ്രിയപരവുമായ ആകർഷണങ്ങളെ മാർപാപ്പ സ്നേഹത്തിന്റെ വൈയക്തിക തലമായാണ് കാണുന്നത്. വൈകാരികതയും ശാരീരിക ആകർഷണവും ചേരുന്ന തലം സ്നേഹത്തിന്റെ ഒരു ഭാവമാണെന്നതിൽ തർക്കമില്ലെങ്കിലും പൂർണതയല്ല. നമുക്ക്

**ഇന്ദ്രിയപരമായ ഇച്ഛകളെ മാത്രം വളർത്തിയെടുത്താൽ മറ്റൊരാളുടെ ശരീരത്തെ നമ്മുടെ ആസ്വാദനത്തിനുള്ള ഒരു വസ്തുവായേ കാണാനാകൂ എന്നതാണ് വലിയൊരപകടം**

ഒരാളോടു തീവ്രമായ വികാരങ്ങൾ തോന്നുകയും അതേസമയം, നിസ്വാർഥമായ സ്നേഹ ത്തിന്റെ പ്രതിബദ്ധത തോന്നാതിരിക്കുകയും ചെയ്യാം. അതൊരു മനഃശാസ്ത്രപരമായ അവസ്ഥയെന്നേ പറയാനാകൂവെന്നും (127) പിതാവ് ഓർമിപ്പിക്കുന്നു. മറ്റൊരുതരത്തിൽ പറഞ്ഞാൽ സ്നേഹത്തിന്റെ വൈയക്തികമായ ഭാവം ഒരാളെക്കുറിച്ച് നമുക്കുണ്ടാകുന്ന സന്തോഷദായകമായ ഒരു അനുഭവമെന്നതിനപ്പുറത്തേക്ക് ഒന്നുമല്ല.

പിതാവിന്റെ അഭിപ്രായത്തിൽ ആധുനികലോകം സ്നേഹത്തിന്റെ വൈയക്തികമായ ഭാവ ത്തിനാണ് പ്രാധാന്യം നൽകുന്നത്. അതായത് സ്നേഹത്തെ സ്വന്തം ആനന്ദത്തിനുള്ള മാർഗ മാക്കിമാത്രം നിലനിറുത്തുന്നു. സ്നേഹത്തിനു ലക്ഷ്യോന്മുഖമായ മറ്റൊരുവശമുണ്ടെന്നാണ് പിതാവ് ഊന്നിപ്പറയുന്നത്. വൈയക്തികമായ ആനന്ദാനുഭവങ്ങൾക്കപ്പുറത്തേക്കു പോകുന്ന താണത്. യഥാർഥ സ്നേഹത്തിൽ നന്മ, സൗഹൃദം, പൊതുനൻമയ്ക്കായുള്ള അന്വേഷണം എന്നിവയുണ്ടാകും. സ്നേഹത്തിലായിരിക്കുന്ന രണ്ടുവ്യക്തികളും അവർക്കുപുറത്തുള്ള ഒരു പൊതുനന്മയിലേക്കാണ് നടന്നടുക്കുന്നത്. ഉദാഹരണത്തിന് ക്രിസ്തീയ വിവാഹത്തിൽ ഭാര്യയും ഭർത്താവും പരസ്പരം ഒന്നാകുന്നത് വിശുദ്ധിയിലുള്ള വളർച്ചയിൽ പരസ്പരം സഹായിക്കാനാണ്. ഒരുമയിൽ ആഴപ്പെടാനും കുഞ്ഞുങ്ങളെ വളർത്താനുമാണ്.
താൻ സ്നേഹിക്കുന്നയാൾക്ക് ഏറ്റവും നന്മയായിട്ടുള്ളത് എന്താണോ അതിനുവേണ്ടിയുള്ള നിലയ്ക്കാത്ത അന്വേഷണം യഥാർഥ സ്നേഹത്തിന്റെ ഭാഗമാണ്. ഇതിൽ ചിലപ്പോൾ സ്വന്തം ഇഷ്ടങ്ങളും നന്മകളും ത്യജിക്കേണ്ടിയും വന്നേക്കാം.

ലക്ഷ്യോന്മുഖമായ സ്നേഹത്തിൽ എനിക്ക് ഈ വ്യക്തിയുമായി യഥാർഥത്തിൽ എന്തുതരം ബന്ധമാണുള്ളതെന്നു വിലയിരുത്തണം. ഈ വ്യക്തിയോട് ഞാൻ പ്രതിബദ്ധത പുലർത്തു ന്നുണ്ടോ? എനിക്ക് ഏറ്റവും നന്മയായിട്ടുള്ളത് എന്താണെന്ന് ഈ വ്യക്തി മനസ്സിലാക്കിയി ട്ടുണ്ടോ? ആ നന്മയിലേക്ക് എത്തിപ്പെടാൻ എന്നെ ഇയാൾ സഹായിക്കുമോ? ഞങ്ങൾ ഒരു പൊതുലക്ഷ്യത്തിനുവേണ്ടി ഒരുമിച്ചുനിൽക്കുന്നുണ്ടോ? വ്യക്തികളെന്ന നിലയിൽ ഞങ്ങളേ ക്കാൾ ഉന്നതമായ ഒരു പൊതുലക്ഷ്യത്തിനായി ഒരുമിച്ചു പ്രയത്നിക്കാൻ ഞങ്ങൾ പരസ്പരം സഹായിക്കുന്നുണ്ടോ? ഈ ചോദ്യങ്ങളെല്ലാം വളരെ പ്രധാനപ്പെട്ടവയാണ്.

## സ്വയംനൽകുന്ന സ്നേഹം

സ്നേഹിക്കുന്നയാൾക്ക് തന്നെത്തന്നെ ഒരു സമ്മാനമായി നൽകുന്നതാണ് ലക്ഷ്യോന്മുഖ മായ സ്നേഹത്തിന്റെ ഏറ്റലും വലിയ ലക്ഷണം. ഒരാൾ താൻ സ്നേഹിക്കുന്ന വ്യക്തിക്കു വേണ്ടി സ്വന്തം ഇഷ്ടങ്ങളെ ചുരുക്കുമ്പോൾ, സ്വന്തം തീരുമാനങ്ങളെ മറ്റേയാളുടെ തീരുമാന ങ്ങളിലേക്കു ചേർക്കുമ്പോൾ സംഭവിക്കുന്നത് ഈ സ്വയം നൽകലാണ്. മറ്റൊരു രീതിയിൽ പറഞ്ഞാൽ സ്നേഹത്തെപ്രതി ഒരാൾക്ക് സ്വന്തം തീരുമാനങ്ങളെ വേണ്ടെന്നുവയ്ക്കുന്ന തിൽ സന്തോഷമുണ്ടാകും. താൻ സ്നേഹിക്കുന്നയാൾക്കുകൂടി സ്വീകാര്യമായ തീരുമാനങ്ങ ളോട് പൊരുത്തപ്പെടാനും അയാൾക്കുസാധിക്കും. അങ്ങനെ ഒരു വ്യക്തി താൻ സ്നേഹി ക്കുന്നയാളുടെ മുന്നിൽ സ്വയം സമർപ്പിക്കുന്നതിൽ സന്തോഷം കണ്ടെത്തുന്നു (125).

ഒരു മനുഷ്യനും മറ്റൊരാളെ തനിക്ക് എന്തെങ്കിലും നേടാനുള്ള മാർഗമായി ഉപയോഗിക്ക രുത്. സൃഷ്ടാവായ ദൈവംപോലും അങ്ങനെ ചെയ്യുന്നില്ല. ദൈവം ഒരാളെ എന്തെങ്കിലും ലക്ഷ്യങ്ങളിലേക്കു നയിക്കുകയാണെങ്കിൽ ആ ലക്ഷ്യത്തെക്കുറിച്ച് അവിടന്ന് ആ വ്യക്തിക്ക് അറിവുനൽകും. അങ്ങനെ ആ ലക്ഷ്യങ്ങൾ അയാളുടേതാവുകയും സ്വതന്ത്രമായി അയാൾ അതിനായി പരിശ്രമിക്കുകയും ചെയ്യും (p. 27). മറ്റൊരാളെ എനിക്കുവേണ്ടി ഉപയോഗിക്കുക എന്നതിനു വിരുദ്ധമായി എനിക്കു വേണമെന്നാഗ്രഹിക്കുന്ന നന്മയിലേക്ക് മറ്റെയാളും കട ന്നുവരണമെന്ന് ആഗ്രഹിക്കുകയാണ് സ്നേഹം ചെയ്യുന്നത്. അതേസമയം, മറ്റെയാൾക്കും ഇതിനെക്കുറിച്ച് ബോധ്യമുണ്ടായിരിക്കുകയും ഞാൻ ചെയ്യുന്നത് അയാൾക്കും നന്മയാ ണെന്ന് അയാൾ തിരിച്ചറിയുകയും വേണം. ഇതു സംഭവിച്ചാൽ എനിക്കും ആ വ്യക്തിക്കു മിടയിൽ ഒരു പ്രത്യേക ബന്ധം രൂപപ്പെടും. പൊതുനന്മയുടെയും പൊതുലക്ഷ്യത്തിന്റെയും അടിസ്ഥാനത്തിലുള്ള ഒരു ബന്ധം. ഞങ്ങൾ ഒരുമിച്ച് ഒരു പൊതുനന്മയെ തേടുന്നുവെന്നു മാത്രമല്ല ഈ ബന്ധത്തിന്റെ അർഥം. ഈ ബന്ധം അർഥമാക്കുന്നത് ഞങ്ങൾക്കിടയിൽ ആന്തരികമായ ഒരുമയുണ്ടെന്നുകൂടിയാണ് (p. 28). ഒരു സ്നേഹബന്ധം വളരാനുള്ള ഏറ്റവും ആവശ്യമായ സാഹചര്യം ഇതാണെന്നും പാപ്പാ പറഞ്ഞുവയ്ക്കുന്നു (p. 28) II

*ടി.ഒ.ബി. ഫോർ ലൈഫ് (TOB for Life) സ്ഥാപകനും ഡയറക്ടറും തിയോളജി ഓഫ് ബോഡി പ്രഭാഷകനുമാണ് ലേഖകൻ.*

**താൻ സ്നേഹിക്കുന്ന ആൾക്ക് ഏറ്റവും നന്മയായിട്ടുള്ളത് എന്താണോ അതിനുവേണ്ടിയുള്ള നിലയ്ക്കാത്ത അന്വേഷണം യഥാർഥമായ സ്നേഹത്തിന്റെ ഭാഗമാണ്**

TOB FOR LIFE

### ഇപ്പോൾ നടക്കുന്നത്

ശാരീരിക ബന്ധത്തിലും അടുപ്പത്തിലുമൊക്കെയാണ് പുതിയകാലം സൗഹൃദങ്ങൾ പങ്കിടുന്നത്. എത്ര ഇന്റിമേറ്റാണെന്ന് പറഞ്ഞാലും ഫിസിക്കൽ ടച്ചിൽ ആയിരിക്കുകയെന്നാൽ ആ ബന്ധം അത്ര ആരോഗ്യകരമല്ല എന്നുവേണം പറയാൻ. കാരണം, മറ്റൊരു പെൺകുട്ടിയുമായി വിവാഹ ജീവിതത്തിലേക്ക് കടന്നാലും, മുമ്പ് ശാരീരിക അടുപ്പമുണ്ടായിരുന്ന ആ ഇന്റിമേറ്റിനെ അത്ര പെട്ടെന്നൊന്നും മാറ്റി നിറുത്താൻ പറ്റില്ല. അത് പിന്നീട് അവരുടെ  വിവാഹ ജീവിതത്തിൽ കോംപ്ലിക്കേഷൻസ് ഉണ്ടാക്കാൻ സാധ്യത കൂടുതലാണ്. അപ്പോൾ സൗഹൃദങ്ങളിൽ ഒരു ആരോഗ്യകരമായ ബന്ധം സൂക്ഷിക്കുക എന്നത് വളരെ പ്രധാനപ്പെട്ടതാണ്. ഒരു ഹസ്തദാനത്തിലോ ഫോട്ടോയിലോ പ്രശ്നമൊന്നും വരുന്നില്ല. അതൊന്നുമല്ലല്ലോ ഇപ്പോൾ നടക്കുന്നത്.

***അജയ് ഡോണാറ്റസ്, ആർക്കിടെക്ട്, വയനാട്***

### ഒട്ടും ശരിയല്ല

എന്റെ ഫ്രണ്ട്സിൽ പലരും യുവജനങ്ങളുടെ ഇപ്പോഴത്തെ റിലേഷൻഷിപ്പിനെ അനുകൂലിക്കുന്നവരാണ്. ഇന്റിമേറ്റ് ആയിരിക്കാനും വിചാരിക്കുന്നത് പോലെതന്നെ റിലേഷൻഷിപ്പ് തുടരാനും ഇതു നല്ലതാണെന്നാണ് അവരുടെ അഭിപ്രായം. വിവാഹിതരാകുന്നതും കുഞ്ഞുങ്ങളെ ജനിപ്പിക്കുന്നതും മനുഷ്യ ജീവിതത്തിലെ ഒരു പ്രധാന കാര്യമാണ്. വിവാഹത്തിൽ മാത്രം നടക്കേണ്ട ഇത്തരം കാര്യങ്ങൾ സൗഹൃദങ്ങൾക്കിടെ സംഭവിക്കുന്നത് ഒട്ടും ശരിയല്ല. ഒരു പ്ലഷറിന് വേണ്ടി മാത്രം ഇത്തരം ബന്ധങ്ങൾ സൂക്ഷിക്കുന്നത് അപകടകരമാണ്. ഇതിൽ പരസ്പര സ്നേഹം ഉണ്ടാകില്ലെന്ന് മാത്രമല്ല, ജീവിതത്തെക്കുറിച്ചുള്ള ദീർഘവീക്ഷണം ഒട്ടുംതന്നെ ഉണ്ടാവില്ല.

***ലിബ ബാബു, വിദ്യാർഥിനി, എറണാകുളം***

### വിവാഹത്തിലേക്ക് എത്തുക

സൗഹൃദമാണെന്ന് പറഞ്ഞ് എന്തും ചെയ്യാമെന്നത് ശരിയല്ല. ഫ്രീഡത്തോടുകൂടെ പെരുമാറുന്നതും അതിലൂടെയുള്ള ശാരീരിക അടുപ്പവും ശരിയായ ബന്ധത്തിന്റെ ലക്ഷണങ്ങളല്ല. ശാരീരികമായി അടുക്കുന്ന ബന്ധങ്ങൾ തീർച്ചയായും വിവാഹത്തിലേക്കുതന്നെ നയിക്കപ്പെടേണ്ടതാണ്. ക്രിസ്തീയമായ കാഴ്ചപ്പാടിൽ ചില കൽപനകൾക്കുതന്നെ എതിരാണത്. പൂർണമായും തെറ്റ് തന്നെയാണ്. ഇപ്പോഴുള്ള സൗഹൃദങ്ങളിൽ പലതും വിവാഹത്തെ ഫോക്കസ് ചെയ്യാതെ, വിവാഹിതരെപ്പോലെ ജീവിക്കുക എന്നതാണ് ലക്ഷ്യം വയ്ക്കുന്നത്. മാതാപിതാക്കളോടു പറഞ്ഞ് ആലോചിച്ച് വിവാഹത്തിലേക്ക് എത്തുകയാണ് വേണ്ടത്.

***ക്ലിജോ ജെ. കണിയംപാടി, അക്കൗണ്ടന്റ്, പാലാ***

### ഏറ്റവും പ്രധാനം

ഞാനൊരു കത്തോലിക്കനാണ്. പള്ളിയും കുർബാനയും കൂദാശകളുമൊക്കെ എനിക്കുമുണ്ട്. വിവാഹത്തിനുമുമ്പ് ഒരുമിച്ച്  സൗഹൃദം പങ്കിടാനും നന്നായി അടുത്തറിഞ്ഞ് പെരുമാറാനും അവസരമുള്ളത് നല്ലതല്ലേ ?! അതു വേണംതാനും. കാര്യങ്ങളെല്ലാം പരസ്പരം പങ്കുവച്ച് ഒരുമിച്ച് വിവാഹിതരായി ജീവിക്കുവാൻ പറ്റുമോ ഇല്ലയോ എന്നൊക്കെ അറിയുവാൻ അവസരങ്ങളുള്ളതും പറ്റില്ലെങ്കിൽ പിന്മാറുവാനും കഴിയുകയല്ലേ വേണ്ടത് ! ഈ ലിവിങ് ടുഗതർ എന്നത് ഒരു പരിധിവരെ ഗുണം ചെയ്യും എന്നാണ് ഞാൻ കരുതുന്നത്. സ്വയം നിയന്ത്രിക്കുക എന്നതാണ് ഏറ്റവും പ്രധാനം.

***ജെസ്വിൻ രാജൻ, വിദ്യാർഥി, കോട്ടയം***

കവർ സ്റ്റോറി  എൽസീന ജോസഫ്



# വിശേഷാൽ വഹിക്കേണ്ടുന്ന വിളിയിലെ പൊരുൾ തേടുമ്പോൾ



സ്നേഹിക്കാനും സ്നേഹിക്കപ്പെടാനും വിലമതിക്കപ്പെടാനുമുള്ള ആഗ്രഹങ്ങൾ ആളുകളിലെല്ലാവരിലുമുണ്ട്. പരസ്പരം ആകർഷിക്കുകയും ആകർഷണ വിധേയരാകാനും ബന്ധങ്ങളിൽ ഉണ്ടാകേണ്ട സ്നേഹത്തിന്റെയും സ്നേഹം പങ്കുവയ്ക്കലിന്റെയും വിവേകപൂർണമായ രീതിയെക്കുറിച്ചു വേണ്ടത്ര ധാരണയില്ലാത്തവരാണ് കൗമാരക്കാരും യുവജനങ്ങളുമൊക്കെ. ദൈവം മനുഷ്യനിൽ നിക്ഷേപിച്ചിരിക്കുന്ന ഏറ്റവും മൂല്യവത്തായ സ്നേഹത്തെക്കുറിച്ചും അതിന്റെ സാധ്യതയും അതിർവരമ്പുകളുമെല്ലാം മനസ്സിലാക്കുകയാണ് ഈ സംഭാഷണത്തിന്റെ ലക്ഷ്യം.

ബാംഗ്ലൂരിൽ ഐ.ടി. പ്രൊഫഷണലായി ജോലിനോക്കുന്ന പാലാക്കാരൻ ബിൻസ് ജോർജ് എറണാകുളത്ത് വിഷ്വൽ ഡിസൈനറായ ജേക്കബ് ജോസുമായി നടത്തിയ അഭിമുഖ സംഭാഷണത്തിൽ നിന്ന്.

**ബിൻസ്: ഒരാൾ മറ്റൊരു വ്യക്തിയിൽ ആകർഷിക്കപ്പെടുന്നത് എന്തുകൊണ്ടായിരിക്കാം ?**

**ജേക്കബ്:** ഒരു വ്യക്തി മറ്റൊരാളിലേക്ക് ആകർഷിക്കപ്പെടുന്നത് പല കാരണങ്ങൾ കൊണ്ടാവാം. പെരുമാറ്റ രീതി കൊണ്ടാകാം, സ്വഭാവ പ്രത്യേകതകൊണ്ടാകാം, ബാഹ്യ മായ മറ്റു കാരണങ്ങൾ.. അങ്ങനെ പലവിധ ത്തിൽ വ്യക്തികൾ തമ്മിൽ അടുപ്പത്തിലാ കുന്നു. ശരിക്കു പറഞ്ഞാൽ ഓരോ ബന്ധ ങ്ങളും ആരംഭിക്കുന്നത് ഈ ആകർഷണ ത്തിന്റെ ഫലമായിട്ടാണ്. ആ നിലയ്ക്ക് നോക്കുമ്പോൾ ദൈവം മനുഷ്യന് നൽകിയി രിക്കുന്ന വിശിഷ്ട സമ്മാനമാണ് പരസ്പരം ആകർഷിക്കാനും ആകർഷിക്കപ്പെടാനു മുള്ള കഴിവ്. എന്നാൽ, പരമപ്രധാനമായി വിവാഹമെന്ന കൂദാശയിലൂടെ ഒന്നാകുന്ന സ്ത്രീയും പുരുഷനും തങ്ങളുടെ ജീവിത പങ്കാളിക്ക് അവനവനെ തന്നെ ഒരു സമ്മാന മായി (self gift) നൽകുന്നിടത്താണ് ഈ ആകർഷണത്തിന്റെ കാതൽ അടങ്ങിയിരിക്കുന്നത്.

**ബിൻസ്: സ്നേഹവും ആകർഷണവും ഒന്നാണോ?**

**ജേക്കബ്:** സ്നേഹവും ആകർഷണവും ഒന്നല്ല. അവ രണ്ടും രണ്ടാണ്. ആകർഷണം എന്നാൽ ബാഹ്യമായ നിലയിൽ ഒരു വ്യക്തിയോട് തോന്നുന്ന താത്പര്യമാണ്. വ്യക്തിയുടെ ശാരീരിക പ്രത്യേകത, പെരു മാറ്റ രീതി, സംഭാഷണ ശൈലി, അവരുടെ ചുറ്റുപാടുകളോട് തോന്നുന്ന താത്പര്യം.. എന്നിങ്ങനെ പലതുമാകാം. എന്നാൽ, സ്നേഹം ഈ ബാഹ്യമായ ആകർഷണ ത്തിനും അപ്പുറത്താണ്. സ്നേഹം എന്നാൽ തന്നെത്തന്നെ പൂർണമായും നൽകുന്ന താണ്. ഒരു സ്ത്രീയും പുരുഷനും തമ്മിൽ അവരുടെ സ്നേഹം (marital love) പങ്കു വയ്ക്കുന്നത് വിവാഹജീവിതത്തിലാണ്. വിവാഹ ജീവിതത്തിൽ വ്യക്തികൾ സ്നേഹം പങ്കുവയ്ക്കുന്നതുകൊണ്ടു തന്നെ അതെ ന്നേക്കും നിലനിൽക്കുന്നതുമായിരിക്കും. ആകർഷണം സ്നേഹത്തിലേക്ക് വളരാനുള്ള പ്രവേശന സാധ്യത മാത്രമാകാം.

ഒരുപക്ഷേ സിനിമയിലും സാഹിത്യത്തിലു മൊക്കെ സ്ത്രീപുരുഷ ആകർഷണത്തെ ചിത്രീകരിക്കുന്നത് ആ വ്യക്തികൾ/കഥാപാ ത്രങ്ങൾ പരസ്പരം സ്നേഹത്തിലാകുന്നു എന്ന വിധത്തിലാണ്. ആ പ്രകടനങ്ങൾ യഥാർഥത്തിലുള്ള സ്നേഹമായിരിക്കില്ല; മറിച്ച് അവർക്കിടയിലെ പ്രണയത്തിന്റെ പ്രകടനങ്ങളായി വേണം മനസ്സിലാക്കാൻ. ആകർഷണവും പ്രണയവുമൊക്കെ കലാ സൃഷ്ടികളിൽ ആവിഷ്കരിക്കുന്ന രീതി കണ്ടിട്ട് യുവാക്കളും കൗമാരപ്രായക്കാരും അതുപോലെ അനുകരിക്കുന്നിടത്തു സ്നേഹത്തിനൊരു ദുർവ്യാഖ്യാനം ഉണ്ടാ കുന്നു. ആകർഷണത്തിനും പ്രണയത്തിനു മൊക്കെ ബാഹ്യമായ കാര്യങ്ങൾ മാനദണ്ഡ ങ്ങളായി മാറുമ്പോൾ യഥാർഥ സ്നേഹം ആത്മദാനത്തിൽ അടങ്ങിയിരിക്കുന്നു.

**ബിൻസ്: പൊതുവേ സ്ത്രീക ളുടെയും പുരുഷന്മാരുടെയും ആകർഷണ രീതി രണ്ടാണെന്ന് മനസ്സിലാക്കുന്നുണ്ടല്ലോ... വിശുദ്ധ ജോൺ പോൾ പാപ്പാ ഇക്കാര്യത്തെ കൃത്യമായി പറഞ്ഞുവച്ചിട്ടില്ലേ ! അതൊന്നു വ്യക്തമാക്കാമോ..?**

**ജേക്കബ്:** ശരിയാണ്. ആൺ-പെൺ ആകർ ഷണരീതി അതിന്റെ എല്ലാ അർഥത്തിലും രണ്ടു വിധമാണ്. ദൈവം മനുഷ്യനെ തന്റെ ഛായയിലും സാദൃശ്യത്തിലുമാണ് സൃഷ്ടിച്ചത്. അതുകൊണ്ടു തന്നെ മനുഷ്യൻ ഏറ്റവും സുന്ദരമായ ദൈവിക സൃഷ്ടിയാണ്.



ജോൺ പോൾ പാപ്പായുടെ തിയോളജി ഓഫ് ദി ബോഡി എന്ന പ്രബോധനത്തിൽ പറയുന്നത് ആകർഷണം രണ്ടു വിധമാണെന്നാണ്. ഇന്ദ്രിയാകർഷണവും വികാരപരമായ ആകർഷണവും (sensual attraction and sentimental attraction). പുരുഷനെ സംബന്ധിച്ചിടത്തോളം ആകർഷണത്തിനുള്ള ആദ്യകാരണമെന്നോ നിമിത്തമെന്നോ ഒക്കെ പറയാവുന്നത് കണ്ട് ഇഷ്ടപ്പെടുന്ന രീതിയാണ്. കാഴ്ചയിൽ തോന്നുന്ന അടുപ്പം. അതിന്റെ മറ്റൊരു വശം ദൈവം അത്രമനോഹരമായാണ് സൃഷ്ടികർമ്മം നിർവഹിച്ചിരിക്കുന്നത് എന്നുതന്നെയാണ്. അതോടൊപ്പം തന്നെ മനസ്സിലാക്കേണ്ട കാര്യം കാഴ്ചയിൽ തോന്നുന്ന ഈ അടുപ്പം ശാശ്വതമാകണമെന്നില്ല. അതൊരു തുടക്കമാണ്. അതുപോലെ തന്നെ ആ ബന്ധം/ആകർഷണം എത്രത്തോളം നീണ്ടുനിൽക്കും എന്നും നമുക്ക് പറയാൻ പറ്റില്ല. രണ്ടാമത്തെ ആകർഷണമെന്നു പറയുന്നത് ഓപ്പോസിറ്റ് നിൽക്കുന്ന ആളുടെ സ്വഭാവ സവിശേഷതയോടു തോന്നുന്ന ആകർഷണമാണ്. അത് സംസാരരീതിയാവാം, വസ്ത്രധാരണമാകാം.. അങ്ങനെ പലതുമാകാം. എന്നാൽ, ഇതുരണ്ടും പരസ്പരാകർഷണത്തിനുള്ള കാരണം മാത്രമാണ്. ഇതിനൊക്കെ അപ്പുറത്ത് ആ വ്യക്തിയെ അവരായിരിക്കുന്ന പോലെ സ്വീകരിക്കുന്നതാണ് യാഥാർഥ സ്നേഹമെന്നാണ് മാർപാപ്പ പറയുന്നത്.

**ബിൻസ്: കൗമാരക്കാർക്കും യുവജനങ്ങൾക്കും ഈ ആകർഷണത്തെ എങ്ങനെ കൈകാര്യം ചെയ്യാം?**

**ജേക്കബ്:** ആൺകുട്ടിക്ക് പെൺകുട്ടിയോടും തിരിച്ചും തോന്നുന്ന ആകർഷണങ്ങൾ തികച്ചും സ്വാഭാവികമാണ്. എന്നാൽ, പരസ്പരാകർഷിതരാകുന്ന ആൺകുട്ടിയും പെൺകുട്ടിയും തങ്ങളുടെ ശരീരത്തിന്റെ ദുർവാസനകൾക്ക് വഴങ്ങുമ്പോഴാണ് തെറ്റ് സംഭവിക്കുന്നത്. കേവലം ആകർഷണത്തിന്റെ മാത്രം അടിസ്ഥാനത്തിലല്ല വിവാഹിതരാകേണ്ടത്. അതേ സമയം ഈ പ്രായത്തിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും തോന്നുന്ന ഈ താത്പര്യത്തെ വിവേകത്തോടെ എങ്ങനെ കൈകാര്യം ചെയാമെന്ന് ചോദിച്ചാൽ ഒന്നാമതായി, മറ്റൊരാൾക്ക് എന്നെത്തന്നെ സമ്മാനമായി നൽകാവുന്ന വിധം ദൈവം എന്നെ രൂപപ്പെടുത്തിയതിനെ ഓർത്തു നന്ദി പറഞ്ഞു പ്രാർഥിക്കാം. രണ്ടാമതായി, ഞാൻ എന്ന വ്യക്തിക്ക് മറ്റൊരാളിൽ ആകർഷണം തോന്നുന്ന വിധം ആ വ്യക്തിയെ മനോഹരമായി ദൈവം മെനഞ്ഞെടുത്തതിനെ ഓർത്തു നന്ദി പറയാം. മൂന്നാമതായി, ആരോഗ്യകരമായ സുഹൃത്ബന്ധത്തിൽ മുന്നോട്ടു കൊണ്ടുപോകുക എന്നതാണ്.

**ബിൻസ്: വിഷ്വൽ മീഡിയയുടെ സ്വാധീനം കാമ്പസുകളെ കുറച്ചൊന്നുമല്ല വലക്കുന്നത്. ഇതിനെക്കുറിച്ചു എന്താണ് പറയാനുള്ളത്?**

**ജേക്കബ്:** വിഷ്വൽ മീഡിയയിൽ ചിത്രീകരിക്കുന്ന പ്രണയവും, അതിന്റെ ആവിഷ്കാരങ്ങളുമൊക്കെ ജീവിതത്തിൽ പകർത്താൻ ശ്രമിക്കുന്നതും അതുപോലുള്ള സിനിമാറ്റിക് ജീവിതം ആഗ്രഹിക്കുന്നതുമൊക്കെ ഇന്നത്തെ കാമ്പസുകളുടെ പ്രവണതയായി മാറിയിട്ടുണ്ട്. വിവാഹത്തിൽ സ്ത്രീയും പുരുഷനും സ്നേഹം പങ്കുവയ്ക്കുന്ന രീതിയിലേക്ക് വിവാഹത്തിന് മുന്നേതന്നെ കാമ്പസ് കുട്ടികൾ മാറുന്നു. യഥാർത്ഥ സ്നേഹത്തെ വിവേചിച്ചറിയാൻ പോലുമുള്ള സമയം കണ്ടെത്താതെയാണ് ഈ ആകർഷണത്തിന്റെ വലയത്തിൽ നിന്നുകൊണ്ട് അവർ പെരുമാറുന്നത്. മാതാപിതാക്കൾ നൽകുന്ന സ്നേഹം, സഹോദരങ്ങളും ഗുരുക്കന്മാരും നൽകുന്ന സ്നേഹം, ദൈവം തന്നെ ഓരോ വ്യക്തിയിലേക്കും ചൊരിയുന്ന സ്നേഹം ഇതൊന്നും മനസ്സിലാക്കാത്തതുകൊണ്ടാണ് കുട്ടികൾ മാധ്യമങ്ങളിലൂടെ കാണുന്ന കാഴ്ചകളിൽ മയങ്ങി നൈമിഷിക ആകർഷണത്തിൽ വീണു പോകുന്നത്.

**ബിൻസ്: ആകർഷണത്തിൽ നിന്നും അറ്റാച്ച്മെന്റുകളിലേക്ക് ബന്ധം വളരാതിരിക്കാൻ എങ്ങനെയാണ് ശ്രദ്ധിക്കേണ്ടത്?**

**ജേക്കബ്:** വിവാഹമെന്ന ശാശ്വത ഉടമ്പടിക്ക് ഒരുങ്ങുന്ന വ്യക്തി ആ ബന്ധത്തിന്റെ ആഴവും പവിത്രതയും അതിന്റെ ഗൗരവത്തിൽ മനസ്സിലാക്കിയിട്ടുണ്ടാകണം. ഇത് ഒരു ജീവിതകാലം നീണ്ടു നിൽക്കേണ്ടുന്ന പവിത്രമായ ബന്ധമാണ്. ദൈവത്തോട് ചേർന്നെടുക്കേണ്ട ഉടമ്പടിയാണ്. ക്ഷണികമായ ആകർഷണത്തിൽ നിന്നും ഉണ്ടാകേണ്ടുന്ന പെരുമാറ്റ രീതിയല്ല പലപ്പോഴും ഇന്നത്തെ തലമുറയുടെ ഭാഗത്തുനിന്നും കാണുന്നത്. ദൈവത്തിന്റെ സ്നേഹത്തെക്കുറിച്ച് വ്യക്തിപരമായി തിരിച്ചറിയാനും അവിടത്തോടു ആലോചന ചോദിച്ചിട്ട് തീരുമാനം എടുക്കുന്നതിനു മപ്പുറം സ്വന്തം കാഴ്ചപ്പാടിൽ നിന്നും എടുത്തുചാടി ചെയ്യുന്ന കാര്യങ്ങളാണ് ചെറുപ്പക്കാരെ കുഴപ്പത്തിലാക്കുന്നത്. അറ്റാച്ച്മെന്റ് എന്നത് വളർച്ചയുടെ അടുത്ത ഘട്ടമാണ്. ആകർഷണത്തിൽ നിന്നും അടുപ്പത്തിലേക്ക് കടക്കുമ്പോൾ ബന്ധം കുറച്ചു കൂടി വളരുകയാണ്. ഇവിടെ വിവേകത്തോടെ നിന്നും കാര്യങ്ങളെ വിവേചിച്ചറിയാനുള്ള പ്രാപ്തി ആ വ്യക്തിക്ക്/വ്യക്തികൾക്ക് വന്നിട്ടുണ്ടാകണം.

**ബിൻസ്: എന്താണ് ഡേറ്റിംഗ് എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്? കാത്തലിക് ഡേറ്റിംഗ് എന്നൊക്കെ പറയുമ്പോൾ എന്താണ് മനസ്സിലാക്കേണ്ടത്?**

**ജേക്കബ്:** ഇന്ന് വളരെയധികം കേൾക്കുന്ന കാര്യമാണ് ഡേറ്റിംഗ്. പരസ്പരം ആകൃഷ്ടരായ ആൺകുട്ടിയും പെൺകുട്ടിയും അവർ തങ്ങൾക്ക് വിവാഹത്തിലൂടെ ഒന്നായി മുന്നോട്ടു പോകാനുള്ള സാധ്യത ഈ ബന്ധത്തിൽ എത്രത്തോളമുണ്ട് എന്നൊക്കെയറി

**വൈകാരികമായ അടുപ്പം മാനസിക അടുപ്പം ഇതെല്ലാം ശരീരത്തിന്റെ അടുപ്പത്തിലേക്കുകൂടി വളരുന്നത് ഈ ഘട്ടത്തിൽ സ്വാഭാവികമാണ്. പക്ഷേ.**

യാൻ പരസ്പരം ചെലവിടുന്ന സമയമാണ് ഡേറ്റിംഗ്. ആളുകൾ അതിനെ പല രീതിയിൽ മനസ്സിലാക്കുകയും വ്യാഖ്യാനിക്കുകയുമൊക്കെ ചെയുന്നുണ്ട്. ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ചിടത്തോളം ഡേറ്റിംഗ് സമയം എന്നുപറയുന്നത് ഈ വ്യക്തി തനിക്ക് ചേരുന്നതാണോ അഥവാ അവൻ/അവൾ തന്റെ ജീവിതത്തിലേക്ക് ദൈവം അനുവദിക്കുന്ന സമ്മാനമാണോ എന്നും, അതുപോലെ തന്നെ തിരിച്ചും മനസ്സിലാക്കാനുള്ള അവസരമാണ് ഈ ഡേറ്റിംഗ്. മുന്നിൽ നിൽക്കുന്ന പ്രസ്തുത വ്യക്തിയുമായി തന്റേതായ എല്ലാം പൂർണ സമ്മതത്തോടെ സമ്മാനിക്കാൻ പറ്റിയ ആളാണോ എന്ന് വിവേചിച്ചറിയാനുള്ള അവസരമാണിത്. അതാകട്ടെ പ്രധാനമായും കർത്താവിനോടു ചേർന്ന് ആലോചിച്ചു എടുക്കേണ്ട തീരുമാനമാണ്. റൊമാന്റിക് സമയമായി ഇതിനെ മനസ്സിലാക്കരുത്. മറിച്ച്, മാതാപിതാക്കളുടെ അറിവോടെ ആ വ്യക്തിയുമായി ഒന്നിച്ചു സംസാരിക്കാനോ, നടക്കാനോ ഒക്കെ കിട്ടുന്ന ചെറിയ അവസരങ്ങൾ ഉപയോഗിക്കുക. തുറന്നു സംസാരിക്കുക, മനസ്സിലാക്കാൻ ശ്രമിക്കുക, കർത്താവിനോടു ആലോചന ചോദിച്ചു തീരുമാനം എടുക്കുക.

**ബിൻസ്: വിവാഹമെന്ന വിളിയിൽ, ദൈവം നമ്മിൽ നിന്നും ആഗ്രഹിക്കുന്നത്?**

**ജേക്കബ്:** വിശുദ്ധിയിലേക്കുള്ള വിളിയാണ് വിവാഹത്തിലൂടെ ദൈവം നൽകുന്നത്. അതൊരിക്കലും ഒറ്റയ്ക്ക് നടന്നു തീർക്കേണ്ട വഴിയല്ല. രണ്ടു പേരും ഒന്നിച്ചു വളരുകയും അതുവഴി അവരുടെ തലമുറകളെക്കൂടി കൂട്ടിച്ചേർത്തു ഒരു വിശുദ്ധ ഗണമായി ദൈവത്തിലേക്ക് എത്തിച്ചേരണം എന്നതാണ് സ്വർഗം ആഗ്രഹിക്കുന്നത്. അതിനു ദമ്പതികൾ പരസ്പരമുള്ള പങ്കുവയ്ക്കൽ, കരുതൽ, വിട്ടുവീഴ്ച, ചേർത്ത് നിറുത്തൽ, പ്രാർഥന ഒക്കെ അനിവാര്യമാണ്.

**ബിൻസ്: പലരും പറയാറുണ്ട്, വിവാഹം ചെയുന്ന വ്യക്തിയെ ഇഷ്ടപ്പെട്ടാൽ മതി, അവരുടെ ആചാരം, വിശ്വാസം അതൊക്കെ അപ്രധാനമാണ് എന്നൊക്കെ.. നമ്മുടെ ഇപ്പോഴത്തെ ചുറ്റുപാടിൽ ഇന്ന് ഇവയ്ക്കൊക്കെ എത്രത്തോളം പ്രാധാന്യമുണ്ട് ?**

**ജേക്കബ്:** വിവാഹത്തിന്റെ വിളി എന്നുള്ളത് വിശുദ്ധി പ്രാപിക്കാനും സ്വർഗത്തിലെത്തിച്ചേരാനുമുള്ളതാണ്. ഞാനും എന്റെ ജീവിത പങ്കാളിയും മക്കളും അവരുടെ മക്കളും അങ്ങനെ മുന്നോട്ടുള്ള തലമുറകളെ ഒക്കെ സ്വർഗത്തിലേക്കെത്തിക്കാനുള്ള വിളിയാണ് വിവാഹത്തിലൂടെ ഒരു വ്യക്തിക്ക് ലഭിക്കുന്നത്. അതുപോലെ തന്നെ തങ്ങൾക്ക് പിന്നാലെ വരുന്ന തലമുറകളുടേയുമൊക്കെ സ്വർഗത്തിലെത്തിച്ചേരാനുള്ള അവകാശത്തിന് ഈ ദമ്പതികൾ പ്രതിജ്ഞാബദ്ധരാണ്. അപ്പോൾ ഒരു വ്യക്തി അവരുടെ തികച്ചും ലൗകീകമെന്നോ സ്വാർഥമെന്നോ പറയാവുന്ന താത്പര്യത്തിൽ നിന്നും വിവാഹിതരാകുമ്പോൾ വിശ്വാസവും, മതവും ഒന്നും നോക്കാതെ വിവാഹത്തിന്റെ കാതലായ വിളിയോട് മറുതലിക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ടാണ് വിവാഹമെന്നത് ഇത്രമേൽ വിശിഷ്ടവും വിശുദ്ധവുമായ വിളിയായി കണക്കാക്കപ്പെടുന്നത്.

***അഭിമുഖത്തിന്റെ വീഡിയോ പൂർണരൂപത്തിൽ കാണുവാൻ:***









മെറിൻ ജോസഫൈൻ എ., കൊല്ലം

# കലയുടെ
## ക്രിസ്റ്റ്യൻ ആർട്ടിസ്റ്റ്സ് കളക്റ്റീവ്

ഇക്കഴിഞ്ഞ ഓഗസ്റ്റ് 12 മുതൽ 15 വരെ തീയതികളിൽ തൃശൂർ കൊരട്ടി NIMITൽ വച്ചുനടന്ന ക്രിസ്റ്റ്യൻ ആർട്ടിസ്റ്റ്സ് കളക്ടീവ് എന്ന പ്രോഗ്രാം ഏറെ പ്രത്യേകതകളോടെയാണ് പര്യവസാനിച്ചത്. അന്തർദേശീയ യുവജനമുന്നേറ്റമായ ജീസസ് യൂത്ത് സംഘടിപ്പിച്ച ഈ പ്രോഗ്രാമിനായി മ്യൂസിക്, തിയറ്റർ, ആർട്ട്, മീഡിയ എന്നീ മേഖലകളിൽ തത്പരരും കഴിവുള്ളവരുമായ കേരളത്തിലെ അഞ്ഞൂറോളം പേരാണ് ആ ക്യാമ്പസിൽ ഒരുമിച്ചു കൂടിയത്.

ആത്മീയവും ഭൗതികവുമായ കാര്യങ്ങളിൽ ഒരു വ്യക്തിയെ രൂപപ്പെടുത്താനായി സഹായിക്കുന്നു എന്നത് ജീസസ് യൂത്ത് മുന്നേറ്റത്തെ മറ്റു പലതിൽ നിന്നും വ്യത്യസ്തമാക്കുന്ന ഒരു പ്രധാന കാര്യമാണ്. ദൈവത്തിലാശ്രയിക്കാനും കത്തോലിക്കാസഭയെ സ്നേഹിച്ച്, കൗദാശിക ജീവിതത്തെ മുൻനിറുത്തി ജീവിക്കാനും യുവതീയുവാക്കളെ ഈ മുന്നേറ്റം പ്രചോദിപ്പിക്കുന്നുണ്ട്. അനേകർ ക്രിസ്തുവിനെ ആഴത്തിൽ അനുഭവിക്കാൻ ഇത് കാരണമാകുന്നുമുണ്ട്.

Christian Artists Collective

### ഒരു കുടക്കീഴിൽ

കാണുകയും കേൾക്കുകയും അനുഭവമാകുന്നതുമായ കാര്യങ്ങളെ, ആസ്വദിക്കുന്നതിനായി ചിട്ടപ്പെടുത്തുമ്പോളാണ് കല ജനിക്കുന്നതെന്ന് നമുക്കറിയാമല്ലോ. മ്യൂസിക്, തിയറ്റർ, ആർട്ട്, മീഡിയ എന്നീ വിഭാഗങ്ങളെ ഒരുമിച്ച് ഒരു കുടക്കീഴിൽ കൊണ്ടുവന്നു നടത്തിയ ഒരു പരിപാടിയായിരുന്നു ഇത്. തിയറ്റർ മിനിസ്ട്രിയുടെ നേതൃത്വത്തിൽ വിവിധ കലാകാരന്മാരും കലാകാരികളും ചേർന്നവതരിപ്പിച്ച തീം ഡാൻസ് ഏറെ ആകർഷകമായിരുന്നു. ഈ കോൺഫറൻസ് എന്താണെന്ന് വിശദമാക്കുന്ന രീതിയിലായിരുന്നു നൃത്ത പരിപാടി അരങ്ങേറിയത്. ദൈവം തന്ന ഒരു ദാനമാണ് കല, അതിനെ വളർത്താനും ദൈവ മഹത്വത്തിനായി ഉപയോഗിക്കാനും സമൂഹത്തിന്റെ പൊതു നന്മയ്ക്കുവേണ്ടി പ്രയോജനപ്പെടുത്താനും എല്ലാവർക്കും ഒരുപോലെ ഉത്തരവാദിത്വമുണ്ട്. വിശുദ്ധ കുർബാനയ്ക്കിടയിലെ വൈദികരുടെ പ്രസംഗങ്ങളിലും ഇക്കാര്യം തെളിഞ്ഞു നിൽക്കുന്നുണ്ടായിരുന്നു. സഭാകമ്പം ഇല്ലാതാക്കാനും ആത്മവിശ്വാസം വർധിപ്പിക്കാനും എല്ലാത്തിനുപരിയായി കല എന്ന കഴിവ് ദൈവം നൽകിയതാണെന്ന് പങ്കെടുക്കുന്ന ഓരോരുത്തർക്കും മനസ്സിലാക്കുവാൻ സഹായകരവുമായിരുന്നു.

പങ്കെടുക്കുന്നവരെ പ്രധാനമായും നാല് സ്ട്രീമുകളിലായി തിരിച്ചായിരുന്നു പ്രോഗ്രാം നടന്നത്. അതുകൊണ്ടുതന്നെ ഓരോരുത്തർക്കും അവരവരുടെ മേഖലകളിൽ കൂടുതൽ ഫോക്കസ്ഡ് ആകുവാൻ അത് സഹായിച്ചു. കഴിവുകൾ പ്രയോജനപ്പെടുത്താനായി അവർ നേരിടുന്ന തടസ്സങ്ങളെ പറ്റിയും അവർക്കുള്ള അപാരമായ സാധ്യതകളെപ്പറ്റിയും അനുഭവങ്ങളുടെ വെളിച്ചത്തിൽ ക്ലാസ്സുകളിൽ പങ്കുവയ്ക്കപ്പെട്ടത് എല്ലാവർക്കും ഏറെ ഉപകാരപ്പെട്ടു.

ഒഴിവ് സമയങ്ങൾ ആനന്ദപ്രദമാക്കാനും യാതൊരുവിധ മാനസിക സംഘർഷങ്ങളുമില്ലാതെ എല്ലാ കലാകാരന്മാർക്കും അവരവരുടെ കഴിവുകൾ പ്രകടിപ്പിക്കാനും അവസരങ്ങളുണ്ടായിരുന്നു എന്നത് ഈയൊരു ടാലന്റ് കോൺഫറൻസിന്റെ വലിയൊരു പ്രത്യേകതയായിരുന്നു. ഡാൻസ്, മാർഗംകളി, ലോഗോ ഡിസൈനിങ്, സ്പ്രേ പെയിന്റിങ് തുടങ്ങിയവ, സ്ട്രീം വ്യത്യാസമില്ലാതെ അനേകമാളുകൾ പങ്കെടുക്കുകയും ആസ്വദിക്കുകയും ചെയ്തതു. കൂടാതെ മ്യൂസിക് സ്ട്രീമിൽ കുപ്പി, വടി, സ്റ്റീൽ ഗ്ലാസ് മുതലായവ ഉപയോഗിച്ച് സംഗീതം രൂപപ്പെടുത്തി അവതരിപ്പിച്ചത് വളരെ ഹൃദ്യമായ ഒരു അനുഭവമായിരുന്നു നൽകിയത്.

# പറുദീസ

## പ്രഗത്ഭരുടെ നീണ്ടനിര

അനേകം വൈദികരുടെയും പിതാക്കന്മാരുടെയും സാന്നിധ്യം എടുത്തുപറയേണ്ട ഒരു അനുഗ്രഹപ്രദമായ കാര്യമായിരുന്നു. ഓരോ കലാകാരന്മാരും ദൈവത്തിന്റെ ദാനമാണെന്നും അവർ വിപ്ലവം സൃഷ്ടിക്കുകയുമാണ് ചെയ്യുന്നതെന്നുമുളള വൈദികരുടെ വാക്കുകൾ ഏറെ പ്രചോദനാത്മകമായിരുന്നു. വി.ജെ. ട്രാവൻ, സ്റ്റീഫൻ ദേവസി, അൽഫോൺസ് ജോസഫ്, ഷെൽട്ടൻ പിൻഹീറോ തുടങ്ങിയ അനുഗ്രഹീത കലാകാരന്മാരുടെ പങ്കുവയ്ക്കലുകൾ അവർണനീയമായ അനുഭവമായിരുന്നു. 'പന്ത്രണ്ട്' എന്ന സിനിമയുടെ സംവിധായകനായ ലിയോ തദേവൂസ് ചേട്ടന്റെ ജനകീയമായ രീതിയിലുള്ള ഇന്ററാക്ഷൻ വളരെ സന്തോഷം പകർന്നു. വി.ജെ. ട്രാവന്റെയും അൽഫോൺസിന്റെയും സംഗീതം എല്ലാവരുടെയും കണ്ണുകളെ ഈറനണിയിക്കുകയും സ്വർഗീയമായ വേറെയൊരനുഭവത്തിന്റെ നെറുകയിൽ





എത്തിക്കുകയും ചെയ്തു. ക്രിസ്തുവിനെ അറിഞ്ഞവർ വിവിധ കലകളിലൂടെ അവരുടെ വ്യക്തിമുദ്ര പതിപ്പിച്ചു  എന്നത് വലിയ സന്തോഷം പകരുന്നതായിരുന്നു.


'നെവർ പോസ് യുവർ എബിലിറ്റീസ്' എന്ന സെഷനിടയിലെ ഹൈബ്രിഡ് പാനൽ ഷെയറിങ് ഈ പ്രോഗ്രാമിന്റെ ഒരു ഹൈലൈറ്റായിരുന്നു. സിനിമ സംഗീത മേഖലകളിൽ ഉണ്ടായിരുന്നവർ പലരും ജീസസ് യൂത്ത് മിനിസ്ട്രികളിൽ ഓടിനടന്ന് പ്രവർത്തിച്ചിരുന്നവരായിരുന്നു എന്നറിഞ്ഞത് പ്രചോദനവും പ്രോത്സാഹനവുമായിരുന്നു. സിനിമ സംവിധായരായ ടോം ഇമ്മട്ടി, ഡിജോ ജോസ്, സൂരജ് ടോം,  സംഗീതസംവിധായകനായ സെജോ ജോൺ, കലാസംവിധായകനായ ജോസഫ് നെല്ലിക്കൽ, എഡിറ്റർ സുനീഷ് സെബാസ്റ്റ്യൻ, അസോസിയേറ്റ് ഡയറക്ടർ ഉമേഷ് എസ്. നായർ മുതലായവർ പാനലിൽ പങ്കെടുത്തു.


ജെ.വൈ. മിനിസ്ട്രികൾക്കും പ്രോഗ്രാമുകൾക്കും വേണ്ടി ആർട്ട് വർക്കുകൾ ചെയ്തു തുടങ്ങിയ ജോസഫ് നെല്ലിക്കലിന്റെ ജീവിതാനുഭവം വളരെ ആത്മവിശ്വാസം തരുന്നതായിരുന്നു. പിന്നീട് സിനിമ ലോകത്ത് തൊണ്ണൂറോളം സിനിമകളിൽ കലാസംവിധാനം ചെയ്യാൻ അദ്ദേഹത്തിന്റെ ദൈവാനുഭവം ഇടയാക്കി. രണ്ട് വ്യത്യസ്ത സിനിമകൾ സംവിധാനം ചെയ്യുന്നതിനിടയിൽ ഡിജോ ജോസ് നേരിട്ട പ്രതിസന്ധികൾ,



Alphons Joseph


Dijo Jose Antony


Joseph Nellickal


Leo Thaddeus


Sejo John


Shelton Pinheiro



വിശ്വാസം കൊണ്ട് അദ്ദേഹം എങ്ങനെ നേരിട്ടു എന്നുള്ളത് വളരെ ശ്രദ്ധേയമായ പങ്കുവയ്ക്കലായിരുന്നു. ജീസസ് യൂത്തിനു വേണ്ടി വീഡിയോഗ്രാഫി ചെയ്തു തുടങ്ങിയ എഡിറ്റർ സുമേഷിന്റെ ജീവിതവിജയവും കാണികളെ വളരെയധികം ആകർഷിച്ചു. അനുഭവസമ്പത്തുള്ളവരെക്കാൾ വിജയം, ഇവർക്ക് ലഭിക്കാനിടയായത് ദൈവവിശ്വാസത്തിന്റെ വെളിച്ചത്തിലാണ് എന്നതിൽ സംശയമില്ല.

ചലച്ചിത്ര ലോകത്ത് ഇത്രയും ജീസസ് യൂത്ത് ചേട്ടന്മാർ ഉണ്ടെന്നറിഞ്ഞത് ഏറെ അത്ഭുതവും അഭിമാനവും തോന്നിയ നിമിഷങ്ങളായിരുന്നു. ജീവിത വിജയത്തിന് പിന്നിൽ ധാരാളം വെല്ലുവിളികളുണ്ടെന്നും എന്നിരുന്നാലും അവയ്ക്കിടയിലും ദൈവത്തിന്റെ ഇടപെടലുകൾ കാണാനാവുമെന്ന കാര്യവും ഇവരുടെ പങ്കുവയ്ക്കലിലൂടെ മനസ്സിലാക്കാൻ കഴിഞ്ഞു. കലയിലൂടെ ക്രിസ്തുവിനെ പങ്കുവയ്ക്കാനുള്ള വലിയൊരു പ്രചോദനവുമായിരുന്നു ഇവരുടെയൊക്കെ സാന്നിധ്യം.

പാടുന്നതും ഡാൻസ് ചെയ്യുന്നതുമായ ഒരുപാട് അച്ചന്മാരെ കണ്ടിട്ടുണ്ട്. പെയിന്റ് പെട്ടിയുമായി വരുന്ന ഒരു അച്ചനെ കാണുന്നത് ആദ്യമായാണ്. ഒരു കൂട്ടം പാർട്ടിസിപ്പന്റ്സിന്റെ നടുക്കിരുന്ന് ദിപിൻ അച്ചൻ തമാശ പറഞ്ഞു ചിരിച്ചുകൊണ്ട് വരയ്ക്കുന്നത് കണ്ടപ്പോൾ ദൈവം തന്ന താലന്ത് എത്ര മനോഹരമായാണ് ഉപയോഗിക്കുന്നത് എന്നോർത്തുപോയി.

## രസങ്ങളുടെ രഹസ്യങ്ങൾ

ഒരൊഴിവുസമയത്തെ സംസാരത്തിനിടയിൽ ഒരു സമപ്രായക്കാരൻ പറഞ്ഞ കാര്യം വളരെ ഹൃദയസ്പർശിയായിരുന്നു. തന്റെ സോണിലെ ക്യാമ്പസ് മീറ്റ് വിജയിക്കുന്നതിനായി അദ്ദേഹം തന്റെ തലയണ മുഴുവൻ കല്ല് നിറച്ച്, മെത്തയുടെ പുറത്തും കല്ല് നിറച്ച് അതിൽ കിടന്നുറങ്ങി. കർത്താവ് തന്നെ ഏൽപിച്ച ആത്മാക്കളുടെ രക്ഷയ്ക്കായി ആരുമറിയാതെ ഇത്തരം ത്യാഗപ്രവൃത്തികൾ ചെയ്യുന്നവരും ചെറുപ്പക്കാർക്കിടയിലുണ്ട് എന്നറിഞ്ഞത് അവർണനീയമായ ഒരനുഭവമായിരുന്നു. ഇവിടെ ചാപ്പലിലും ഇതിന് സമാനമായ കാര്യങ്ങൾ കാണാൻ സാധിച്ചു. ചരലിൽ മുട്ടുകുത്തി പ്രാർഥിക്കുന്ന പല ചെറുപ്പക്കാരെയും അവിടെ കണ്ടു. അധികമാരുമറിയാതെ മറ്റുള്ളവരുടെ രക്ഷയ്ക്ക് വേണ്ടി ചെയ്യുന്ന ഈ ത്യാഗങ്ങൾ വളരെ പ്രചോദനകരമാണ്.

കിച്ചണിൽ നിന്നും ഇറങ്ങാതെ രാപ്പകൽ സമയാസമയം ആഹാരം ഉണ്ടാക്കാനായി പ്രയത്നിക്കുന്ന ചേട്ടന്മാരെ കണ്ടപ്പോൾ, ശരിക്കും സന്തോഷം തോന്നി. പ്രോഗ്രാമിന്റെ മെയിൻ ഹാളിൽ എന്താണ് നടക്കുന്നതെന്നു പോലും അറിയാതെ അവർ ജോലിയിൽ വ്യാപൃതരായിരുന്നു. ഒപ്പം കളി തമാശകളും വിശേഷങ്ങളും മുന്നേറ്റത്തിൽ വന്ന അനുഭവങ്ങളും ദൈവാനുഭവങ്ങളുമൊക്കെ അവർ പങ്കുവയ്ക്കുന്നുണ്ടായിരുന്നു. പ്രോഗ്രാം ഹാളിൽ നിന്നും എത്ര ബഹളങ്ങൾ ഉണ്ടായാലും, അവിടേക്ക് ഒന്നെത്തിനോക്കുകപോലും ചെയ്യാതെ ചാപ്പലിൽ തന്നെ ഇരുന്ന് താളമേളങ്ങളോടെ പാട്ടുപാടുകയും പ്രാർഥിക്കുകയും ചെയ്യുന്ന സഹോദരങ്ങളും മനസ്സിനെ ഏറെ സ്വാധീനിച്ചു. ഒഴിവുസമയങ്ങളിൽ അവർ കിച്ചണിൽ സഹായിക്കാൻ ഉണ്ടായിരുന്നു. കിട്ടുന്ന ഓരോ നിമിഷവും മറ്റുള്ളവർക്ക് ഈശോയെ നൽകാൻ ഇവർ കാണിക്കുന്ന ആവേശം വളരെ ശ്രദ്ധേയമായിരുന്നു. ഇങ്ങനെ പലകാര്യങ്ങളുടെയും പിന്നാമ്പുറങ്ങളിലുള്ള ത്യാഗനിർഭരമായ പ്രവൃത്തികളും പ്രാർഥനകളുമാണ് എല്ലാ രസങ്ങൾക്കും പിന്നിലുള്ള രഹസ്യങ്ങൾ.


## ഇതാ ഒരു ചലഞ്ച്

സത്യത്തിൽ ഈ പ്രോഗ്രാം മാത്രമല്ല, ലോകത്തെവിടെയും നടക്കുന്ന ഒരോ ജീസസ് യൂത്ത് പ്രോഗ്രാമും അനേകം വ്യക്തികളുടെ ത്യാഗവും ഒരുപാടാളുകളുടെ തീക്ഷ്ണതയുള്ള ജീവിത സാക്ഷ്യങ്ങളും കൊണ്ട് നിറഞ്ഞതാണ്. ആത്മീയമായി വളരാനും കൂദാശകളിൽ ജീവിക്കാനും സഭയെ സ്നേഹിക്കാനുമൊക്കെ യുവജനങ്ങളെ പ്രാപ്തരാക്കുകയും സഹായിക്കുകയും ജീവിത സാക്ഷ്യത്തിനായി അവരെ ചലഞ്ച് ചെയ്യുകയും ചെയ്യുന്ന ഈ മുന്നേറ്റത്തിൽ അംഗമായിരിക്കുകയെന്നത് ഏറെ അഭിമാനമുള്ള കാര്യമായി തോന്നുന്നു. കലാ-സാഹിത്യ-സാംസ്കാരിക മേഖലയിൽ വരുംനാളുകളിൽ, ഈ പ്രോഗ്രാമിൽ പങ്കെടുത്ത ചെറുപ്പക്കാരിലൂടെ അനവധി പുതുതുടക്കങ്ങൾ ഉണ്ടാകട്ടെ. സർഗാത്മകമായ പുതുലോകം സംജാതമാകട്ടെ ||


Sooraj Tom


Stephen Devassy


Sunesh Sebastian


Tom Emmatty


Umesh S Nair


V J Traven



ഡോ. ജോ ജോസഫ്

വർഷങ്ങൾക്കുശേഷമാണ് കഴിഞ്ഞ ദിവസമെനിക്ക് ത്രിപാഠി സാറിന്റെ ഫോൺ വന്നത്. ഒറീസയിലെ എം.ഡി പഠനകാലത്ത് സീനിയറായിരുന്നു ത്രിപാഠി സാർ. സർക്കാർ സർവീസ് കോട്ടയിൽ ബിരുദാനന്തര ബിരുദ പ്രവേശനം നേടിയ ആളായിരുന്നതിനാൽ പ്രായത്തിൽ മുതിർന്ന സഹപാഠിയായിരുന്നു സാർ. അതുകൊണ്ട് തന്നെ ഇന്നും ഗുരുതുല്യനായിട്ടാണ് സാറിനെ ഞാൻ കരുതുന്നത്. ഉപതിരഞ്ഞെടുപ്പിൽ സ്ഥാനാർഥിയായ വിവരം അറിഞ്ഞിട്ടാണ് ഇപ്പോഴത്തെ ഫോൺവിളി. ഏറെനേരം സംസാരിച്ചതിനുശേഷം അദ്ദേഹം ഡോക്ടർ അരുണിന്റെ വീട്ടുകാരെപ്പറ്റി ചോദിച്ചു. മറക്കാൻ മാത്രം ആഗ്രഹിക്കുന്ന ഒരേടിന്റെ നൊമ്പരപ്പെടുത്തുന്ന ഓർമപ്പെടുത്തലായിരുന്നു അത്.

അരുൺ - 2003 മെയ് മാസത്തിൽ എം.ഡി പഠനത്തിനായി കോറമണ്ഡൽ എക്സ്പ്രസിൽ കയറി കട്ടക്കിലെ കൊടും ചൂടിലേക്ക് ചെന്നിറങ്ങിയപ്പോൾ മുതൽ തുടങ്ങിയ ഹൃദയബന്ധം.

# എന്റെ ആദ്യ വിമാന യാത്ര

## ഓർമിക്കാൻ ഒട്ടും ആഗ്രഹിക്കാത്ത ഒന്ന്

2005ലെ  കൊടുംവേനലിന്റെ തുടക്കത്തിൽ പൊലിയുന്നത് വരെ ഏകദേശം 700 ദിവസങ്ങൾ മാത്രം ഉണ്ടായിരുന്ന ഒരു സൗഹൃദം! വർഷങ്ങൾക്കുശേഷം ഇപ്പോഴും ഓരോ തവണ ഓർക്കുമ്പോഴും അവൻ കൂടെയുണ്ടായിരുന്നെങ്കിൽ എന്ന് ആശിച്ചുപോകുന്ന സൗഹൃദം. അരുണിനെ ഓർക്കാതെ കടന്നുപോയിട്ടില്ല, പിന്നീടൊരു ഏപ്രിൽ 18കളും എന്റെ ജീവിതത്തിൽ.

മരണത്തെ വിധിയുടെ വിളയാട്ടം എന്നൊക്കെ വിശേഷിപ്പിക്കാറുണ്ടെങ്കിലും അവന്റെ മരണം വിധിയുടെ ഏറ്റവും ക്രൂരവും പൈശാചികവുമായ ഒരു നായാട്ട് തന്നെയായിരുന്നു. ഞാനും ഡോ. ജോബിയും ഡോ. അരുണും ഒരേ വർഷമാണ് കട്ടക്കിൽ എത്തിപ്പെട്ടത്. ഞാനും ജോബിയും മെഡിസിൻ ബിരുദാനന്തര ബിരുദത്തിനും അരുൺ ഓർത്തോപീഡിക്സിൽ ബിരുദാനന്തര ബിരുദത്തിനും. അവിടെ ചെന്നതുമുതൽ ജീവിതം ഒരുമിച്ചായി. ഒരേ വീട്ടിൽ താമസവും ഒരുമിച്ചുള്ള പാചകവും. അപരിചിതമായ നാട്, പിടികിട്ടാത്ത ഭാഷ, ശീലിച്ചിട്ടില്ലാത്ത ഭക്ഷണരീതികൾ, കഠിനമായ കാലാവസ്ഥ, തീവ്രമായ പരിശീലനവും ജോലിയും. അങ്ങനെ പ്രതികൂലമായ പലതിനും നടുവിൽ ആശ്വാസമായി ഈ രണ്ടു ആത്മമിത്രങ്ങൾ മാത്രം. വായ്ക്കു രുചിയുള്ള ഭക്ഷണം കഴിച്ചിരുന്നത് എന്റെ ഭാര്യയായ ദയയോ, അരുണിന്റെ ഭാര്യയായ ഡോ. ആരതിയോ വല്ലപ്പോഴും വരുമ്പോൾ മാത്രം. ജോബിയന്ന് അവിവാഹിതനാണ്. അങ്ങനെ ഒരേ പാത്രത്തിൽ നിന്നുണ്ട്, ഒരേ വീട്ടിലുറങ്ങി സഹോദരതുല്യമായ ഒരു ബന്ധം. അതുകൊണ്ടുതന്നെ അവന്റെ നഷ്ടം ഇന്നും കണ്ണിൽ നനവ് പടർത്തുന്നു.

ബൈക്കപകടമോ മറ്റോ ആയിരിക്കുമെന്നാണ് ആദ്യം തോന്നിയത്. അപ്പോഴാണ് കൂടെയുള്ളവർ പറയുന്നത് അവൻ വെടിയേറ്റാണ് മരിച്ചതെന്ന്. വെടിയേറ്റോ?! ശരീരം മുഴുവൻ കുഴയുന്നതുപോലെ തോന്നി

2005 ഏപ്രിൽ 18 – ഒരു തിങ്കളാഴ്ചയായിരുന്നു. എനിക്ക് തലേദിവസം 24 മണിക്കൂർ ഡ്യൂട്ടി ആയിരുന്നു. അഡ്മിറ്റാക്കിയ രോഗികളെയെല്ലാം കണ്ടു, വേണ്ട പരിശോധനകളും ചികിത്സകളും നടത്തി ഉച്ചകഴിഞ്ഞ് ഏകദേശം രണ്ടു മണിയായിക്കാണും ആശുപത്രിയിൽ നിന്നിറങ്ങുമ്പോൾ. ഹോസ്റ്റലിന് സമീപമുള്ള ആശുപത്രിമതിലിന്റെ പൊട്ടിപ്പൊളിഞ്ഞ ഭാഗത്തുകൂടി ചാടിക്കടന്നാണ് വീട്ടിലേക്കുള്ള കുറുക്കുവഴി. ഹോസ്റ്റലിൽ നിന്നും നഗരത്തിലെ പ്രധാന ഭാഗമായ മംഗലാബാഗിലേക്കുള്ള എളുപ്പവഴിയാണത്. ഞാനും ജോബിയും വന്നു കയറിയപ്പോൾ അരുൺ ഉച്ചമയക്കത്തിലായിരുന്നു. ഞങ്ങൾ ഉണർത്തിയില്ല, കാരണം അന്ന് അദ്ദേഹത്തിന് എമർജൻസി ഡ്യൂട്ടിക്ക് പോകാനുള്ളതാണ്. തിരക്കോട് തിരക്കിന്റെ ദിവസം. ഒരുപോള കണ്ണടയ്ക്കാൻ പറ്റാത്തത്ര തിരക്കാണ് അവിടത്തെ കാഷ്വാലിറ്റിയിൽ. വിശന്നു വന്നുകയറിയതുകൊണ്ട് നേരെ അടുക്കളയിൽ പോയി നോക്കി. ചോറും മുട്ട പൊരിച്ചതും അരുൺ തയ്യാറാക്കിവച്ചിട്ടുണ്ട്. നാട്ടിൽ നിന്ന് കൊണ്ടുവന്ന അച്ചാറുകളും ചമ്മന്തി പൊടിയുമാണ് മറ്റു സ്ഥിരം വിഭവങ്ങൾ. ഭക്ഷണവും കഴിച്ച് ഞാനും ജോബിയും ഉറക്കമായി. ആശുപത്രിയിലേക്ക് പോയപ്പോൾ അരുണും ഞങ്ങളുടെ ഉറക്കത്തിനു ഭംഗം വരുത്തിയില്ല.

ഏകദേശം അഞ്ചു മണിയോടുകൂടി നിറുത്താതെ അടിക്കുന്ന ഫോണാണ് ഞങ്ങളെ ഉണർത്തിയത്. ഒറിയക്കാരനായ സുഹൃത്താണ്. പെട്ടെന്ന് റെഡിയായി നിൽക്കൂ, അവർ ഇങ്ങോട്ട് വരുന്നുണ്ട് എന്നാണ്. എന്തിനാണെന്ന് ചോദിക്കും മുമ്പേ ഫോൺ വച്ചു. അഞ്ച് മിനിറ്റിനുള്ളിൽ തന്നെ രണ്ട് ബൈക്കുകളിലായി കൂട്ടുകാരെത്തി ഞങ്ങളെയും കയറ്റി ശരവേഗത്തിൽ ആശുപത്രിയിലേക്ക് കുതിച്ചു. ഒരൊറ്റ ചോദ്യത്തിനും ഉത്തരത്തിനും ഉള്ള സമയം മാത്രമേ അവിടെ എത്തുംവരെ ഉണ്ടായിരുന്നുള്ളൂ. അരുൺ ഭായിക്ക് ഒരു അപകടം പറ്റി എന്ന് മാത്രം മനസ്സിലായി. കാഷ്വാലിറ്റിയിലെത്തിയപ്പോൾ അവിടെ മുഴുവൻ വിദ്യാർഥികളെക്കൊണ്ട് നിറഞ്ഞിരിക്കുന്നു. ഞങ്ങൾ അകത്തു കയറി. ആരും ഒരക്ഷരം പോലും മിണ്ടുന്നില്ല. അവിടെ മൂലയിലുള്ള ഒരു കട്ടിലിൽ, ബെഡ്ഷീറ്റ് പോലുമിടാത്ത പൊട്ടിപ്പൊളിഞ്ഞ മെത്തയിൽ അരുൺ കിടക്കുന്നു. ചേതനയറ്റ ശരീരം. ചുറ്റും രക്തം തളം കെട്ടിക്കിടക്കുന്നു. മൂക്കിൽ ഓക്സിജൻ ട്യൂബ് പോലുമില്ല. അവിടെത്തും മുമ്പേ അവൻ പോയിരുന്നു എന്നർഥം.

ബൈക്കപകടമോ മറ്റോ ആയിരിക്കുമെന്നാണ് ആദ്യം തോന്നിയത്. അപ്പോഴാണ് കൂടെയുള്ളവർ പറയുന്നത് അവൻ വെടിയേറ്റാണ് മരിച്ചതെന്ന്. വെടിയേറ്റോ? ശരീരം മുഴുവൻ കുഴയുന്നതുപോലെ തോന്നി. എന്നെയും ജോബിയെയും താങ്ങിപ്പിടിച്ചു കൂട്ടുകാർ കാഷ്വലിറ്റിക്ക് പുറത്തേക്ക് കൊണ്ടുപോയി. അവിടെ നിലത്തിരുന്ന്



അവർ പറഞ്ഞതെല്ലാം ഒരു കെട്ടുകഥ പോലെ ഞാൻ കേട്ടു.

ഗുണ്ടാസംഘങ്ങൾ തമ്മിലുള്ള സംഘട്ടനങ്ങൾ കട്ടക്കിൽ സർവസാധാരണമായിരുന്നു. വെടിവയ്പ്പുകളും ബോംബ് സ്ഫോടനങ്ങളും നിത്യ സംഭവങ്ങൾ. ഞങ്ങൾ താമസിച്ചിരുന്ന വീടിനു സമീപം പലപ്പോഴും വെടിയൊച്ചകൾ കേൾക്കാറുമുണ്ട്. അത്തരമൊരു സംഘട്ടനത്തിൽ ഒരു ഗുണ്ട അന്ന് കട്ടക്ക് നഗരത്തിൽ കൊല്ലപ്പെട്ടിരുന്നു. അയാളുടെ പോസ്റ്റുമോർട്ടം നടപടികൾ ഫോറൻസിക് വിഭാഗത്തിൽ നടക്കുകയായിരുന്നു. അപ്പോഴാണ് എതിർചേരിയിലുള്ള ഗുണ്ടാ ഗ്യാങ്ങിൽ ഒരാളെ പോലീസ് അവിടെ കണ്ടത്. അയാളെ പിടികൂടി തൊട്ടടുത്തുള്ള മംഗലാബാഗ് പോലീസ് സ്റ്റേഷനിലേക്ക് കൊണ്ടുപോകാനായി പോലീസുകാരൻ തന്റെ ബൈക്കിൽ കയറ്റി, പുറകിൽ മറ്റൊരു പൊലീസുകാരനെയും. ആശുപത്രിയുടെ പ്രധാന ഗേറ്റ് കടന്നപ്പോഴാണ് നടുവിലിരുന്ന ഗുണ്ട തന്റെ പോക്കറ്റിൽനിന്ന് തോക്കെടുത്തു ബൈക്കോടിക്കുന്ന പോലീസുകാരന്റെ തലയിലേക്ക് ഉന്നംവച്ചത്. ഇതുകണ്ട് പുറകിലിരുന്ന പോലീസുകാരൻ അയാളുടെ കൈ തട്ടി. തോക്കിൽ നിന്നുള്ള ആ വെടിയുണ്ട എതിർദിശയിൽ വരികയായിരുന്ന എന്റെ കൂട്ടുകാരന്റെ നെഞ്ചിന്റെ പുറകുവശത്തു കൂടെ കയറി മഹാധമനി തകർക്കുകയും അങ്ങനെ തൽക്ഷണം അരുൺ മരിക്കുകയുമാണുണ്ടായത്. മുന്നോട്ടുകുതിക്കേണ്ട വെടിയുണ്ട പുറകോട്ട് പാഞ്ഞു എതിർദിശയിൽ വന്നയാളിന്റെ നെഞ്ചിൻകൂട് തകർക്കുക.., അതും താൻ ജോലി ചെയ്യുന്ന കാഷ്വാലിറ്റിയിൽ നിന്നും 100 മീറ്ററിൽ താഴെ ദൂരെവച്ച്! ഇതിനെ വിശേഷിപ്പിക്കാൻ വിധിയുടെ വിളയാട്ടം എന്ന വാക്ക് മതിയാവില്ല, വിധിയുടെ ക്രൂരമായ താണ്ഡവം എന്നല്ലേ പറയാനാവൂ?!

സ്വബോധവും സമചിത്തതയും അൽപസമയം കൊണ്ട് വീണ്ടെടുത്തു. അതല്ലാതെ നിവൃത്തിയില്ലായിരുന്നു. അരുണിന്റെ ബന്ധുക്കളെ വിവരമറിയിച്ചു. അന്നു കൈയിലുണ്ടായിരുന്ന NOKIA 3310 ഫോണിൽ വാട്സാപ്പും വീഡിയോ കോളും ഒന്നും ഇല്ലായിരുന്നതുകൊണ്ട് ദുഃഖകരമായ ആ ചുമതല ലഘൂകരിക്കപ്പെട്ടു. പോസ്റ്റുമോർട്ടം നടപടികൾക്കുള്ള ഫോമുകളിൽ ഒപ്പുവച്ചു. മൃതദേഹം നാട്ടിൽവരെ എത്തിക്കേണ്ടതുകൊണ്ട് എംബാം ചെയ്യാനായി ശ്രമം. എന്നാൽ, മഹാധമനിയും പൾമനറി ധമനികളുമെല്ലാം തകർന്നതുകൊണ്ട് എംബാമിങ് ഫലപ്രദമാകില്ല എന്ന് ഫോറൻസിക് ഡോക്ടർമാർ അറിയിച്ചു. നാട്ടിൽ നിന്നും ബന്ധുക്കൾ വരാൻ താമസം ഉണ്ടാകുമെന്നതിനാൽ മൃതദേഹം നാട്ടിലെത്തിക്കാനുള്ള ചുമതല ബന്ധുക്കൾ ഞങ്ങളെ ഏൽപിച്ചു. മെഡിക്കൽ കോളജ് പ്രിൻസിപ്പാളും ഒറീസ്സ സർക്കാർ പ്രതിനിധികളും ഞങ്ങളെ വന്നു കണ്ടു. അങ്ങനെ വിമാനമാർഗം മൃതദേഹം നാട്ടിലെത്തിക്കാൻ തീരുമാനിച്ചു. നേരിട്ട് തിരുവനന്തപുരത്തേക്ക് വിമാനം ഇല്ലാത്തതുകൊണ്ട് പിറ്റേദിവസം ഉച്ചക്ക് ഭുവനേശ്വറിൽ നിന്നും ചെന്നൈക്കും, അതിന്റെ പിറ്റേന്ന് രാവിലെ ചെന്നൈയിൽ നിന്നും തിരുവനന്തപുരത്തേക്കും വിമാനമാർഗം സഞ്ചരിക്കാൻ തീരുമാനമെടുത്തു. കൂടെ ഞാനും ഡോ. ജോബിയും അരുണിന്റെ ഡിപ്പാർട്ട്മെന്റിൽ ജൂനിയർ ആയിട്ടുള്ള ഡോ. പ്രഭാകരനും. എന്റെ ജീവിതത്തിലെ ആദ്യത്തെ വിമാനയാത്ര.

ഭുവനേശ്വർ വിമാനത്താവളത്തിലേക്ക് പോകുന്ന വഴിയിൽ നിറുത്തി ശവപ്പെട്ടിയുടെ ബാക്കി പണികൾ ഞങ്ങൾ ആരംഭിച്ചു. ഉൾഭാഗം മുഴുവൻ പ്ലാസ്റ്റിക് കൊണ്ട് പൊതിഞ്ഞു

പ്രശ്നങ്ങളുടെയും പ്രതിസന്ധികളുടെയും ഘോഷയാത്രയുടെ തുടക്കം മാത്രമായിരുന്നു അത്. ആ രാത്രി മൃതദേഹം എവിടെ സൂക്ഷിക്കുമെന്നതായിരുന്നു ആദ്യത്തെ പ്രതിസന്ധി. ഒരാൾ മരിച്ചു കഴിഞ്ഞാൽ എത്രയും പെട്ടെന്ന് മരണാനന്തര കർമങ്ങൾ ചെയ്യുക എന്നതായിരുന്നു ഒറിയക്കാരുടെ രീതി. അതുകൊണ്ട് മൃതദേഹം സൂക്ഷിക്കാനുള്ള മോർച്ചറി സൗകര്യങ്ങൾ ഇരട്ട നഗരങ്ങൾ എന്നറിയപ്പെട്ടിരുന്ന കട്ടക്ക്-ഭുവനേശ്വർ നഗരങ്ങളിൽ അക്കാലത്ത് ഇല്ലായിരുന്നു. പുരി എന്ന പുണ്യ നഗരത്തിന്റെ സാമീപ്യവും ഇതിനൊരു കാരണമായിരുന്നു. പുരിയിൽ മൃതദേഹം ദഹിപ്പിച്ചാൽ നേരെ മോക്ഷം പ്രാപിക്കുമെന്നായിരുന്നു അവരുടെ വിശ്വാസം. അതുകൊണ്ട് ഒരു മൊബൈൽ മോർച്ചറി സൗകര്യം പോലും അക്കാലത്ത് അവിടെ ലഭ്യമല്ലായിരുന്നു. മറ്റൊരു മാർഗവും ഇല്ലാതിരുന്നതിനാൽ പി.ജി ഹോസ്റ്റലിലെ ടി.വി മുറിയിൽ വലിയ ഐസ് കട്ടകളുടെ മേലെ മൃതദേഹവും വച്ച് ആ രാത്രി മുഴുവൻ ഞങ്ങൾ പ്രിയ കൂട്ടുകാരനോടൊപ്പം ഉറക്കമിളച്ചിരുന്നു. അലിഞ്ഞു തീരുന്ന ഓരോ ഐസ് കട്ടകൾക്കും പകരമൊരെണ്ണം തേടി ഓടുന്ന കൂട്ടുകാരും.

പിറ്റേദിവസം രാവിലെ അലങ്കരിച്ച ഒരു ചെറിയ ലോറിയിൽ മൃതദേഹം കയറ്റി ക്യാമ്പസിനോട് യാത്ര പറഞ്ഞ് ഏകദേശം 35 കിലോമീറ്റർ അകലെയുള്ള ഭുവനേശ്വർ വിമാനത്താവളത്തിലേക്ക് തിരിച്ചു. തലേദിവസം തന്നെ അന്ന് അഭിമുഖീകരിക്കാൻ സാധ്യതയുള്ള ഒരു പ്രശ്നം മുൻകൂട്ടി കാണുകയും അതിന്റെ പരിഹാരം തേടുകയും

ചെയ്തിരുന്നു. മൃതദേഹം കൊണ്ടുപോകാനുള്ള ശവപ്പെട്ടി അന്നാട്ടിൽ കിട്ടാനില്ലായിരുന്നു. തുണിയിൽ പൊതിഞ്ഞു ദഹിപ്പിക്കുന്നിടത്തേക്കോ ഖബറിസ്ഥാനിലേക്കോ കൊണ്ടുപോവുകയായിരുന്നു അവിടത്തെ രീതി. ആ പ്രശ്നത്തിന് പരിഹാരമായി പ്ലൈവുഡ് കൊണ്ട് ഒരു വലിയ ശവപ്പെട്ടി രാത്രിതന്നെ ഞങ്ങൾ ഉണ്ടാക്കിച്ചിരുന്നു. നാട്ടിലെത്താൻ ഇനിയും 24 മണിക്കൂറിലേറെ ഉള്ളതിനാൽ മൃതദേഹം കഴിയുന്നത്ര കേടാ



കാതിരിക്കാൻ ഞങ്ങൾ ശ്രമിച്ചു. ഭുവനേശ്വർ വിമാനത്താവളത്തിലേക്ക് പോകുന്ന വഴിയിൽ നിറുത്തി ശവപ്പെട്ടിയുടെ ബാക്കി പണികൾ ഞങ്ങൾ ആരംഭിച്ചു. ഉൾഭാഗം മുഴുവൻ പ്ലാസ്റ്റിക് കൊണ്ട് പൊതിഞ്ഞു. കട്ടക്കിലെയും ഭുവനേശ്വറിലെയും എല്ലാ മെഡിക്കൽ സ്റ്റോറുകളും കയറിയിറങ്ങി ഐസ് പാക്കുകൾ ശേഖരിച്ചു. അതുകൊണ്ട് പെട്ടിയുടെ അടിഭാഗം നല്ല കട്ടിയിൽ പൊതിഞ്ഞു. അതിന്റെ മുകളിൽ പ്രിയ സുഹൃത്തിന്റെ ചേതനയറ്റ ശരീരം വച്ചു. പിന്നീട് ഇരു വശങ്ങളിലും മുകളിലും ഐസ് പാക്കുകൾ നിറച്ചു പെട്ടി അടച്ചു.

കസ്റ്റംസ് പരിശോധന പൂർത്തിയാക്കി ഞങ്ങൾ വിമാനത്തിൽ കയറി. ആദ്യ വിമാനയാത്ര എല്ലാവർക്കും സന്തോഷകരമായ ഓർമയാണെങ്കിൽ എന്റെ ഒരിക്കലും ഓർമിക്കാൻ ആഗ്രഹിക്കാത്ത ആദ്യ വിമാനയാത്ര..! ചെന്നൈയിൽ എത്തുമ്പോൾ വിമാനത്താവളത്തിലെ മോർച്ചറിയിൽ മൃതദേഹം സൂക്ഷിക്കാനുള്ള സൗകര്യംഏർപ്പെടുത്തിയിട്ടുണ്ടെന്ന് കൂടെ വന്ന സർക്കാർ പ്രതിനിധികൾ ഞങ്ങളോട് പറഞ്ഞു.

ഏകദേശം അഞ്ചര മണിയോടെ ഞങ്ങൾ ചെന്നൈ വിമാനത്താവളത്തിൽ ഇറങ്ങി. അവിടെ അരുണിന്റെ അമ്മയുടെ ഒരു പൂർവവിദ്യാർഥിയായ ഡോ. അഭിലാഷ് കാത്തുനിന്നിരുന്നു. മരണം സംഭവിച്ചിട്ട് അപ്പോഴേക്കും ഏകദേശം 24 മണിക്കൂർ കഴിഞ്ഞിരിക്കുന്നു. എംബാമിങ് നടത്താൻ പറ്റാത്തതിനാലും ശരിയായ രീതിയിൽ മൃതദേഹം സൂക്ഷിക്കാൻ കഴിയാത്തതിനാലും ഞങ്ങൾ വലിയ ആകുലതയിലായിരുന്നു. ശീതീകരണ സംവിധാനം ഒരുക്കിയിട്ടുണ്ട് എന്ന ഒറീസ്സ സർക്കാർ പ്രതിനിധിയുടെ വാക്ക് വിശ്വസിക്കാൻ പറ്റുമോ എന്ന് ഞങ്ങൾക്ക് സന്ദേഹവും ഉണ്ടായിരുന്നു. അതുകൊണ്ട് ഹോട്ടലിലേക്ക് പോകാതെ വിമാനത്താവളത്തിലെ കാർഗോടെർമിനൽ വരെ ഒന്നുപോയി നോക്കാൻ തീരുമാനിച്ചു. ആദ്യമൊന്നും അധികൃതർ ഞങ്ങളുടെ അപേക്ഷ കേട്ടില്ല. പിന്നീട് കാര്യങ്ങൾ എല്ലാം വിശദമായി ധരിപ്പിച്ചപ്പോൾ ഒന്നു കയറി നോക്കാൻ അനുവാദം തന്നു. മോർച്ചറിയിൽ സൂക്ഷിച്ചിരുന്ന മൃതദേഹങ്ങളുടെ പട്ടികയിൽ അരുണിന്റെ പേര് കാണാതായപ്പോൾ വീണ്ടും പോയി ചോദിച്ചു. മറുപടി അക്ഷരാർഥത്തിൽ ഞങ്ങളെ ഞെട്ടിച്ചു. അന്താരാഷ്ട്ര വിമാനങ്ങളിൽ കൊണ്ടുവരുന്ന മൃതദേഹങ്ങൾ മാത്രമേ മോർച്ചറിയിൽ സൂക്ഷിക്കാനാകൂവെന്നും ഡൊമസ്റ്റിക് വിമാനങ്ങളിൽ കൊണ്ടുവരുന്ന മൃതദേഹങ്ങൾക്ക് ആ പരിഗണനയില്ലയെന്നുമാണ് അവരുടെ മറുപടി. ഒറീസ്സ സർക്കാർ ഞങ്ങൾക്ക് തന്ന ഉറപ്പിനെപ്പറ്റി ചോദിച്ചപ്പോൾ അവർ നിങ്ങളെ തെറ്റിദ്ധരിപ്പിക്കുകയായിരുന്നു എന്നുപറഞ്ഞുകൊണ്ട് അയാൾ തന്റെ ജോലി തുടർന്നു.

പാരാവാരം പോലുള്ള ആ കാർഗോ ടെർമിനൽ വന്നു കിടക്കുന്ന അനേകായിരം ചരക്കുകൾക്കിടയിൽ ഞങ്ങൾ ഞങ്ങളുടെ പ്രിയപ്പെട്ട കൂട്ടുകാരന്റെ മൃതദേഹം അടങ്ങിയ നാടൻ ശവപ്പെട്ടി തിരഞ്ഞു നടന്നു. അവസാനം ഒരു മൂലയ്ക്ക് ഞങ്ങളത് കണ്ടുപിടിച്ചു. ഏപ്രിൽ മാസത്തെ ചെന്നൈയിലെ കൊടും ചൂടിൽ അവനു തണുപ്പേകിയിരുന്ന ഐസ് ഉരുകി ആ ശവപ്പെട്ടിക്ക് ചുറ്റും വെള്ളം കെട്ടി കിടന്നു. അതിനുള്ളിൽ കിടന്ന് അവനും കരയുകയാണോ എന്ന് തോന്നിപ്പോയി. ആ വെള്ളത്തിൽ ഞങ്ങടെ ചൂട് കണ്ണുനീരും കലർന്നു.

തർക്കിച്ചിട്ട് കാര്യം ഇല്ലാത്തതിനാലും കളയാൻ സമയമില്ലാത്തതിനാലും അതിനു മിനക്കെട്ടില്ല. ഇങ്ങനെ വച്ചാൽ മൃതദേഹം കേടാകുമെന്നു മനസ്സിലാക്കി പിറ്റേദിവസം പോയാൽ മതി എന്ന തീരുമാനം മാറ്റി. എത്രയും പെട്ടെന്ന് നാട്ടിലേക്ക് തിരിക്കണമെന്ന് തീരുമാനിച്ചു. ഡോ. അഭിലാഷിന്റെ സഹായത്താൽ ചെന്നൈയിൽ നിന്നും ഫ്രീസർ സൗകര്യമുള്ള ഒരു ആംബുലൻസ് സംഘടിപ്പിച്ചു. മൃതദേഹം വിട്ടുകിട്ടാനുള്ള കടലാസു കെട്ടുകൾ ഒപ്പിട്ടു നൽകി. ഞങ്ങളെല്ലാവരും കൂടി മൃതദേഹം പെട്ടിയിൽ നിന്നും ഫ്രീസറിലേക്ക് മാറ്റി. അങ്ങനെ മരിച്ചു ഏകദേശം 28 മണിക്കൂറിനുശേഷം ആ ശരീരത്തിന് ലഭിക്കേണ്ട സ്വാഭാവിക നീതി ലഭിച്ചു. ബാക്കി വന്ന ശവപ്പെട്ടി കാർഗോ ടെർമിനലിൽ തന്നെ കളയാൻ ശ്രമിച്ചപ്പോൾ തൊഴിലാളികൾ ചീത്ത പറഞ്ഞു. ചെന്നൈ വിമാനത്താവളത്തിൽ ഉപേക്ഷിക്കപ്പെട്ട നിലയിൽ ശവപ്പെട്ടി കണ്ടെത്തിയെന്നത് മാധ്യമങ്ങൾക്ക് ആഘോഷിക്കാൻ പറ്റിയ ഒരു തലക്കെട്ട് ആണെന്ന് ഓർത്തായിരുന്നു അവരുടെ എതിർപ്പ്. ആ ശവപ്പെട്ടിയും അങ്ങനെ ഞങ്ങൾ ആംബുലൻസിൽ കയറ്റി. ഏകദേശം എട്ടര മണിയോടെ വീണ്ടും യാത്ര തുടർന്നു. ചെന്നൈ നഗരം പിന്നിട്ടതിനുശേഷം രാത്രിയിലെപ്പോഴോ തമിഴ്നാട്ടിലെ ഏതോ കുഗ്രാമത്തിൽ ആ ശവപ്പെട്ടി ഞങ്ങൾ ഉപേക്ഷിച്ചു.

നിത്യമായ ഉറക്കത്തിലായിരുന്ന സുഹൃത്തിനൊപ്പം രണ്ടാം രാത്രിയും ഉറക്കമൊഴിഞ്ഞ് ഞങ്ങൾ യാത്ര ചെയ്തു. ചെന്നൈയിൽ നിന്നും പുനലൂർ വരെ. വീട് അടുക്കാറായപ്പോൾ അരുണിന്റെ ബന്ധുക്കളെ വിളിച്ചു. ആളുകൾ നിറഞ്ഞു നിൽക്കുന്ന വീട്ടിൽവച്ചു മൃതദേഹം ഫ്രീസറിൽ നിന്നും മാറ്റാൻ പറ്റുന്ന സാഹചര്യം അല്ലാതിരുന്നതിനാൽ അടക്കം ചെയ്യേണ്ട ശവപ്പെട്ടിയുമായി ഞങ്ങൾ വരുന്ന വഴിയിലേക്ക് വരാൻ നിർദേശിച്ചു. ചെങ്കോട്ട-പുനലൂർ വഴിയിൽ തണലേകി നിന്നിരുന്ന ഒരു പടുകൂറ്റൻ മരത്തണലിൽവച്ച് അവർ കൊണ്ടുവന്ന മനോഹരമായ ഒരു ശവമഞ്ചത്തിലേക്ക് അവനെ ഞങ്ങൾ മാറ്റിക്കിടത്തി.

വിവരിക്കാനാവാത്തവിധം ദുഃഖം നിറഞ്ഞു നിന്ന ആ വീട്ടിൽ വളരെ കുറച്ചു സമയം മാത്രമേ ആ മൃതദേഹം സൂക്ഷിക്കാൻ സാധിച്ചുള്ളൂ. കണ്ണുനീർ നിറഞ്ഞ കണ്ണിലൂടെ അവ്യക്തമായി കണ്ട അന്ത്യകർമങ്ങൾ ഇപ്പോൾ ഓർമയിലും അവ്യക്തം. സംസ്കാര ചടങ്ങിനെത്തിയ ദയയുടെ മടിയിൽ തല വച്ച് കണ്ണുനീർ നനവിൽ ഉറങ്ങി ഞാനും നാട്ടിലേക്ക് തിരിച്ചു. ഒരിക്കലും ഓർക്കാൻ ആഗ്രഹിക്കാത്ത ഒരു യാത്ര. ഒരിക്കലും മറക്കാൻ കഴിയാത്തതും ||



ടോണി ചിറ്റടിയിൽ, ആലപ്പുഴ

# പുതുജീവിതത്തിലേക്ക്

ഓഗസ്റ്റുമാസച്ചൂടിലെ ഉച്ചയ്ക്ക് ഒരുമണി നേരം. അധികമാരും കടന്നുവരാത്ത, ദേവാലയത്തിന്റെ മുകൾ നിലയിലെ ഒരു ഇടുങ്ങിയ ഒഴിഞ്ഞ ഇടനാഴി. കിളിവാതിലുകളിലൂടെ വരുന്ന ശക്തമായ വെളിച്ചം വെണ്മയേറിയ മാർബിൾ നിലത്തു പ്രതിബിംബങ്ങൾ സൃഷ്ടിക്കുന്നുണ്ടായിരുന്നു. പ്രാർഥനയും മേൽനോട്ടക്കാർ നേരത്തെ തന്ന കർശന നിർദേശവും സൃഷ്ടിച്ച നിശ്ശബ്ദതയിൽ തന്റെ നീളമേറിയ ശരീരവുമായി, എളിമയോടെ തോളുകൾ അൽപം താഴ്ത്തി അദ്ദേഹം കയറി വന്നു. ഒരു പുരോഹിതൻ...!

വാർധക്യം കടന്നുവന്ന, കർക്കശമേറിയ മുഖത്ത് എവിടെയൊക്കെയോ അൽപം കുസൃതിയും ഒളിപ്പിച്ചുവച്ചിരുന്നു. കഷണ്ടി കയറിയ തലയിലെ പിൻഭാഗത്തെ ചുരുണ്ട മുടിയിഴകളെ നിയന്ത്രിക്കാതെ വളരാൻ അനുവദിച്ചിരിക്കുന്നു. പുത്തൻ സ്പോർട്സ് ഷൂ ആറടിക്കുമേൽ വീണ്ടും ഉയരം വർധിപ്പിക്കുന്നു. ലാറ്റിൻ ആരാധനക്രമത്തിൽ ഉപയോഗിക്കുന്ന നീളൻ കുപ്പായങ്ങൾ എടുത്തണിഞ്ഞു അദ്ദേഹം ദിവ്യപൂജ ആരംഭിച്ചു. തന്റെ ശബ്ദകയറ്റിറക്കങ്ങൾ കൊണ്ട് ആ ബലിയിലേക്ക് ജനത്തെ ആകർഷിച്ചു നിറുത്തുന്നുണ്ടായിരുന്നു. അൽപം നീണ്ടു നിന്ന കുർബാന പലർക്കും അനേകം ചോദ്യങ്ങൾ സമ്മാനിച്ചാണ് അവസാനിച്ചത്.

ദിവ്യബലിക്കു ശേഷമായിരുന്നു അദ്ദേഹത്തിന്റെ ശരിക്കുമുള്ള രംഗപ്രവേശം. തന്നെ ആകാംഷപൂർവം നോക്കുന്ന കാണികളോട് വളരെ വേഗം വൃത്താകൃതിയിൽ ഇരിക്കുവാൻ കൽപിച്ചു. ഇടവിട്ടിരിക്കുന്നവരെ ശ്രദ്ധയിൽപ്പെട്ടപ്പോൾ അൽപം അമ്പരപ്പിച്ചു രസിക്കാമെന്ന് കരുതിയാവാണം അദ്ദേഹം ഓർമിപ്പിച്ചു: "ഇടകൊടുക്കുന്നിടങ്ങളിൽ 'അവൻ' കയറിയിരിക്കും." നോക്കിയും കണ്ടും വിവേകത്തോടെ ജീവിച്ചില്ലെങ്കിൽ തിന്മ നമ്മളെ കീഴ്പെടുത്തും എന്നുദ്ദേശിച്ചായിരിക്കണം അച്ചനങ്ങനെ പറഞ്ഞത്. വീണ്ടും പ്രേക്ഷകർ നിശ്ശബ്ദമായപ്പോൾ അദ്ദേഹം അത്യന്തം നാടകീയമായി തന്റെ നീളൻ വസ്ത്രങ്ങൾ പറത്തി കൈകൾ തുഴഞ്ഞ് ഒരറ്റത്തുനിന്ന് മറ്റേ അറ്റത്തെക്കു നടന്നു. ഇങ്ങേയറ്റത്തെത്തിയപ്പോൾ ശബ്ദമുയർത്തി പെട്ടെന്ന് തിരിഞ്ഞുനിന്നുകൊണ്ട് പറഞ്ഞു: "ഞാൻ നിങ്ങൾക്ക് തരുന്ന അഭിഷേകം വെറുതെയാകരുത്." കൗതുകത്താൽ ഉള്ളിലുയർന്ന മന്ദഹാസം ഞാനൊതുക്കി. അദ്ദേഹം തന്റെ കറുത്ത കണ്ണടകൾക്ക് മുകളിലൂടെ നോക്കി. പിന്നെ വിവരിച്ചു, താൻ എങ്ങനെ ഒരു പുരോഹിതനായിയെന്ന്, തന്റെ അമ്മയുടെ വിശ്വാസത്തെക്കുറിച്ച്, സ്ത്രീധനപ്പെട്ടിയിൽ അവസാനം വച്ചുകെട്ടിയ പ്രാർഥന പുസ്തകങ്ങളെപ്പറ്റി, ഓരോ കാര്യങ്ങൾ പറയുമ്പോഴും വാർധക്യം പടികടന്നെത്തിയ ആ മനുഷ്യനിൽ പുതിയൊരു ഊർജം കടന്നുവരുന്നത് ഞാൻ കണ്ടു. പുതിയൊരു മിഷണറിയെ, മറ്റൊരു തോമയെ, പൗലോസിനെ, അല്ലെങ്കിൽ ഒരു ഫ്രാൻസിസ് സേവ്യറിനെ കണ്ടെത്തിയതിലുള്ള സന്തോഷമാകാം.

ഉടനെയെന്റെ ചിന്തകൾ ബാല്യകാലത്തിലേക്ക് പാഞ്ഞു. കുട്ടികളുടെ സംഘടനകളിലും വേദപാഠ ക്ലാസ്സുകളിലും വച്ചുതന്നെ ഉള്ളിൽതട്ടുന്ന വിധം ഈശോയെ അനുഭവിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ! ഞങ്ങളുടെ അധ്യാപകർക്കും ഗുരുക്കന്മാർക്കും എന്തേ അത്തരത്തിൽ ഞങ്ങൾക്ക് ഈശോയെ തരുവാൻ കഴിയാതെ പോയത്. അങ്ങനെയായിരുന്നെങ്കിൽ ആ ചെറുപ്രായം മുതലേയുള്ള ജീവിതയാത്രയുടെ ഗതി മറ്റൊന്നായേനെ. അന്നേരം മനസ്സിൽ മറ്റൊരു വചനം കയറി വന്നു. 'അവിടന്ന് അവനെ മരുഭൂമിയിൽ, ശൂന്യത ഓരിയിടുന്ന മണലാരണ്യത്തിൽ കണ്ടെത്തി; അവനെ വാരിപ്പുണർന്നു, താത്പര്യപൂർവം പരിചരിച്ച് തൻെറ കണ്ണിലുണ്ണിയായി സൂക്ഷിച്ചു (നിയമാവർത്തനം 32, 10). വചനം കേട്ട് ഞാനാശ്വസിച്ചു.

ശക്തമായ പ്രാർഥനകൾക്കുശേഷം ആ പുരോഹിതൻ അഭിഷേകകർമം ആരംഭിച്ചു. ഞാൻ മുട്ടിന്മേൽ നിന്ന് തൊട്ടുമുന്നിലുള്ള വരെ നോക്കി, അവരെല്ലാം കണ്ണടച്ച്, ശിരസ്സു നമിച്ചു നിൽക്കുകയായിരുന്നു. അദ്ദേഹം പ്രാർഥനകൾ ചൊല്ലി എന്റെ ശിരസ്സിലും കുരിശു വരച്ചു കടന്നു പോയി. എല്ലാവരും എഴുന്നേറ്റു നടന്നു. ഞാൻ പുറത്തെ മരുഭൂമിയിൽ മനസ്സിനെ മേയാൻ വിട്ടു അൽപ നേരം അവിടെ നിശ്ചലമായിനിന്നു. അങ്ങകലെ മരുപ്പച്ചകൾ കാണാമായിരുന്നു. അതിൽ ജലമുണ്ട്. അനേകർ അതിൽ മുങ്ങിനിവരുന്നു. ചിലർ തൊട്ടരികത്തെ ആ മരുപ്പച്ചകൾ കാണാനാവാതെ മടങ്ങുന്നു. ആരോ വന്നു വിളിച്ചപ്പോൾ വീണ്ടും ആൾ കൂട്ടത്തിലേക്ക്, പുതിയ ചിന്തകളുമായി പുതിയ ബോധ്യങ്ങളുമായി ഞാനും നടന്നു. ജീവിക്കാൻ പ്രേരിപ്പിക്കുന്ന, ധൈര്യം നൽകി കൂടെനിൽക്കുന്ന കർത്താവിനെ കണ്ടുമുട്ടിയ കരുത്തുമായി പുതുജീവിതത്തിലേക്ക്.

ഞാൻ നിങ്ങൾക്ക് തരുന്ന അഭിഷേകം വെറുതെയാകരുതെന്ന് അച്ചൻ മുമ്പേപറഞ്ഞ വാക്കുകളുടെ അർഥം അന്നേരമെനിക്ക് ശരിക്കും മനസ്സിലായി. ഞാൻ പങ്കെടുത്ത ആ ധ്യാനപരിപാടിയുടെ അവസാനസമയം ഇത്തരം സ്വപ്നസമാനമായ ചിന്തകളിലൂടെയാണ് ഞാൻ കടന്നുപോയത് ॥



# കൂടുതൽ കാര്യക്ഷമതയോടെ നിങ്ങൾക്കൊപ്പം

കെയ്റോസിന്റെ യാത്രയിൽ പല രീതിയിൽ സഹായസഹകരണങ്ങൾ നൽകിക്കൊണ്ടിരിക്കുന്ന എല്ലാവർക്കും ആത്മാർഥമായി നന്ദി അറിയിക്കുന്നു. മാസികയുടെ വിതരണവുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ സന്തോഷപൂർവം അറിയിക്കട്ടെ.

വിതരണത്തിനായി സാധാരണ ചെയ്യുന്നതുപോലെ, തപാൽ വഴി അയക്കുന്ന മാസികകൾ ആർക്കെങ്കിലും കിട്ടാതിരിക്കുന്നുണ്ടെങ്കിൽ, അക്കാര്യം ശ്രദ്ധയിൽപ്പെടുത്തുന്നവർക്കും അഞ്ചോ അതിൽ കൂടുതലോ കോപ്പികൾ ഓർഡർ ചെയ്യുന്നവർക്കും രജിസ്റ്റേർഡായി മാസിക അയക്കുന്നുണ്ട്. അപ്പോൾ കിട്ടുന്ന ട്രാക്കിംഗ് ഐഡി ഉപയോഗിച്ച് മാസിക ലഭിക്കുന്നുണ്ട് എന്ന ഉറപ്പുവരുത്തുവാനും കഴിയുന്നു.

വിതരണവുമായി ബന്ധപ്പെട്ട്, ഓഫീസിൽ നടക്കുന്ന അഡ്രസ് പ്രിന്റിംഗ്, ലേബലിങ്ങ്, സോർട്ടിങ്ങ്, പാക്കിങ്ങ് എന്നീ പ്രവർത്തനങ്ങൾ കൈകൊണ്ട് ചെയ്യുമ്പോൾ ഉണ്ടാകാറുള്ള പിശകുകൾ പരിഹരിക്കുന്നതിനും ഇക്കാര്യങ്ങളെല്ലാം കമ്പ്യൂട്ടർ അധിഷ്ഠിതമായി ചെയ്ത് മികച്ച സേവനം ഉറപ്പുവരുത്തുന്നതിനുമായി, തപാൽ മേഖലയിലെ സേവനങ്ങളെക്കുറിച്ചും പ്രവർത്തനരീതികളെക്കുറിച്ചും ആഴമായ പരിജ്ഞാനവും അനുഭവസമ്പത്തുമുള്ള പുതിയൊരു ഏജൻസിയുടെ സഹായത്തോടെയാണ് മാസിക ഇപ്പോൾ വിതരണം നടത്തിവരുന്നത്.

പ്രിന്റ് ചെയ്തു ഓഫീസിലെത്തുന്ന മാസിക വായനക്കാരുടെ കൈകളിലേക്ക് എത്തുന്നതുവരെയുള്ള എല്ലാ കാര്യങ്ങളും കാര്യക്ഷമമായി നടത്തുകയാണ് ഇതിലൂടെ ലക്ഷ്യം വയ്ക്കുന്നത്. തുടർന്നും നിങ്ങൾ ഏവരുടെയും സഹകരണം അഭ്യർഥിച്ചുകൊണ്ട് ഏവർക്കും പുതിയൊരു വായനാനുഭവത്തിന്റെ നാളുകൾ ആശംസിക്കുന്നു.

ചീഫ് എഡിറ്റർ

Online (Malayalam)

Online (English)

Print (Malayalam, English, Buds)



ഫമിലിയ / ഫാമിലികഫേ



സുജമോൾ ജോസ്, എറണാകുളം

# അവൾ പറയാൻ

പറയാൻ ബാക്കിവച്ചത് ഒരു പെൺകുട്ടി പറഞ്ഞു തീർത്തപ്പോൾ ലോക മനഃസാക്ഷി വിറങ്ങലിച്ചു നിന്നു. ലോകത്തിലെ ഏറ്റവും വലിയ വംശഹത്യ നടന്ന റുവാണ്ടയിൽ നിന്നുമാണ് ആ പെൺകുട്ടിയുടെ കഥ ആരംഭിക്കുന്നത്. 1994ലാണ് റുവാണ്ടയിൽ രണ്ട് പ്രബല ഗോത്ര വിഭാഗങ്ങൾ തമ്മിലുള്ള ഏറ്റുമുട്ടൽ ആരംഭിച്ചത്. ഏപ്രിൽ ഏഴിന് ആരംഭിച്ച ആ ആഭ്യന്തര കലാപം അവസാനിച്ചത് ജൂലൈ 15നാണ്. ടുട്സി വംശജരും ഹുട്ടു വംശജരും തമ്മിലുണ്ടായ ഈ ഏറ്റുമുട്ടലിൽ ലക്ഷക്കണക്കിന് ആളുകൾ കൊല്ലപ്പെട്ടു. ഏതാണ്ട് 100 ദിവസത്തോളം നീണ്ടുനിന്ന ഈ കലാപത്തിനിടെ 91 ദിവസം ചെറിയൊരു ടോയ്‌ലറ്റിനുള്ളിൽ ഒമ്പത് സ്ത്രീകളോടൊപ്പം നിന്ന് കഴിച്ചുകൂട്ടിയ ഒരു പെൺകുട്ടിയാണ് പറയാൻ ബാക്കി വച്ചത് പറഞ്ഞു തീർത്തത്. ഇമ്മാക്കുലീ ഇലിബഗിസാ (Immaculee Ilibagiza) ആണ് ആ പെൺകുട്ടി.

തന്റെ മാതാപിതാക്കൾക്കും സഹോദരങ്ങൾക്കുമൊപ്പം കളിച്ചും ചിരിച്ചും സന്തോഷത്തോടെ ഇമാക്കുലി ജീവിച്ചുവരവെയാണ് ലോക മനഃസാക്ഷിയെ ഞെട്ടിച്ച ആഭ്യന്തര കലാപം അവളുടെ നാട്ടിൽ പൊട്ടിപ്പുറപ്പെട്ടത്. ആ കലാപവും അതിജീവനവും വിവരിക്കുന്ന അവളുടെ ആദ്യ പുസ്തകമാണ് Left to tell (പറയാൻ ബാക്കി വച്ചത്). ഇമ്മാക്കുലീയുടെ രണ്ട് സഹോദരങ്ങളും മാതാപിതാക്കളും കൊല്ലപ്പെട്ടിട്ടും ഇമ്മാക്കുലീയും വിദേശത്ത് പഠിക്കുന്ന അവളുടെ ഒരു സഹോദരനും മാത്രം രക്ഷപ്പെട്ടു.

ഹുട്ടു വംശജർ തങ്ങളെ കൂട്ടത്തോടെ കൊന്നൊടുക്കുമെന്നറിഞ്ഞ ഇമ്മാക്കുലീയുടെ മാതാപിതാക്കൾക്ക് എങ്ങനെയും രക്ഷപ്പെടണമെന്ന് ആഗ്രഹമുണ്ടായിരുന്നു. എന്നാൽ, അത് സാധ്യമല്ല എന്നു മനസ്സിലാക്കി തങ്ങളിൽ ഒരാളെങ്കിലും രക്ഷപ്പെടണമെന്ന ആഗ്രഹത്തോടെ തങ്ങളുടെ എതിർ ഗോത്രമായ ഹുട്ടു വിഭാഗത്തിൽപ്പെട്ട തന്റെ ഒരു പഴയ ചങ്ങാതിയുടെ വീട്ടിലേക്ക് ഇമ്മാക്കുലീയെ പറഞ്ഞയക്കാൻ വീട്ടുകാർ തീരുമാനിച്ചു. യാത്രയിൽ പിടിക്കപ്പെട്ടാൽ ആ നിമിഷം മകൾ വധിക്കപ്പെടും എന്നറിഞ്ഞിട്ടും ആ കുടുംബം അങ്ങനെ ഒരു സാഹസത്തിന് തയ്യാറായി. അവളുടെ രക്ഷയ്ക്ക് ഉതകുന്ന ആയുധങ്ങളൊന്നും തങ്ങളുടെ കൈവശം ഇല്ലായെന്ന് അറിയാമായിരുന്ന ആ മാതാപിതാക്കൾ നിന്റെ രക്ഷയ്ക്കായി ഞങ്ങൾക്ക് ചെയ്യാവുന്നത് ഇതു മാത്രമാണെന്ന് പറഞ്ഞ് കൈവശമുള്ള ഒരു ജപമാല ഇമ്മാക്കുലീയുടെ കൈയിൽ വച്ചുകൊടുത്തു. ആ ജപമാലയുമായി രാത്രിയുടെ മറപറ്റി വിങ്ങുന്ന ഹൃദയത്തോടെ അവൾ യാത്രയായി. രക്തച്ചൊരിച്ചിൽ നടക്കുന്ന ആ തെരുവുകളിലൂടെ നടന്ന് ഇമ്മാക്കുലീ അത്ഭുതകരമായി തന്റെ ലക്ഷ്യസ്ഥാനത്ത് എത്തിച്ചേർന്നു.


തന്റെ വംശത്തിൽ പെട്ട ആളുകളെ ഭയന്ന് ആദ്യമൊക്കെ അവളെ സ്വീകരിക്കാൻ പിതാവിന്റെ സുഹൃത്ത് തയ്യാറായില്ലെങ്കിലും പിന്നീട് അവളെ സ്വീകരിച്ചു. വീടിനുള്ളിലെ ഒരു ടോയ്‌ലറ്റിൽ അവൾക്ക് അയാൾ അഭയം നൽകി. ടോയ്‌ലറ്റിന്റെ വാതിൽ പുറത്തുനിന്നും ആരുടെയും ശ്രദ്ധയിൽപ്പെടാതിരിക്കാൻ വലിയൊരു അലമാര അതിന്റെ മുൻപിൽ അദ്ദേഹം പിടിച്ചിട്ടു. നാലടി നീളവും മൂന്നടി വീതിയും മാത്രമുള്ള ആ ടോയിലറ്റിനുള്ളിൽ അവളെ കൂടാതെ വേറെ ഒമ്പത് സ്ത്രീകൾ കൂടി ഉണ്ടായിരുന്നു. നേരെചൊവ്വേ ഇരിക്കാനും കിടക്കാനും അവർക്ക് സാധിച്ചിരുന്നില്ല. എപ്പോഴും ശത്രുക്കൾ കയറിയിറങ്ങി നടന്ന വീടായിരുന്നതിനാൽ അവർക്ക് സമയത്ത് ഭക്ഷണം എത്തിച്ചു കൊടുക്കാനും അദ്ദേഹത്തിന് സാധിച്ചിരുന്നില്ല. വല്ലപ്പോഴും ലഭിക്കുന്ന ഭക്ഷണം കഴിച്ച് ബാത്റൂമിലെ പൈപ്പിൽ നിന്ന് വെള്ളവും കുടിച്ച് ഒരേ നിൽപ്പിൽ അവർ കഴിച്ചുകൂട്ടിയത് 91 ദിവസമാണ്. മനുഷ്യന് ചിന്തിക്കാനാവാത്ത അവസ്ഥ. അവളുടെ കൂടെയുണ്ടായിരുന്ന ഓരോരുത്തരായി മാനസികമായും ശാരീരികമായും തളർന്നു തുടങ്ങി. എന്നാൽ, ഇമാക്കുലി സാധിക്കുന്ന സമയമത്രയും ജപമാല ചൊല്ലിയും മറ്റുള്ളവരെ ആശ്വസിപ്പിച്ചും അവർക്ക് പ്രത്യാശ പകർന്ന് അവരുടെ ജീവൻ നിലനിറുത്തി.

ഒടുവിൽ കലാപം അവസാനിച്ചു. ഇമ്മാക്കുലീയും കൂട്ടുകാരും പുറംലോകത്തേക്ക് വന്നു. താനും വിദേശത്ത് പഠിക്കുന്ന സഹോദരനുമൊഴിച്ച് കുടുംബത്തിലുള്ളവരെല്ലാം നിഷ്കരുണം കൊലചെയ്യപ്പെട്ടു എന്ന സത്യം അപ്പോഴാണ് അവളറിയുന്നത്. 91 ദിവസത്തെ പ്രാർഥനയും അതിജീവനവും അവളെ മറ്റൊരു വ്യക്തിയാക്കി മാറ്റിയിരുന്നു. അവൾ ആദ്യം ചെയ്തത് തന്റെ കുടുംബത്തെ കൂട്ടക്കുരുതി കഴിച്ച വ്യക്തികളോട് താൻ ക്ഷമിച്ചിരിക്കുന്നു എന്ന് പ്രഖ്യാപിക്കുകയായിരുന്നു. പിന്നീട് അവൾ അമേരിക്കയിലേക്ക് താമസം മാറ്റി. ദൈവവിശ്വാസത്തിന്റെ കരം പിടിച്ച് താൻ അതിജീവിച്ചതിനെക്കുറിച്ച് അടുത്ത പുസ്തകം അവൾ എഴുതി (Lead by faith). തുടർന്നും ധാരാളം പുസ്തകങ്ങൾ അവൾ രചിക്കുകയുണ്ടായി. ഇന്ന് വിവിധ പ്രതിസന്ധികളിലൂടെ കടന്നു പോകുന്ന ആളുകളെ പ്രത്യാശയിലേക്ക് നയിച്ചുകൊണ്ട് ഇമാക്കുലി ജീവിക്കുന്നു. ലോകത്തെ അറിയപ്പെടുന്ന മോട്ടിവേഷണൽ സ്പീക്കറും എഴുത്തുകാരിയുമാണ് ഇമാക്കുലി ഇന്ന്.

പ്രശ്നങ്ങളിലും പ്രതിസന്ധികളിലും കാലിടറി വീഴുമ്പോൾ നമുക്ക് ഇമ്മാക്കുലീയെ ഓർക്കാം. പ്രചോദനം ഉൾക്കൊള്ളാം. ഇമാക്കുലിയെ പോലെ ക്ഷമിച്ച്, സ്നേഹിച്ച്, പ്രത്യാശയോടെ ജീവിക്കാം ||

# ബാക്കി വച്ചത്






**അവളുടെ രക്ഷയ്ക്ക് ഉതകുന്ന ആയുധങ്ങളൊന്നും തങ്ങളുടെ കൈവശം ഇല്ലായെന്ന് അറിയാമായിരുന്ന ആ മാതാപിതാക്കൾ നിന്റെ രക്ഷയ്ക്കായി ഞങ്ങൾക്ക് ചെയ്യാവുന്നത് ഇതു മാത്രമാണെന്നുപറഞ്ഞ് കൈവശമുള്ള ഒരു ജപമാല ഇമ്മാക്കുലീയുടെ കൈയിൽ വച്ചുകൊടുത്തു.**




# ന്യൂസ് ഹൈലൈറ്റ്സ്

കഴിഞ്ഞ ദിവസങ്ങളിലെ വാർത്തകളുടെ പുനർവായനയ്ക്കായി ഈ കോളം നോക്കാം. മറ്റു പ്രസിദ്ധീകരണങ്ങളിലെ ശ്രദ്ധേയമായത് ശ്രീ. സണ്ണി കോക്കാപ്പിള്ളിൽ തെരഞ്ഞെടുത്ത് അവതരിപ്പിക്കുന്നു.



## ചാൾസ് രാജാവിന്റെ ആദ്യപ്രസംഗം വൈറൽ

ക്രിസ്തീയ വിശ്വാസത്തിന്റെ വേരുകൾ സംരക്ഷിക്കാൻ താൻ പ്രതിജ്ഞാബദ്ധനാണെന്നു ചാൾസ് രാജാവ് പ്രസ്താവിച്ചു. പതിറ്റാണ്ടുകൾ രാജ്ഞിയായിരുന്ന എലിസബത്ത് റാണിയുടെ മരണശേഷം അധികാരമേറ്റെടുത്ത ചാൾസ് രാജാവാണ് തന്റെ ആദ്യ പ്രസംഗത്തിൽ ഇക്കാര്യം വ്യക്തമാക്കിയത്. പാരമ്പര്യത്തിലും ക്രൈസ്തവ സംസ്ക്കാരത്തിലും അടിയുറച്ചുനിന്നുകൊണ്ട് തന്റെ കർത്തവ്യം നിർവഹിക്കുമെന്നുള്ള രാജാവിന്റെ പ്രസംഗം ഏറെ പ്രാധാന്യത്തോടെയാണ് ലോകം ശ്രവിച്ചത്.

## പെരുകുന്ന ലഹരിക്കെണികൾ

ഇന്ന് കേരളമനുഭവിക്കുന്ന ഏറ്റവും വലിയ ദുരന്തമാണ് ലഹരി മാഫിയയുടെ അഴിഞ്ഞാട്ടം. ഓരോ ദിവസവും ലഹരിക്കടത്തുകാരെ പിടിക്കുന്നു. എന്നിട്ടും ലഹരിയുടെ ഒഴുക്കിനു കുറവൊന്നുമില്ല. ചിലപ്പോൾ പ്രണയക്കെണികളും ലഹരിക്കെണികളും പരസ്പരബന്ധിതമായി മാറുന്നു. അനേകം കൗമാരക്കാരുടെ തകർച്ചയ്ക്കു കാരണമായ ഈ വിഷയത്തെപ്പറ്റിയും അതിന്റെ പരിഹാര മാർഗങ്ങളെയും കുറിച്ച് ഷെക്കെയ്ന ന്യൂസിൽ സെപ്റ്റംബർ 10-ന് പ്രക്ഷേപണം ചെയ്ത 'ഫയർ റൂം' എന്ന പരിപാടി ചർച്ച ചെയ്യപ്പെടുന്നു.



## ഒരു ചെറിയ തിരുത്ത് - ഷോർട്ട് ഫിലിം

സന്യാസത്തെപ്പറ്റി ആക്ഷേപങ്ങൾ ധാരാളമായി കടന്നു വരുന്ന കാലമാണിത്. അവർക്കുള്ള മറുപടിയാണ് 'ഒരു ചെറിയ തിരുത്ത്' എന്ന ഷോർട്ട് ഫിലിം. ഒരു ജീസസ് യൂത്ത് ആയ ഡോ. ഡിനു ആൻ ഡൊമിനിക് നായികയായി സി. സെബി എം.എസ്.എം.ഐ. നിർമിച്ച ഈ പടം സന്യസ്തർക്കെതിരെയുള്ള അപവാദങ്ങൾക്ക് ശക്തമായ മറുപടിയാണ്.






## പരസ്യങ്ങൾ അസംബന്ധങ്ങൾ

പരസ്യങ്ങളുടെ അസംബന്ധങ്ങളെപ്പറ്റിയും അതുവഴി ഒരുത്പന്നം വിപണിമൂല്യം കണ്ടെത്തുന്നത് എങ്ങനെയെന്നും വിശദമായി പ്രതിപാദിക്കുന്ന ജോയ് നായരമ്പലത്തിന്റെ ലേഖനം സെപ്റ്റംബർ 8-ലെ സത്യദീപത്തിൽ വായിക്കാവുന്നതാണ്. പരസ്യത്തെ അന്ധമായി വിശ്വസിക്കുന്നവരാണ് മലയാളികൾ. ശരീരപുഷ്ടിക്കും സൗന്ദര്യ വർധനവിനും യൗവനം നിലനിറുത്തുന്നതിനും തുടങ്ങി മനുഷ്യനുമായി ബന്ധപ്പെടുന്ന ഏതു കാര്യത്തിനും പരസ്യങ്ങൾ വഴി പരിഹാരമുണ്ട്. കുട്ടികൾക്ക് ബുദ്ധിയുണ്ടാകാൻ, ഉയരം വയ്ക്കാൻ എന്നു തുടങ്ങി നിരവധി ഉത്പന്നങ്ങൾ പരസ്യങ്ങളിലൂടെ വിറ്റഴിക്കപ്പെടുന്നു. പരസ്യവിപണി മലയാളിക്കു ഒരു കെണിയായി മാറുന്നു എന്നതാണു യാഥാർഥ്യം. www.sathyadeepam.org/coverstory/advrtmrkt



## ഇടയലേഖനങ്ങൾ ചർച്ച ചെയ്യപ്പെടുമ്പോൾ


2021 സെപ്റ്റംബർ 8-ാം തിയതി പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് പുറപ്പെടുവിച്ച ഇടയലേഖനം ഏറെ ചർച്ച ചെയ്യപ്പെട്ടതാണ്. അന്ന് അതിനെതിരെ അതിശക്തമായ ആക്ഷേപമുയർന്നിരുന്നു. അതിൽ പറഞ്ഞ സത്യത്തെ ഉൾക്കൊള്ളാൻ പലർക്കും കഴിയാതെപോയി. എന്നാൽ, 2022 സെപ്റ്റംബർ 8-ന് തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത മാർ ജോസഫ് പാംപ്ലാനി ഇറക്കിയ ഇടയലേഖനം പൊതുസമൂഹത്തിൽ വലിയ ചർച്ചയായി. മൂന്നു കാര്യങ്ങൾ പ്രത്യേകമായി ഇതിൽ പ്രതിപാദിച്ചിട്ടുണ്ട്. പ്രണയത്തിലകപ്പെട്ട് ജീവിതം തകർന്നുപോയ പെൺകുട്ടികളെക്കുറിച്ചുള്ള ആകുലത, ഭവനരഹിതരുടെ പ്രശ്നപരിഹാരം, സ്വന്തം ഭവനത്തിലേക്ക് വഴിയില്ലാത്തതിനാൽ അവരനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ തുടങ്ങിയവയൊക്കെ ഇടയലേഖനത്തിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും ആദ്യത്തെ വിഷയമാണ് പൊതുസമൂഹം ഏറ്റുപിടിച്ചത്. അടുത്ത നാളിൽ 800-ഓളം ഭവനരഹിതർക്ക് അതിരൂപത വീടു പണിതു കൊടുത്തു. ഇനിയും 700-ഓളം പേർ ഭവനരഹിതരായി അതിരൂപതയിലുണ്ട്. അടുത്ത കാലത്തിറങ്ങിയ ഏറ്റവും മനുഷ്യബന്ധിതമായ ഈ ഇടയലേഖനം മുഴുവനായി വായിക്കേണ്ടതാണ്.

## പുതിയ സ്കൂൾ പാഠ്യ പദ്ധതി

പുതിയ സ്കൂൾ പാഠ്യ പദ്ധതിയെപ്പറ്റി ചിന്തിക്കുന്ന കാലമാണിത്. നിലവിലെ സിലബസിലുള്ള പോരായ്മകൾ വിദഗ്ധർ ചൂണ്ടിക്കാണിക്കുന്നുണ്ട്. ഓരോ പാഠഭാഗത്തിൽനിന്നും കുട്ടിക്കും നാടിനും ഗുണമുണ്ടാകണം. സമൂഹത്തിനും രാഷ്ട്രത്തിനും ഉപയോഗപ്പെടുന്ന രീതിയിലായിരിക്കണം പാഠ്യപദ്ധതിക്ക് രൂപം നൽകേണ്ടത്. കുട്ടികളിൽ കരുണ, സാമൂഹിക പ്രതിബദ്ധത, പാരിസ്ഥിതിക അവബോധം, സേവനമനോഭാവം, ഉത്തരവാദിത്വ ബോധം എന്നീ മൂല്യങ്ങൾ വളർത്തിയെടുക്കാനുള്ള പ്രവർത്തനം സ്കൂൾ തലത്തിൽ ഉണ്ടാകണം. എൻ.സി.സി., ജൂനിയർ റെഡ്ക്രോസ്, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് തുടങ്ങിയ സംഘടനകൾ ചെറിയൊരളവു സഹായിക്കുന്നുണ്ടെങ്കിലും മുഴുവൻ വിദ്യാർഥികളുടെയും ഭാഗഭഗിത്വം ഇതിലില്ല. ഭക്ഷണക്രമത്തെപ്പറ്റിയും ലൈംഗികതയെക്കുറിച്ചും ആരോഗ്യപരമായ അറിവല്ല കുട്ടികൾക്കുള്ളത്. ഫാസ്റ്റ്ഫുഡ് നല്ലതാണെന്നാണ് 90 ശതമാനം കുട്ടികളും കരുതുന്നത്. ഇത്തരം വിഷയങ്ങളെപ്പറ്റി സാമാന്യം നല്ല ഒരു വിശദീകരണം സെപ്റ്റംബർ 14-ലെ ദീപിക ദിനപത്രത്തിലെ സമീക്ഷ പേജിലുണ്ട്.



# ജീസസ് യൂത്ത് വിചിന്തനം




ഉത്ഥിതനായ യേശു ശിഷ്യർക്കു നൽകിയ വേർപിരിയൽ സന്ദേശത്തിൽനിന്നാണ് ഇക്കുറി ലോക മിഷൻ ദിനത്തിന്റെ പ്രമേയം ഫ്രാൻസിസ് പാപ്പ തെരഞ്ഞെടുത്തിരിക്കുന്നത്. വൈകാരികമായി ആഴമേറിയതും യേശുവിനു തന്റെ ശിഷ്യരോടുള്ള അടുപ്പം വ്യക്തമാക്കുന്നതുമായ വാക്കുകളാണവ. “പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി പ്രാപിക്കും; ജെറുസലേമിലും യൂദയാ മുഴുവനിലും സമരിയായിലും ഭൂമിയുടെ അതിർത്തികൾ വരെയും നിങ്ങൾ എനിക്കു സാക്ഷികളായിരിക്കും.”

ഇതിലെ കേന്ദ്രഭാഗം - ‘നിങ്ങൾ എനിക്കു സാക്ഷികളായിരിക്കും’ എന്നത് ഓരോ മിഷണറിയും ക്രിസ്തുവും തമ്മിലുള്ള ബന്ധത്തെ ഓർമിപ്പിക്കുന്നു. നാം ഈ ലോകത്തിലെ അവന്റെ പ്രതിനിധികളാണ്! സഭയുടെ സേവനത്തിലുള്ള ഒരു മിഷണറി മുന്നേറ്റത്തിന്റെ ഭാഗമെന്ന നിലയിൽ, ലോകത്തിൽ യേശുവിന്റെ സന്ദേശവാഹകരാനുള്ള ഈ വ്യക്തിപരമായ നിയോഗം നമ്മുടെ ജീവിതത്തിന്റെ ഡിഎൻഎ (DNA) ആയിരിക്കണം. എന്നിരുന്നാലും, ഈ ദൗത്യം നാം ഒറ്റയ്ക്കോ സ്വന്തം ഇഷ്ടത്താലോ അല്ല, മറിച്ച് സഭാ സമൂഹവുമായുള്ള കൂട്ടായ്മയിൽ ഒരുമയോടെ നിർവഹിക്കണമെന്ന് മാർപാപ്പ ഓർമിപ്പിക്കുന്നു. ചില പ്രത്യേക സാഹചര്യങ്ങളിൽ ഒരു വ്യക്തി ഒറ്റയ്ക്ക് സുവിശേഷ ദൗത്യം നിർവഹിക്കുന്ന സന്ദർഭങ്ങളിൽ പോലും, തന്നെ നിയോഗിച്ച സഭയുമായുള്ള കൂട്ടായ്മയിലാണ് അതു ചെയ്യേണ്ടത്. ഒരു ശിഷ്യനെ യേശു ലോകത്തിലേക്ക് അയയ്ക്കുന്നത് ഈ ദൗത്യം നിർവഹിക്കാൻ മാത്രമല്ല, എല്ലാറ്റിനുമുപരിയായി അതേ ദൗത്യം ജീവിക്കാനുമാണ്. ഒരു തരത്തിൽ ഇത് വാക്കും പ്രവൃത്തിയും തമ്മിലുള്ള സമന്വയം ആവശ്യപ്പെടുന്നു. അതുകൊണ്ട്, സുവിശേഷവത്കരണത്തിൽ ക്രിസ്തീയ ജീവിതമാതൃകയും പ്രഘോഷണവും അഭേദ്യമാണ്.

ഉയർത്തെഴുന്നേറ്റ കർത്താവിനെക്കുറിച്ചുള്ള വ്യക്തിപരമായ അറിവിനനുസരിച്ചു മാത്രമേ നമുക്ക് സാക്ഷ്യം നൽകാൻ കഴിയൂ. ക്രിസ്തുവുമായുള്ള നമ്മുടെ അടുപ്പത്തിന്റെ ഒരു സ്വാഭാവികമായ കവിഞ്ഞൊഴുകൽ ആയിരിക്കണം നമ്മുടെ പ്രഘോഷണം.

നാം ജെറുസലേമിലും യൂദയാ മുഴുവനിലും സമരിയായിലും ഭൂമിയുടെ അതിർത്തികൾ വരെയും അവന്റെ സാക്ഷികളായിരിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു. ഒരു സാക്ഷി എന്നാൽ അത് ദൃക്സാക്ഷി / കോടതിയിലെ സാക്ഷി / ഒരു ദൂതൻ അല്ലെങ്കിൽ മരണം വരിക്കുന്ന രക്തസാക്ഷി ഒക്കെ ആകാം. എന്നാൽ, ഇവിടെ പരാമർശിക്കുന്ന സ്ഥലങ്ങളുടെ പ്രാധാന്യം എന്താണ്? ജെറുസലേമും യൂദയായും സമരിയായുമൊന്നും നമ്മിലധികം പേർക്കും ചെന്നെത്താനാകുന്ന സ്ഥലങ്ങളല്ലല്ലോ. അതിനാൽ അവയെ നമ്മുടെ മിഷണറി ദൗത്യത്തിന്റെ വിവിധ തലങ്ങളായി മനസ്സിലാക്കാം. ക്രിസ്തു സാക്ഷ്യത്തിന്റെ ആദ്യതലം നമ്മുടെ സ്വന്തം കുടുംബത്തിലും ബന്ധുജനങ്ങൾക്കിടയിലും അയൽപക്കങ്ങളിലും സുഹൃത്തുക്കൾക്കിടയിലും ആയിരിക്കണം. നമ്മുടെ കുടുംബവുമായും അടുത്ത സഹപ്രവർത്തകരുമായും യേശുവിനെ പങ്കിടാനായില്ലെങ്കിൽ നമുക്ക് യേശുവിന്റെ യഥാർഥ സാക്ഷിയാകാൻ കഴിയില്ല. നമ്മുടെ ദൗത്യം ആരംഭിക്കേണ്ടത് ജറുസലേമിൽ നിന്നാണ് എന്നു പറയുന്നതിന്റെ അർഥം ഇപ്പോൾ കുറച്ചുകൂടെ വ്യക്തമാണ്.

ദൗത്യത്തിന്റെ അടുത്തഘട്ടം നമ്മുടെ കുടുംബത്തിന്റെയും സുഹൃത്തുക്കളുടെയും വലയത്തിനപ്പുറമുള്ള പ്രഘോഷണവും സാക്ഷീകരണവുമാണ്. നമ്മുടെ സാഹചര്യത്തിൽ, അത് ജീസസ് യൂത്ത് വേദികളിലും അതോടൊപ്പം നാം ജോലി ചെയ്യുന്നതോ പഠിക്കുന്നതോ ആയ സ്ഥലങ്ങളിലും എന്ന് അർഥമാക്കാം. ഇതാണ് യൂദയാ മുഴുവനിലുമുള്ള സാക്ഷ്യം വഹിക്കൽ. അങ്ങനെയെങ്കിൽ നമ്മുടെ സ്വച്ഛതയിൽ നിന്ന് (comfort

## തുറവിയുള്ള മനസ്സുവേണം

ഈയൊരു വിചിന്തനത്തിലൂടെ കടന്നുപോയപ്പോൾ, എല്ലാ കാര്യങ്ങളിലും പ്രാർഥനാപൂർവവും തുറവിയോടെയുമുള്ള ഒരു മനസ്സുണ്ടാകണമെന്നും ദൈവത്തിന്റെ മുമ്പിൽ എപ്പോഴും 'ഇതാ ദൈവമേ' എന്നുള്ള ഒരു മനോഭാവത്തോടെയാണ് ഞാൻ ആയിരിക്കേണ്ടതെന്നും എനിക്ക് മനസ്സിലായി.

ഞാൻ ജീസസ് യൂത്ത് ഫുൾടൈമർഷിപ്പ് എടുക്കുന്ന സമയത്ത് കാസർഗോഡ് ആയിരുന്നു എനിക്ക് കിട്ടിയ സ്ഥലം. അതിനുമുമ്പ് ഞാൻ അവിടെ പോയിട്ടില്ലായിരുന്നു. കോവിഡിന്റെ ആ നാളുകളിൽ കൂടുതൽ സമയം വീടിനകത്തുതന്നെ ആയിരുന്നതിനാൽ മുൻപ് ഫുൾടൈമേഴ്സ് ആയിരുന്നവർ അവരുടെ അനുഭവങ്ങൾ പങ്കുവയ്ക്കുന്നത് കേട്ടപ്പോൾ എനിക്കും അങ്ങനെയൊക്കെ ചെയ്യണമെന്നും പ്രവർത്തിക്കണമെന്നും അതിയായ ആഗ്രഹമുണ്ടായി. ഒരിക്കൽ ഒരു പയ്യൻ എന്നെ ഫോണിൽ വിളിച്ചു. അവനോട് സംസാരിക്കുന്നതിനിടയിൽ എന്റെ ദൈവാനുഭവം പങ്കുവയ്ക്കാൻ ഉള്ളിലൊരു പ്രേരണയുണ്ടായി. ഞാനത് പറഞ്ഞുകഴിഞ്ഞപ്പോൾ അവനും വലിയ ആഗ്രഹമായി. ചേട്ടൻ എങ്ങനെയാണ് ജീസസ് യൂത്തിൽ ചേർന്നത് എന്നൊക്കെ ചോദിക്കുകയും വലിയ താത്പര്യം പ്രകടിപ്പിക്കുകയും ചെയ്തു.

അതിനുശേഷം എനിക്ക് മനസ്സിലായ ഒരു കാര്യം ഞാൻ വീട്ടിലോ മറ്റെവിടെയായിരുന്നാലും ഒരു മിഷൻ സ്പിരിറ്റോടു കൂടെ ദൈവത്തെ പങ്കുവയ്ക്കാനും സാക്ഷ്യപ്പെടുത്താനുമൊക്കെയുള്ള സാധ്യത എനിക്കുചുറ്റും ഒരുപാട് ഉണ്ടെന്നുള്ളതാണ്. ഈ തിരിച്ചറിവിലും ബോധ്യത്തിലും ജീവിക്കാനായി പ്രാർഥിക്കുകയും പരിശ്രമിക്കുകയും ചെയ്യുന്നു.

*അശ്വിൻ സി. ജോസഫ്, കൂനമ്മാവ്*

## സാക്ഷ്യം, തീക്ഷ്ണതയോടെ

തീർച്ചയായിട്ടും ഞാൻ ഒരാത്മശോധന നടത്തേണ്ടത് അത്യാവശ്യമാണെന്നാണ് ഈ റിഫ്ളക്ഷൻ വായിച്ചപ്പോൾ തോന്നിയത്. ദൈവം നൽകുന്ന പരിശുദ്ധാത്മ ചൈതന്യം ദൈവത്തിന്റെ തന്നെ ശക്തിയാണെന്നും അങ്ങനെ ദൈവത്തെ പോലെ തന്നെ ജീവിക്കേണ്ട ഒരാളാണ് ഞാനെന്നും ആ കാര്യത്തിൽ ഒരു പരിശോധന വേണമെന്നുമാണ് തോന്നിയത്.

എന്റെ അപ്പച്ചനെയാണ് എനിക്ക് ഇപ്പോൾ ഓർമ വരുന്നത്. വാർക്കപ്പണിക്കാരനായിരുന്നു അപ്പച്ചൻ. ശനിയാഴ്ചവരെ പണിക്ക് പോകുകയും ഞായറാഴ്ച മുഴുവൻ സമയവും ദൈവിക കാര്യങ്ങൾക്കുമായി മാറ്റിവയ്ക്കുകയും ചെയ്യുമായിരുന്നു. ആത്മീയ കാര്യങ്ങളിലൊക്കെ ഓരോ സന്ദർഭങ്ങളിലും എന്തുവേണം എന്തുവേണ്ട എങ്ങനെ ചെയ്യണം എന്നൊക്കെ വ്യക്തമായ നിർദേശങ്ങൾ നൽകുമായിരുന്നു. അതുകൊണ്ടൊക്കെ ആയിരിക്കണം ഇപ്പോൾ ആത്മീയ വഴികളിലൂടെ പോകുമ്പോൾ നല്ല രീതിയിൽ മുന്നോട്ടു പോകുവാൻ എനിക്കും സാധിക്കുന്നത്.

എനിക്ക് കിട്ടിയിരിക്കുന്ന കഴിവുകളും അനുഗ്രഹങ്ങളും വച്ചുനോക്കുമ്പോൾ മറ്റുള്ളവർക്ക് ഈശോയെ പകർന്നു നൽകുന്നതിൽ ഞാനിപ്പോഴും പിന്നിലാണെന്നാണ് ഈ വിചിന്തനത്തിലൂടെ കടന്നുപോകുമ്പോൾ എനിക്ക് മനസ്സിലാകുന്നത്. ദൈവസ്നേഹത്തെ മറ്റുള്ളവരിലേക്ക് തീക്ഷ്ണതയോടെ പകരുന്നതിലും സാക്ഷ്യപ്പെടുത്തുന്നതിലും ഞാൻ കുറെക്കൂടി പ്രാപ്തനാകേണ്ടതുണ്ട്. അതുകൊണ്ട് ഞാൻ ഒരു സ്വയം പരിശോധനയിലൂടെയും പൂർവാധികം ശക്തിയോടും കൂടെ ഇക്കാര്യങ്ങളിൽ ശ്രദ്ധിക്കേണ്ടത് അത്യാവശ്യമാണെന്ന് എനിക്കു തോന്നി.

*വിൻസെന്റ് ജോസ്, ആലുവ*

zone) പുറത്തേക്കുകടക്കാനുള്ള ആഹ്വാനമല്ലേ സമരിയ നൽകുന്നത്? ഈ ഘട്ടം കൂടുതൽ ധൈര്യവും അഭിനിവേശവും ആവശ്യപ്പെടുന്നു. ഇവിടെ നമ്മുടെ ഭയത്തിനും പരിമിതികൾക്കും ഉൾവലിയലുകൾക്കുമപ്പുറം പോകേണ്ടതുണ്ട്. ഹൃദയത്തിൽ നാം അനുഭവിക്കുന്ന ആനന്ദം പങ്കുവയ്ക്കാനുള്ള താത്പര്യവും പരിശുദ്ധാത്മാവിന്റെ നിറവും നമ്മെ ഇതിനായി പ്രാപ്തരാക്കുന്നു.

കർത്താവിനെ സാക്ഷീകരിക്കുന്നതിലെ നാലാമത്തെയും അവസാനത്തെയും തലം കർത്താവിനും അവന്റെ ദൗത്യത്തിനുമുള്ള സമ്പൂർണ സമർപ്പണവും ദൈവരാജ്യം പ്രഘോഷിക്കുന്നതിനുള്ള സംലഭ്യതയുമാണ്. ഈ ഘട്ടത്തിൽ ഒന്നും നമ്മെ ക്രിസ്തുവിന്റെ സ്നേഹത്തിൽനിന്നു വേർപെടുത്തുകയില്ല (റോമ 8, 35). നാം ഈ ഘട്ടത്തിലേക്ക് പുരോഗമിക്കുമ്പോൾ, നാം യേശുവിന്റെ യഥാർഥ സന്ദേശവാഹകരാകും. നാം ചെയ്യുന്നതോ പറയുന്നതോ ആയ എന്തും യേശുവിന്റെ സുഗന്ധം പുറപ്പെടുവിക്കുകയും അതിർത്തികൾ വരെയും നാം യേശുവിന്റെ സാക്ഷികളായിത്തീരുകയും ചെയ്യും. 'ഭൂമിയുടെ അതിർത്തികളിലേക്ക്' സഞ്ചരിക്കാൻ ശാരീരികമായി വിളിക്കപ്പെടുന്നവർ ചുരുക്കമാണെങ്കിലും ആധുനിക സാങ്കേതികവിദ്യ നമുക്ക് പരിധികളില്ലാത്ത അവസരങ്ങൾ നൽകുന്നുണ്ട്.

ഈ മിഷണറി മാസം ഓരോ ജീസസ് യൂത്തിനെയും സ്വപ്നം കാണാനും യഥാർഥ മിഷണറി മുന്നേറ്റത്തിനായി അധ്വാനിക്കാനും വെല്ലുവിളിക്കുന്നു. നാം ഇടപെടുന്ന എല്ലാറ്റിലും എല്ലായിടത്തും സുവിശേഷത്തിനായി മിടിക്കുന്ന ഹൃദയത്തോടെ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ കത്തിജ്വലിക്കുന്ന മിഷൻ തീഷ്ണത പ്രവഹിക്കട്ടെ. നമ്മുടെ ഭവനങ്ങളിലും കലാലയങ്ങളിലും ജോലിസ്ഥലങ്ങളിലും ക്രിസ്തുവിന്റെ 'സുഗന്ധം' സംവഹിക്കുന്നതിന് നമുക്ക് ഗുരുവിനോട് അടുത്തിരിക്കാം.' നിങ്ങൾ എനിക്കു സാക്ഷികളായിരിക്കും' എന്ന ക്രിസ്തുവിന്റെ ശബ്ദം നമ്മിൽ പ്രതിധ്വനിച്ചുകൊണ്ടിരിക്കുമ്പോൾ നമ്മളും നമ്മളിലൂടെ മറ്റുള്ളവരും തീർച്ചയായും അനുഗ്രഹീതരാകും.

***ഫാ. ഷൈജൻ ജോബ് എസ്.ഡി.ബി.***

*ഏഴാം ബാച്ച് ഫുൾടൈമർ. നിലവിൽ സൗത്ത് സുഡാനിലെ വാഉ (Wau) ആസ്ഥാനമായുള്ള ഡോൺ ബോസ്കോ മിഷൻ റെക്ടറായി സേവനം ചെയ്യുന്നു. ജീസസ് യൂത്ത് ഇന്റർനാഷനൽ മിഷൻ ടീമിന്റെ ചാപ്ലെനുമാണ്.*




സാജൻ സി. എ

# ആൽഫ

ബ്യൂട്ടിഫുൾ ആൻഡ് സ്പെക്ടാകുലർ സർവൈവൽ മൂവി എന്ന് ഒറ്റവാക്കിൽ വിശേഷിപ്പിക്കാവുന്ന ചിത്രമാണ് 2018ൽ റിലീസായ ആൽഫ. ചിത്രം ഇഷ്ടപ്പെടാനും പ്രേക്ഷകഹൃദയങ്ങളിൽ ഇടംനേടാനും കാരണങ്ങൾ ഏറെയാണ്. അക്ഷരാർഥത്തിൽ നല്ലൊരു ദൃശ്യവിരുന്നാണ് ഈ ചിത്രം എന്നതിൽ സംശയമില്ല. അഭിനയത്തികവിന്റെ കാര്യത്തിലും കണ്ണുകൾക്കു മുമ്പിൽ ത്രസിപ്പിക്കുന്ന വിസ്മയം തീർക്കുന്ന ഛായാഗ്രഹണത്തിന്റെ കാര്യത്തിലും ഒരുപാട് നിരൂപക ശ്രദ്ധ നേടിയ ചിത്രം കൂടിയാണിത്.

ആൽബർട്ട് ഹ്യൂസ് സംവിധാനം ചെയ്തിരിക്കുന്ന ചിത്രത്തിന്റെ കഥയും നിർമാണവും അദ്ദേഹം തന്നെയാണ് നിർവഹിച്ചിരിക്കുന്നത്. മൂവി ക്രൂവിനെ മുഴുവൻ പേരെടുത്ത് പറയേണ്ടതാണെങ്കിലും സിനിമോട്ടോഗ്രഫി കൈകാര്യം ചെയ്തിരിക്കുന്ന മാർട്ടിൻ ഷ്‌ലാച്ചേയുടെ പേര് എടുത്തു പറയാതിരിക്കാൻ കഴിയില്ല.




ഇരുപതിനായിരം വർഷങ്ങൾക്കു മുമ്പ് യൂറോപ്പിലെ ഒരു ഗോത്രവർഗത്തിനിടയിൽ നടക്കുന്ന ഒരു കഥയാണിത്. ഒരു തലമുറയുടെ പാരമ്പര്യം കാത്തുസൂക്ഷിക്കുവാനും മാതാപിതാക്കന്മാർക്ക് അഭിമാനപാത്രങ്ങളാകാനും തങ്ങളുടെ മക്കൾ സജ്ജരാകുന്നത് കാണാൻ മാതാപിതാക്കൾ വളരെയേറെ വാഞ്ചിക്കുന്നുണ്ട്. കൊടും ശൈത്യകാലം വരുമ്പോൾ അതിനെ അതിജീവിക്കുവാനായി ഭക്ഷണം ശേഖരിക്കാൻ വേട്ടയ്ക്ക് പുറപ്പെട്ടു പോകുന്ന ഒരു രീതി ഇവർക്കിടയിലുണ്ട്. വേട്ടയാടലും ഭക്ഷണ ശേഖരണവും മനുഷ്യ ചരിത്രത്തിൽത്തന്നെ ഒരു കാലഘട്ടത്തിൽ നിലനിന്നിരുന്ന ജീവിതോപാധിയായിരുന്നെന്നു നമുക്കറിയാവുന്നതാണ്.

മക്കൾ കൗമാരപ്രായമെത്തുന്നതോടെ, വേട്ടയാടലിനായി ക്ഷണിക്കുകയും അതിനായി അവരെ ഒരുക്കുകയും ചെയ്യുന്നു. ഗോത്രത്തലവനായ ടൗ തന്റെ മകനായ കേദയേയും അവന്റെ സുഹൃത്തായ കാപ്പയെയും, അവർക്കിഷ്ടമില്ലാതിരുന്നിട്ടും ഈ ദൗത്യത്തിനായി വേട്ടകൂട്ടത്തിൽ ചേർക്കുകയും അമ്പും വില്ലും കുന്തവുമൊക്കെയായി അവർ പുറപ്പെടുകയും ചെയ്യുന്നു. തുടർന്നുള്ള അവരുടെ യാത്രയും അതിനിടയിൽ സംഭവിക്കുന്ന അതിസാഹസികമായ അവരുടെ അനുഭവങ്ങളുമാണ് ചിത്രത്തിൽ നിറയുന്നത്.

വേട്ടയ്ക്കിടയിൽ കാട്ടുപോത്തുകളോട് പോരാടുവാനായി മകനെ ധൈര്യപ്പെടുത്തി മുന്നോട്ടു പറഞ്ഞു വിടുന്ന ടൗ പിന്നീട് കാണുന്നത് പോരാട്ടത്തിനിടയിൽ തന്റെ മകനായ കേദയെ കാട്ടുപോത്ത് കൊമ്പിൽ തൂക്കി കൊക്കയ്ക്കരിയിലേക്ക് പായുന്നതാണ്. നിർഭാഗ്യവശാൽ കാട്ടുപോത്ത് കേദയെ കൊക്കയിലേക്ക് വലിച്ചെറിയുകയും



പാറകളിൽ തട്ടി താഴേക്ക് പതിക്കുന്ന കേദ ആകാശത്തിനും ഭൂമിക്കുമിടയിൽ പാറക്കെട്ടുകൾക്കിടയിലെ ഒരൽപം പരന്ന ഭാഗത്ത് വീണുപോകുകയാണ്. രക്ഷിക്കുവാനായി പിതാവായ ടൗ കൊക്കയിലേക്ക് ചാടാൻ ശ്രമിക്കുന്ന രംഗം കാണുമ്പോൾ പിതൃപുത്ര ബന്ധത്തിന്റെ ഊഷ്മളത ഒരു നൊമ്പരമായി സൂചിമുനപോലെ ഹൃദയത്തെ തൊടും. കൂട്ടത്തിലുള്ളവർ ടൗവിനെ പിടിച്ചു കയറ്റുകയും മരണത്തിലേക്ക് വീണുപോയ തന്റെ മകനെപ്രതി ദുഃഖിക്കുന്ന അദ്ദേഹത്തെ ആശ്വസിപ്പിക്കുകയും ചെയ്യുന്നുണ്ട്. തുടർന്ന്, പാറക്കെട്ടിനു മുകളിൽ ചെറിയ മനോഹരമായ കല്ലുകൾ അടുക്കിവച്ച് മകന്റെ മരണാനന്തരം ഒരു സ്മാരകം ഉണ്ടാക്കി വയ്ക്കുകയും ചെയ്യുന്നു. പിന്നീടവർ തങ്ങളുടെ ഗോത്രങ്ങളിലേക്ക് മടങ്ങുന്നു.


മൃതശരീരം കൊത്തിത്തിന്നാൻ വരുന്ന കഴുകന്റെ കൊത്തേറ്റപ്പോൾ മൃത പ്രായനായി കിടന്ന കേദ ചാടി എഴുന്നേൽക്കുകയും കൈവശമുണ്ടായിരുന്ന ആയുധം ഉപയോഗിച്ച് കഴുകനെ കുത്തിപ്പരിക്കേൽപ്പിക്കുകയും ചെയ്യുന്നു. പാറയിൽ തൂങ്ങിക്കിടന്ന കേദയ്ക്ക്, കൈവിട്ട് രക്ഷപ്പെടാനോ മുകളിലേക്ക് കയറാനോ വയ്യാത്ത രീതിയിൽ വീണ്ടും മരണത്തെ മുഖാമുഖം കാണുന്നു. പെട്ടെന്നാണ് കാർമേഘം ഉരുണ്ടുകൂടുന്നതും മഴ തുടങ്ങുന്നതും. മഴ പെയ്ത് വെള്ളം കുത്തിയൊലിച്ച് താഴ്‌വരയിലൂടെ അരുവിയായി ഒഴുകുമ്പോൾ പാറയിലെ പിടിവിട്ട് വെള്ളത്തിലേക്ക് ചാടി രക്ഷപ്പെടുന്ന കേദയുടെ തുടർന്നുള്ള യാത്രകളും വന്യമൃഗങ്ങളുമായുള്ള മൽപിടുത്തങ്ങളുമൊക്കെ വളരെ ഉദ്വേഗജനകമായ രംഗങ്ങളാണ്. ശക്തമായി മഞ്ഞു പെയ്യുന്ന കാലാവസ്ഥയും പ്രാണരക്ഷാർഥം അഭയം തേടുന്ന ഗുഹയ്ക്കുള്ളിലെ രംഗങ്ങളും അത്ഭുതകരമായ വിധത്തിൽ ചെന്നായയുമായി കൂട്ടുകെട്ടുണ്ടാകുന്നതും ആൽഫ എന്ന് കേദ പേരിട്ടു വിളിക്കുന്ന ചെന്നായയോടൊപ്പം തന്റെ ഗോത്രത്തിലേക്കുള്ള കേദയുടെ മടക്കയാത്രയുമൊക്കെ ആവേശകരമായും ആസ്വാദ്യകരമായും നമ്മെ രസിപ്പിക്കും.

കടിച്ചു കീറാൻ വന്ന ചെന്നായ കേദയുമായി കൂട്ടുകൂടുകയും, അതിജീവനത്തിനായുള്ള അവരുടെ സാഹസികമായ യാത്രക്കിടയിൽ കൂടെക്കൂടിയ ആൽഫ ഇടയ്ക്കുവച്ച് അർധപ്രാണനായെങ്കിലും അതിനെ മരണത്തിന് വിട്ടുകൊടുക്കാതെ തന്റെ ചുമലിലേറ്റി ഗോത്രത്തിലേക്ക് മടങ്ങിച്ചെല്ലുന്ന കേദയെ അത്ഭുതത്തോടും അഭിമാനത്തോടും കൂടെ ചേർത്തു പിടിച്ച് മാതാപിതാക്കൾശുശ്രൂഷിക്കുന്നതുമാണ് അവസാന രംഗങ്ങൾ.

**മകനെ രക്ഷിക്കുവാനായി പിതാവായ ടൗ കൊക്കയിലേക്ക് ചാടാൻ ശ്രമിക്കുന്ന രംഗം കാണുമ്പോൾ പിതൃപുത്ര ബന്ധത്തിന്റെ ഊഷ്മളത ഒരു നൊമ്പരമായി സൂചിമുനപോലെ ഹൃദയത്തെ തൊടും**

അവശനിലയിൽ കിടക്കുന്നതിനിടയിൽ ചെന്നായ് കുഞ്ഞുങ്ങളെ പ്രസവിക്കുന്ന ആൽഫയെ കാണുന്നത് വളരെ ഹൃദയസ്പർശിയായ അനുഭവമാണ് നമുക്ക് നൽകുന്നത്. പിന്നീടാണ് തന്റെ കൂടെ ഉണ്ടായിരുന്ന ആൽഫ ഒരു പെൺ ചെന്നായ ആണെന്നും കുഞ്ഞുങ്ങളെ ഉദരത്തിൽ വഹിച്ചുകൊണ്ടു തന്നെയാണ് വന്യമൃഗങ്ങളുടെ അക്രമണങ്ങളെ നേരിട്ടതും കേദയ്ക്ക് തുണയായി കൂടെ ചേരുന്നതും എന്നൊക്കെ അറിഞ്ഞപ്പോൾ കേദയ്ക്കും മാതാപിതാക്കൾക്കും എന്തെന്നില്ലാത്ത സന്തോഷവും സഹതാപവും തോന്നുന്നു. കേദയ്ക്കൊപ്പം ആൽഫയും അവളുടെ കുഞ്ഞുങ്ങളും വളർന്നു വരുന്നതും പിന്നീട് തന്റെ ഗോത്രത്തിലെ ആളുകൾ അവരുടെ സ്വന്തമായ ആ ചെന്നായ്ക്കൾക്കൊപ്പം വേട്ടയാടാൻ പോകുന്ന രംഗത്തോടും കൂടിയാണ് ചിത്രം അവസാനിക്കുന്നത്.


മുതിർന്നവർക്കും കുട്ടികൾക്കും ഒരുപോലെ ഇഷ്ടം തോന്നുന്ന ഈയൊരു ഇതിഹാസ ചിത്രം 2018ൽ, ഡിവിഡി യിലും ബ്ലൂറേയിലും ഇറങ്ങിയിരുന്നു. ഇപ്പോൾ യൂട്യൂബിൽ ലഭ്യമാണ് ||


ജൂഹി എൽസ് ജോർജ്

സിന്റോ വി. വർഗീസ്

# ബിഷപ്പ് ലൂയിസ് റെൻഡു

## (ഡിസം 9, 1789 - ഓഗസ്റ്റ് 28, 1859)

അലാസ്കയിലെ **റെൻഡു ഗ്ലേസിയർ**, അന്റാർട്ടിക്കയിലെ **മൗണ്ട് റെൻഡു** എന്നിവ ഈ ഫ്രഞ്ച് ശാസ്ത്രജ്ഞനായ കത്തോലിക്കാ ബിഷപ്പിന്റെ പേരിലാണ് അറിയപ്പെടുന്നത്. ബിഷപ്പ് ലൂയിസ് റെൻഡു ഒരു ഫ്രഞ്ച് റോമൻ കത്തോലിക്കാ ബിഷപ്പും അനസിയിലെ ഒരു ശാസ്ത്രജ്ഞനുമായിരുന്നു. റോയൽ കോളേജ് ഓഫ് ചേംബറിയിൽ ഭൗതിക ശാസ്ത്ര പ്രൊഫസറായിരുന്നു അദ്ദേഹം. കാറ്റ്, കാന്തികത, പർവതങ്ങളുടെ രൂപീകരണം, എല്ലാറ്റിനുമുപരിയായി ഹിമാനികൾ എന്നിവയെക്കുറിച്ച് നിരവധി ശാസ്ത്രീയ കൃതികൾ അദ്ദേഹം പ്രസിദ്ധീകരിച്ചു. ഗ്ലേഷ്യൽ ചലനത്തിന്റെ സംവിധാനങ്ങളെക്കുറിച്ചുള്ള ഒരു പ്രധാന പുസ്തകമായ തിയറി ഡെസ് ഗ്ലേസിയേഴ്സ് ഡി ലാ സാവോയിയുടെ (Theorie des glaciers de la Savoie) രചയിതാവാണ് അദ്ദേഹം. ഹിമാനികളെ കുറിച്ചുള്ള അദ്ദേഹത്തിന്റെ പഠനം ഒരു സുപ്രധാന ചുവടുവയ്പായാണ് കണക്കാക്കപ്പെടുന്നത്. അതുവരെ ഇതിനെക്കുറിച്ച് സംസാരിച്ചവരിൽ നിന്ന് വിഭിന്നമായി, ക്ഷമയോടെയും വിവേകത്തോടെയും അവ നിരീക്ഷിച്ചത് അദ്ദേഹം മാത്രമാണ്.



വിസ്കോസിറ്റി കൂടിയ ദ്രാവകങ്ങളുടെ പ്രവാഹങ്ങളുമായി ഹിമാനി പ്രവാഹത്തിനുള്ള സമാനതകൾ ആദ്യമായി തിരിച്ചറിഞ്ഞത് ബിഷപ്പ് റെൻഡുവും ഫോർബ്സും ആയിരുന്നു. ഹിമാനികളുടെ ചലനത്തെയും രൂപഭേദത്തെയും കുറിച്ചുള്ള ആദ്യ വിവരണങ്ങൾ 1773-ൽ ബോർഡിയർ മൂലമാണ് വിശദമാക്കപ്പെട്ടത്. എന്നാൽ, ഹിമാനികൾക്ക് വിസ്കോസ് അല്ലെങ്കിൽ പ്ലാസ്റ്റിക് സ്വഭാവത്തിന്റെ സവിശേഷതകളോടുകൂടിയ വഴക്കവും വിപുലീകരണവും ഉണ്ടെന്ന് ബിഷപ്പ് റെൻഡുവാണ് 1840-ൽ തിരിച്ചറിഞ്ഞത്. ഹിമാനികൾ ആകർഷകങ്ങളാണ്. അവയെക്കുറിച്ച് കേൾക്കാത്തവർ വിരളമായിരിക്കും. അതിനെക്കുറിച്ചു ധാരാളം പഠനങ്ങൾ ലോകമെമ്പാടും നടക്കുന്നുണ്ട്. ആഗോള താപനത്തെക്കുറിച്ചുള്ള ചർച്ചകളിൽ ഹിമാനികൾ നിരന്തരം കടന്നു വരാറുണ്ട്. ഈ ചർച്ചകൾക്കും പഠനങ്ങൾക്കും ശക്തമായ അടിത്തറ പാകിയ കത്തോലിക്കാ സഭയുടെ ഈ സംഭാവന നമ്മുടെ വിശ്വാസത്തെയും ചിന്തകളെയും കൂടുതൽ വിപുലമാക്കട്ടെ.

## Bishop Louis Rendu





വാർത്താവിചാരം

സണ്ണി കോക്കാപ്പിള്ളിൽ

# ഇവരും ഈ

മനുഷ്യൻ പക്ഷികളെപ്പോലെ ആയിരുന്നുവെങ്കിൽ ആകാശത്തു പറന്നു നടക്കാമായിരുന്നു. ചിറകടിച്ചു മടുക്കുമ്പോൾ ഏതെങ്കിലും മരക്കൊമ്പിലോ പാറപ്പുറത്തോ മണ്ണിലോ എവിടെയെങ്കിലും കാലുകുത്താം. ഏതെങ്കിലും മരത്തിൽ കൂടുകെട്ടാം. എന്നാൽ, മനുഷ്യന് ചവിട്ടാൻ മണ്ണില്ലെങ്കിൽ എന്തു ചെയ്യും? താമസിച്ചിരുന്ന ഭവനം കടലെടുത്തു പോയാൽ അവനെവിടെ ജീവിക്കും? ചിറകുണ്ടായിരുന്നെങ്കിൽ ഏതെങ്കിലും മരത്തിൽ കൂടുകൂട്ടാമായിരുന്നു. ഇതിനുത്തരം പറയേണ്ടത് വിഴിഞ്ഞത്തെ മത്സ്യത്തൊഴിലാളി സമരത്തെ കണ്ടില്ലെന്നു നടിക്കുന്നവരും വിമർശിക്കുന്നവരുമാണ്. ലക്ഷക്കണക്കിനുപേർക്ക് തൊഴിൽ കൊടുക്കുമെന്നും കേരളം സിംഗപ്പൂരായി മാറുമെന്നും തെറ്റായ പഠനം നടത്തിയ വിദഗ്ധർ ഇന്നെവിടെയാണ്? വിഴിഞ്ഞം തുറമുഖ നിർമാണത്തിലൂടെ പാരിസ്ഥിതിക നാശം ഉണ്ടാകില്ലെന്നും അങ്ങനെ സംഭവിച്ചാൽ അവരെ പുനരധിവസിപ്പിക്കാൻ ഫണ്ടു മാറ്റിവച്ചിട്ടുണ്ടെന്നും പറഞ്ഞവർ എവിടെ പോയി മറഞ്ഞു?! നിസ്സാരതുകയ്ക്ക് ഒരു തുറമുഖം സമ്പന്നനായ കോർപ്പറേറ്റു ഭീമന് അടിയറവച്ച് 40 വർഷത്തേക്ക് സ്വന്തമായി അനുഭവിക്കാൻ വീതംവച്ചു നൽകിയപ്പോൾ അതിന്റെ പിന്നാമ്പുറത്തു വസിക്കുന്നവരെ മനുഷ്യരായി കാണണമായിരുന്നു. അവരെ വികസന വിരോധികളെന്നും രാജ്യദ്രോഹികളെന്നും ചാപ്പകുത്തുമ്പോൾ തുറമുഖ നിർമാണത്തിന്റെ ഫലമായി സകലതും നഷ്ടപ്പെട്ടവരുടെ ഇന്നത്തെ അവസ്ഥയെന്തെന്നു നേരിട്ടു മനസ്സിലാക്കണമായിരുന്നു.

വിഴിഞ്ഞം തുറമുഖത്തിന്റെ ഭാഗമായുള്ള പുലിമുട്ട് 3 കിലോമീറ്റർ നീളത്തിൽ കടലിലേക്കു കെട്ടുമ്പോഴുണ്ടാകുന്ന പ്രശ്നമാണ് ഇപ്പോഴത്തെ അവസ്ഥയ്ക്കു കാരണം. കടലിന്റെ പ്രകൃതിദത്തമായ വടക്കോട്ടുള്ള ഒഴുക്കു തടസ്സപ്പെടുന്നതിനാൽ വടക്കു ഭാഗത്തുള്ള



# മണ്ണിന്റെ മക്കളാണ്

തീരം ശോഷിക്കും. ഈ ശോഷണത്തിന്റെ ഫലമായി അവിടെ സ്ഥിതിചെയ്തിരുന്ന വീടുകൾ നശിക്കുന്നു. വീടു നഷ്ടപ്പെടുന്നവർ എന്തു ചെയ്യും? വീടു നഷ്ടപ്പെട്ട നൂറുകണക്കിനു കുടുംബങ്ങളെ പാർപ്പിച്ചിരിക്കുന്നത് ഒരു സിമന്റ് ഗോഡൗണിലാണ്. മേൽക്കൂരയിലും ഭിത്തിയിലും നിലത്തുമൊക്കെ സിമന്റുപൊടി പറ്റിപ്പിടിച്ചിരിക്കുന്നു. ഓരോ കുടുംബത്തിനും ഓരോ മുറി മാത്രം മറച്ചു കൊടുത്തിട്ടുണ്ട്. ആ ഒറ്റമുറിയിൽ വേണം ഒരു കുടുംബത്തിലെ മാതാപിതാക്കളും മക്കളുമൊക്കെ കഴിയേണ്ടത്. പ്രായപൂർത്തിയായ മകൾക്ക് വസ്ത്രം മാറണമെങ്കിൽ മറ്റെല്ലാവരും മുറിക്കു പുറത്തിറങ്ങി നിൽക്കണം. ടോയ്‌ലറ്റ് സൗകര്യം പറയാതിരിക്കുകയാണു ഭേദം. അനേകം കുടുംബങ്ങൾക്ക് വൃത്തിഹീനമായ ഒരു ടോയ്‌ലെറ്റാണുള്ളത്. ഭവനത്തിലെ ഓരോ അംഗത്തിനും പ്രത്യേകമായി ശുചിമുറി ഉള്ളവരാണ് വിഴിഞ്ഞം സമരത്തെ വിമർശിക്കുന്നതെന്ന കാര്യം മറക്കരുത്.

ഏതൊരു വികസനം വരുമ്പോഴും കുറേപേർക്ക് പലതും നഷ്ടപ്പെടുമെന്നത് നേരാണ്. പക്ഷേ, നഷ്ടപ്പെടുന്നവർക്ക് ഒരു ജീവിതമില്ലേ? 2018-ലെ പ്രളയകാലത്ത് 80,000-ത്തോളം പേരെ മരണത്തിൽ നിന്നു രക്ഷപെടുത്തിയ ഒരു സമൂഹത്തോട് ഈ വിധത്തിൽ പ്രവർത്തിക്കരുത്. ഈ സമരത്തെ പൊളിക്കാൻ എന്തെല്ലാം ആക്ഷേപങ്ങളാണ് സമൂഹ മാധ്യമങ്ങളിലൂടെ ചിലർ അഴിച്ചുവിടുന്നത്! തീവ്രവാദികളുടെ പ്രേരണയുണ്ട്, വിദേശത്തുനിന്നും പണം വാങ്ങിയിട്ടുണ്ട്, ഒരു മതക്കാർക്കു മാത്രമാണു പ്രശ്നം എന്നു തുടങ്ങി നിരവധി ആരോപണങ്ങളാണ് ഓരോ ദിനവും പുറത്തുവരുന്നത്. ഭവനം നഷ്ടപ്പെട്ട് ഭൂമിയിൽ കാലുകുത്താനിടമില്ലാത്തവരോട് ഇങ്ങനെയൊക്കെയാണോ സംസാരിക്കേണ്ടത്? അവർ ശമ്പളമോ, പെൻഷനോ, ബോണസോ ഒന്നും ചോദിക്കുന്നില്ലല്ലോ. തൊഴിൽ പോലും ആവശ്യപ്പെടുന്നില്ല. അവർക്കു കിടക്കാനൊരു വീടാണു വേണ്ടത്. അവർ കടലിൽ പോയി മീൻ പിടിച്ചു ജീവിച്ചുകൊള്ളും.

അതുപോലെ മണ്ണെണ്ണയുടെ വില വർധനവ് അവർക്കു താങ്ങാനാകുന്നില്ല. മാസംതോറും കനത്ത ശമ്പളം വാങ്ങുന്ന, വീടും പുരയിടവുമുള്ളവർക്ക് ഓണം ആഘോഷിക്കാൻ ബോണസും അലവൻസുമൊക്കെ നൽകി വീണ്ടും വീണ്ടും സുഖിപ്പിക്കുന്നവർ ഒരു കാര്യം ചിന്തിക്കണം: കിടപ്പായ വിരിക്കാൻ ഇടമില്ലാത്തവരുടെ സമ്പത്തു തട്ടിയെടുത്ത് അവരെ മാറ്റിനിറുത്തിയിട്ടാണ് സർക്കാർ ജീവനക്കാരെ അധികൃതർ ഇങ്ങനെ സുഖിപ്പിക്കുന്നതെന്ന്. ഉയർന്ന വരുമാനമുള്ളവർക്കും കിറ്റു നൽകി പ്രീതി സമ്പാദിക്കുന്നവർ മത്സ്യത്തൊഴിലാളികളുടെ ന്യായമായ അവകാശങ്ങളെ ചവിട്ടി മെതിക്കാമെന്നു ചിന്തിക്കരുത്. മലപോലെ ഉയർന്നു പൊങ്ങുന്ന തിരമാലകളെ അതിജീവിക്കുന്നവർ ഭരണസിരാകേന്ദ്രത്തിനു നേരെ ഇരമ്പിയാർത്തു വന്നാൽ അതിനു തടയിടാൻ തോക്കുകൾക്കുപോലും കഴിയില്ലെന്നത് ഒരു നഗ്നസത്യമാണ്. ഇനിയും അതിന് ഇട വരാതിരിക്കട്ടെ ||



## സ്മാർട്ട് കിഡ്സ്



ചിത്രീകരണം: വെങ്കി

# സ്നേഹ സമ്മാനം

ഉച്ചഭക്ഷണം കഴിഞ്ഞ് സിസിലി ടീച്ചർ സ്കൂൾ വരാന്തയിൽ ആരെയോ അന്വേഷിച്ചു നടക്കുന്നത് രമയുടെ ശ്രദ്ധയിൽ പെട്ടു. അവൾ ടീച്ചർക്ക് അരികിലേക്കുചെന്നു. ടീച്ചർ ആരെയോ അന്വേഷിക്കുന്ന പോലുണ്ടല്ലോ? അതേ മോളെ, നമ്മുടെ ക്ലാസ്സിലെ അമിത്തിനെ കണ്ടാൽ ഞാൻ അന്വേഷിച്ചെന്ന് പറയണം. ടീച്ചർ അതുപറഞ്ഞു കഴിയവേ അവൾ തിടുക്കത്തിൽ അമിത്തിനെ അന്വേഷിച്ചു നടന്നു.

ലഞ്ച് ബ്രേക്കാണ്, കൂട്ടുകാർക്ക് നടുവിലായിരിക്കും അവൻ. ഇനി അവിടെ തന്നെ ഉണ്ടായിരിക്കുമോ ആവോ...! അന്വേഷണത്തിനിടയിൽ അവൾ ആത്മഗതം ചെയ്തു. കുറെ അന്വേഷിച്ചു നടന്ന അവൾ കൂട്ടുകാർക്കിടയിൽ കേമനായി നിൽക്കുന്ന അമിത്തിനെ കണ്ടു. അവർക്കരികിലേക്ക് ഓടിച്ചെന്ന രമ ഉച്ചത്തിൽ വിളിച്ചു, എടാ അമിത്തേ, നിന്നെ എവിടെയൊക്കെ ഞാനന്വേഷിച്ചു. നീ വേഗം വന്നേ.. സിസിലി ടീച്ചർ നിന്നെ അന്വേഷിക്കുന്നു. അവളുടെ ആവേശത്തോടെയുള്ള വിളിയിൽ കൂട്ടുകാർക്കിടയിൽ നിന്ന അമിത് അരികിലേക്കുവന്നു. അവനെ കണ്ടപാടെ അവൾ ഉച്ചത്തിൽ പൊട്ടിച്ചിരിച്ചുകൊണ്ട് പറഞ്ഞു, അമിത് നീ ഇതെന്ത് കോലമാടാ, നീ സ്കൂളിൽ വരുന്നത് തല്ലുണ്ടാക്കാനാണോ? നീ വാ, ടീച്ചർ എന്തായാലും നിന്നെയൊന്നു കാണട്ടെ.

രമ തിടുക്കത്തിൽ അമിത്തിന്റെ കൈയിൽ പിടിച്ചുവലിച്ചു. അപ്പോളേക്കും അവൻ കുതറി മാറി. അമിത്, നീ കളിയെടുക്കാതെ വന്നേ, ടീച്ചർ അന്വേഷിക്കുന്നു. അവളുടെ ശകാരത്തോടെയുള്ള വിളിയിൽ അനുസരണയുള്ള കുട്ടിയെ പോലെ വരാന്തയിലൂടെ അവൾക്കൊപ്പം അവൻ നടന്നു നീങ്ങി. നടന്നു പോകുമ്പോളും രമ അമിത്തിനോട് പറയുന്നുണ്ടായിരുന്നു, വെറുതെയല്ല, കുസൃതി കൂടിയിട്ടാ അവർ നിന്നെ ചെളി വാരിയെറിഞ്ഞ് ഈ കോലത്തിലാക്കിയത്. കഷ്ടം, സ്കൂളിൽ പഠിക്കാനാണ് വരുന്നതെന്ന ബോധമില്ലെ നിനക്ക്. നിശ്ശബ്ദനായി അവൾക്കൊപ്പം സിസിലി ടീച്ചർക്കരികിലേക്ക് പോയത് മറ്റൊന്നുംകൊണ്ട് ആയിരുന്നില്ല. അവളുടെ സംസാരം കേട്ടപ്പോൾ അവന്റെ അനുജത്തിയെയാണ് അവനോർമ വന്നത്.

ഒരു ദിവസം അമിത് അച്ഛനും അമ്മയും അനുജത്തിയും ചേർന്ന് ഒരു വിവാഹച്ചടങ്ങ് കഴിഞ്ഞു വരുന്നവഴി അവരുടെ വാഹനം ആക്സിഡന്റിൽ പെട്ടു. ആ അപകടത്തെ തുടർന്ന് അനുജത്തിയുടെ ഇടതു കാൽ മുറിച്ച് മാറ്റി, അതിനു ശേഷം ഒരു കൂടപ്പിറപ്പിന്റെ നിസ്സഹായ അവസ്ഥയും, അവളുടെ മനസ്സിന്റെ വിങ്ങലും അമിത്തിനെ വല്ലാതെ വിഷിപ്പിച്ചുകൊണ്ടിരുന്നു. അതായിരുന്നു രമ ശകാരിച്ചു വിളിച്ചപ്പോൾ പോലും അനുസരണയുള്ള കുട്ടിയായി കൂടെ പോയത്.

അവർ രണ്ടുപേരും നടന്നു സിസിലി ടീച്ചറിന്റെ അരികിലെത്തി. അവരെ കണ്ടപാടെ അമിത്തിനെ നന്നായി ഒന്ന് നോക്കിയ ശേഷം ടീച്ചർ പറഞ്ഞു, അമിത് നീ എവിടെ ആയിരുന്നു. ഇതെന്ത് കോലമാണ്, സ്കൂളിൽ വരുന്നത് പഠിക്കാനോ, മറ്റുകുട്ടികളെ തല്ല് പഠിപ്പിക്കാനോ, ടീച്ചറിന്റെ ശകാരത്തിൽ അവന്റെ തല താഴ്ന്നു. തല്ലുണ്ടാക്കിയത് ടീച്ചർ അറിഞ്ഞെന്ന് അവനു മനസ്സിലായി. അൽപം നിശ്ശബ്ദതക്ക് ശേഷം വീണ്ടും ടീച്ചർ അവനോടായി പറഞ്ഞു: ഇനി മേലിൽ ഇങ്ങനെയാവർത്തിക്കരുത്, കേട്ടല്ലോ. ഒരു മൂളൽ മാത്രം പറഞ്ഞുകൊണ്ട് അമിത് നടക്കാൻ ഒരുങ്ങി. മോനെ, അമിത് നിന്റെ അനുജത്തിക്ക് ഇപ്പോൾ എങ്ങനെയുണ്ട്. ടീച്ചറുടെ സ്നേഹത്തോടെയുള്ള വിളി അവനെ കൂടുതൽ സങ്കടപ്പെടുത്തി.

ടീച്ചർക്കരികിൽ നിന്ന് കരഞ്ഞപ്പോൾ അവന്റെ ശബ്ദമിടറി. ടീച്ചർ ഞാനിനി വഴക്കിടില്ല, നന്നായി പഠിച്ചോളാം. അനിയത്തിക്ക് സങ്കടമാണ് ടീച്ചർ. അവളുടെ ഒരു കാല് പോയപ്പോൾ മുതൽ എന്റെ രണ്ടു കാലിൽ ഒന്ന് അവളുടെയായി. അമ്മ കൂടെയുണ്ടെങ്കിലും ഞാൻ അവൾക്കരികിൽ വേണം. എന്നെക്കൊണ്ട് ആവും വിധമൊക്കെ അവൾക്കായി ചെയ്യണം. ഇതുകേട്ടുനിന്ന് ടീച്ചറുടെ കണ്ണുകളിൽ നിന്ന് കണ്ണീർ പൊഴിയുന്നത് രമ അരികിൽ നിന്നു ശ്രദ്ധിക്കുന്നുണ്ടായിരുന്നു.

ടീച്ചർക്കരികിലേക്ക് ചേർന്നുനിന്ന് രമ ചോദിച്ചു, ടീച്ചർ കരയുന്നോ.. എന്തിനാ ടീച്ചർ കരയുന്നത്? വിതുമ്പിയ മുഖത്തോടെ അവരെ രണ്ടു പേരെയും കെട്ടിപ്പിടിച്ചു ടീച്ചർ പറഞ്ഞു: എനിക്കും ഒരു സഹോദരൻ ഉണ്ടായിരുന്നു. ഒരു നാളിൽ ഇതുപോലെ ഒരാക്സിഡന്റിൽ അവനെ എനിക്ക് നഷ്ടമായി. സഹോദര സ്നേഹം എന്തെന്നും അതിലെ നിഷ്കളങ്കത, ഒത്തൊരുമ ഒക്കെ വല്ലാതെ എന്നെ വേദനിപ്പിച്ചു. ഇന്നും എന്റെയുള്ളിൽ ഒരു വിങ്ങലാണ് മക്കളെ, എന്റെ സഹോദരന്റെ ഓർമകൾ. നിങ്ങൾ രണ്ടു പേരും ഒരു നാളിൽ നല്ല നിലയിലെത്തി എന്റെ മുന്നിൽ വരണം.



കഥ: ജോസഫ് കരമനശ്ശേരി, കുവൈറ്റ്




വിവിധങ്ങളായ സന്തോഷങ്ങളും സങ്കടങ്ങളും രസങ്ങളുമൊക്കെയായി അങ്ങനെ വർഷങ്ങൾ കഴിഞ്ഞു. സ്കൂളിനോട് യാത്രപറയേണ്ട സമയമായി. എല്ലാവരും ഓരോരോ ജീവിതവഴികളിലായി പിരിഞ്ഞു. സിസിലി ടീച്ചറെ ആദരിക്കാൻ പൂർവ വിദ്യാർഥികൾ ഒരുമിച്ചു കൂടിയപ്പോൾ ഒരുനിമിഷം അമിത്ത് പഴയ കുട്ടിക്കാല ഓർമകളിലേക്ക് പോയതാണ്. കൂട്ടുകാർ വിളിച്ചപ്പോഴാണ് അമിത് തന്റെ ഓർമകളിൽ നിന്നുണർന്നത്.

പഴയ കാല കൂട്ടുകാർ ഒന്നിച്ചു കൂടിയ ധന്യ നിമിഷം ഗൃഹാതുരത്വം തുളുമ്പുന്ന ഓർമകളായി. അമിത് ടീച്ചർക്കരികിൽ ചെന്ന് പൊന്നാടയണിയിച്ച് ടീച്ചറെ ആദരിച്ചു. ടീച്ചർ കണ്ണുകൾ നിറഞ്ഞു പറഞ്ഞു: “മക്കളെ സ്കൂൾ എനിക്കു വീടായിരുന്നു. നിങ്ങൾ എന്റെ മക്കളും. ഈ പ്രായത്തിൽ എനിക്ക് നിങ്ങൾ തരുന്ന ഈ സ്നേഹം എനിക്ക് ആത്മസംതൃപ്തി നൽകുന്നു. നിങ്ങളുടെ ‘സ്നേഹ സമ്മാനം’ എന്റെ ജീവിതം ധന്യമാക്കി മക്കളെ.” എല്ലാവർക്കുമിടയിൽ നിന്ന് അമിത്തും രമയും ടീച്ചറേ കെട്ടിപിടിച്ച് പറഞ്ഞു: ഇതുപോലെ ഒരു നാളിൽ ഞങ്ങളെ ചേർത്തുനിറുത്തി ടീച്ചർ പറഞ്ഞ വാക്കാണ്, അനുഗ്രഹമാണ് ഞങ്ങളെ ഈ നിലയിൽ എത്തിച്ചത്.

നല്ല കാലങ്ങളുടെ ഭാഗ്യ സ്മരണകൾ ഉറങ്ങുന്ന വിദ്യാലയ മുറികളും ആരവം വിട്ടൊഴിയുന്ന പഴയ തലമുറയിൽ നിന്നും, വരും തലമുറക്ക് ഒരു ഓർമപ്പെടുത്തലുമായി നല്ലൊരു സ്നേഹ സമ്മാനം...!



# ചിരിയും ചിന്തയും



കാർട്ടൂൺ: ജോയ്സ് കെ.ജോസ്



KAIROS **Buds**

# Holy Habits

## Make this All Saints' Day special by dressing up as your favourite Saint!

Inviting all children to Kairos Buds Holy Habits.

## How does it work?

### 1. Dress up
Children are to dress up as their favourite saint on Oct 31 or Nov 01.

### 2. Click
Take a photo or a 30-second short video.

### 3. Post
Post the photo/video on Instagram or Facebook with hashtags #kairosbuds and #kairosbudsholyhabits. Tag kairosbuds as well.

### 4. Share
Share the post URL and details with us via Holy Habits webpage.



**Open for all children aged 14 and below.**

Best entries will get a surprise gift from Kairos Buds

https://www.jykairosmedia.org/holy-habits

RNI No.KERMAL/2002/12027, Postal Registered No. KL/EKM/734/2022-24, Date of publication: 01/10/2022, ₹50.00




Printed Published by Reji J. Karot on behalf of Kairos Trust Chevayur P.O., Kozhikode-673017, Kerala. Printed at Sterling Print House (P) Ltd. , Door No.49/1849, Ponekkara- Cheranalloor Road, AIMS, Ponekkara P.O, Kochi-682 041 Cell: 98479 00555. Place of Publication Kairos, 8/174, Navodaya Studio Complex, Thengod P.O, Kakkanad, Ernakulam – 682 030. Editor Adv. K.J. Johnson, Kunnathuparambil (H), P.O. Vellangallur, Thrissur 680 662